# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 9 പേജുകൾ 52 ഡിസംബർ 2022



- സഹൃദയ സദസ്സ്
- പംക്തികൾ
- കഥ, കവിത

## കെ കെ എസ് സ്മരണ

പി. സലിംരാജ്

കെകെഎസ് തളിക്കുളം




മുഖചിത്രം:
**കെ കെ എസ് തളിക്കുളം**


ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി
റയൻ ജോസഫ്


# എഡിറ്റേഴ്സ് പേജ്



**അ**ന്ധതയെ ചങ്കൂറ്റത്തോടെ എതിരിട്ട അനുപമമായ ജീവിതമായിരുന്നു കെകെഎസ് എന്ന കവിയുടേത്. പത്ത് നുറുങ്ങുകൾ എന്ന ശീർഷകത്തിൽ അദ്ദേഹം എഴുതിയിരുന്ന കുറുങ്കവിതകൾക്കായി എന്റെ കൗമാരം കാത്തിരുന്നിട്ടുണ്ട്. തൃശൂരിന്റെ പത്രമായിരുന്ന എക്സ്പ്രസിലായിരുന്നു ആ രചനകൾ വെളിച്ചം കണ്ടത്. അസാധാരണമായ ഉൾക്കാഴ്ചയോടെ അദ്ദേഹം സാമൂഹിക വിമർശനം നടത്തി. അന്ധത ബാധിച്ചിട്ടും കവിയരങ്ങുകളിൽ തിളങ്ങി. മണപ്പുറത്തിന്റെ മഹാകവി കെഎസ്കെയുടെ മകൻ കെകെഎസ് തളിക്കുളത്തിന്റെ ശരിയായ പേര് ശങ്കരാനന്ദൻ എന്നാണ്. മാസികയുടെ എഡിറ്റേഴ്സ് പേജിലേക്കുള്ള കുറിപ്പ് തയാറാക്കുമ്പോഴാണ് പ്രിയകവിയുടെ വിയോഗവാർത്ത കേട്ടത്. കുറുങ്കവിതകളുടെ കുഴലൂത്തുകാരന് മാസികാ പ്രവർത്തകരുടെ പ്രണാമം.

വാർത്താകേരളം ഓൺലൈൻ ന്യൂസും വ്യാപാരകേരളം മാസികയും തൃശൂർ എൽത്തുരുത്തിലെ രബീന്ദ്രനാഥ ടാഗോർ വായനശാലയും ചേർന്നൊരുക്കിയ 'സഹൃദയ സദസ്സി'ന്റെ വിശേഷങ്ങൾ ഈ ലക്കത്തിലുണ്ട്. പ്രാഥമിക തലത്തിനപ്പുറം വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവർക്കിടയിൽ പ്രവർത്തിക്കുന്ന ഒരു വായനശാലയിലേക്ക് എഴുത്തുകാരുടെ ഒരു നിരതന്നെ, വായനയുടെ ദൂതുമായി കടന്നുചെന്നതിന്റെ കൗതുകമാണ് മാസിക വായനയ്ക്ക് വെച്ചിട്ടുള്ളത്.

സമകാലിക രാഷ്ട്രീയം ചർച്ചയാകുന്ന, പ്രശസ്ത പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസിന്റെ പംക്തിയും ജീവിതങ്ങളിൽ അനുരണനമുണ്ടാക്കുന്ന 'റിഥം ഓഫ് ലൈഫ്' എന്ന സംഗീതബന്ധിയായ പംക്തിയും പേളി ജോസിന്റെ സിനിമാ വിശകലനവും 'കാർട്ടൂൺ കേരളം' പംക്തിയും പുതിയ ലക്കത്തിനെ സവിശേഷവായനാനുഭവമാക്കുന്നുണ്ട്.

മാസിക പുറത്തിറങ്ങാറായ വൈകിയ വേളയിലും ഉദാരമനസ്സോടെ, കെകെഎസ് തളിക്കുളം എന്ന കവിശ്രേഷ്ഠനെ കുറിച്ചുള്ള അനുസ്മരണലേഖനം തയ്യാറാക്കുന്നതിന് സലിംരാജിനെ പ്രേരിപ്പിച്ച ഡോ. സി.രാവുണ്ണിയോടുള്ള കടപ്പാട് അറിയിക്കട്ടെ. അന്ധതയെ ചെറുക്കുവാൻ അന്നൊക്കെ കെകെഎസിനെ കവിയരങ്ങുകളിൽ സഹായിക്കുമായിരുന്ന യുവകവികളിൽ രാവുണ്ണിയും സലിംരാജും ഉൾപ്പെട്ടിരുന്നു. കെകെഎസ് അനുസ്മരരണം അങ്ങനെ ഏറ്റം സമീപസ്ഥമായ അനുഭവമായി മാറുന്നു.


കഥകളും കവിതകളും പുസ്തക പരിചയങ്ങളും സമൃദ്ധമായി പുതിയ ലക്കത്തിലുണ്ട്. ഈയാണ്ടിലെ അവസാനലക്കത്തിൽ, ഒപ്പം നിൽക്കുന്ന പ്രിയ വായനക്കാരോട് നന്ദി അറിയിക്കുന്നു. വായനാ സമൃദ്ധമാകട്ടെ, അടുത്തെത്തിയിരിക്കുന്ന നവവത്സരമെന്ന് ആശംസിക്കുന്നു.

**സി.ആർ.രാജൻ,** എഡിറ്റർ

# കാർട്ടൂൺ കേരളം:



രാജേശ്വരി തുളസി




## അകത്താളുകളിൽ


### ലേഖനം/പംക്തി

| | |
|---|---|
| പി. സലിംരാജ് | പേജ് 4 |
| ഫ്രാങ്കോ ലൂയിസ്: | പേജ് 8 |
| തേജശ്രീ: | പേജ് 12 |
| പേളി ജോസ് | പേജ് 46 |

### പുസ്തകപരിചയം

| | |
|---|---|
| ജയപ്രകാശ് എറവ് | പേജ് 22 |
| രാജി | പേജ് 24 |

### കാർട്ടൂൺ

| | |
|---|---|
| രാജേശ്വരി തുളസി | പേജ് 3 |

### യാത്ര

| | |
|---|---|
| ഗിരീഷ്കുമാർ വി | പേജ് 26 |

### കഥ


| | |
|---|---|
| സജന സന്തോഷ് | പേജ് 18 |
| ആനി ജോർജ് പുളിക്കൻ | പേജ് 20 |
| മാഗ്ളിൻ ജാക്സൻ | പേജ് 49 |

### കവിത

| | |
|---|---|
| സുഭാഷ് പോണോളി | പേജ് 6 |
| രജനി സുരേന്ദ്രൻ | പേജ് 30 |
| യൂസഫ് നടുവണ്ണൂർ | പേജ് 31 |
| എം. കപിൽദേവ് | പേജ് 32 |
| റസീന കടങ്ങൽ | പേജ് 33 |
| അശോകൻ സി. ജി. | പേജ് 34 |
| ദർശന | പേജ് 35 |
| രാജു കാഞ്ഞിരങ്ങാട് | പേജ് 36 |
| രാജലക്ഷ്മി മഠത്തിൽ | പേജ് 37 |
| ചാക്കോ ഡി. അന്തിക്കാട് | പേജ് 38 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 40 |
| ജയപാലൻ കാര്യാട്ട് | പേജ് 41 |
| ഷെർളി ഡേവിസ് | പേജ് 42 |
| ഉണ്ണി വാരിയത്ത് | പേജ് 43 |
| പി. എം. എം. ഷെരീഫ് | പേജ് 44 |
| വിനോദ് വി. ദേവ് | പേജ് 45 |

**ദേശഭാവനയുടെ കാണാക്കാഴ്ചകൾ മലയാളത്തിന് സമ്മാനിച്ച കെ.കെ.എസ്.തളിക്കുളം സ്വന്തം ശരീരത്തെ വൈദ്യശാസ്ത്രവിദ്യാർത്ഥികൾക്ക് വിട്ടുകൊടുത്തുകൊണ്ട് 2022 നവംബർ 23-ന് വിടപറഞ്ഞു. കവിയെ ഓർമ്മിച്ചെടുക്കുകയാണ് ഈ കുറിപ്പ്.**

# ദേശമുദ്ര പതിഞ്ഞ പഴയൊരു നാണയം





**പി.സലിംരാജ്**

**അ**പാരമായ ഭാവനാശേഷികൊണ്ടും ഭാഷാസിദ്ധികൊണ്ടും അന്ധതയെ അതിജീവിച്ച എഴുത്തുകാരനാണ് കെകെ.എസ്.തളിക്കുളം. നാട്ടിക മണപ്പുറത്തിന്റെ ആകർഷകമായ ഭൗമപ്രകൃതിയും അവിടത്തെ നിസ്വരായ മനുഷ്യരുടെ ജീവിതാവസ്ഥകളും ആഴത്തിൽ ആവിഷ്ക്കരിച്ച കവി. നാടകകൃത്ത്, ഗാനരചയിതാവ് എന്നീ നിലകളിലും അദ്ദേഹം മലയാളത്തിന് പ്രിയങ്കരനാണ്. ഉത്കൃഷ്ടവും നിർമലവുമായ ആശയങ്ങൾ എഴുത്തിൽ സന്നിവേശിപ്പിച്ച കെ.കെ.എസിന് ജീവിതത്തിന്റെ വെളിച്ചം തന്നെയായിരുന്നു കവിത. ഇരുട്ടിൽ കിട്ടിയ വജ്രത്തിളക്കമുള്ള വെളിച്ചം. തെളിനീർച്ചോലയുടെ സ്ഫടികതുല്യമായ വെളിച്ചം. മർത്ത്യസ്നേഹത്തിന്റെ മാഹാത്മ്യം നിറഞ്ഞ വെളിച്ചം.

'കണ്ണുകൾ തുറന്നെങ്കിൽ' എന്ന കെ.കെ.എസിന്റെ ഒരേയൊരു കവിതാസമാഹാരത്തിൽ, അതേ പേരിലുള്ള കവിത കവിയുടെ ആത്മനൊമ്പരക്കുറിപ്പാണ്. തനിക്ക് കാഴ്ച തിരികെ കിട്ടുമെങ്കിൽ താനെത്രയോ ഭാഗ്യവാനാണ് എന്ന് കവി ആലോചിച്ചുപോകുന്നു. അലിവിന്റെ വറ്റാത്ത ഉറവുകളെ തുറന്നുവിടുന്ന ഈ കവിത ആരെയും കണ്ണീരണിയിക്കും. പിതാവിനെ, ഭാര്യയെ, മക്കളെ, ഗുരുക്കന്മാരെ കാണാൻവേണ്ടി തന്റെ കണ്ണുകൾ തുറന്നെങ്കിൽ എന്ന് കവി പരിതപിക്കുന്നു. ഇത്തരമൊരു സന്ദർഭം ലോകസാഹിത്യത്തിൽതന്നെ അത്യപൂർവമാണ്.

ദേശസംസ്കൃതിയുടെ നന്മകളെയും സൗന്ദര്യത്തെയും ഉപാസിച്ച കവിയാണ് കെ.കെ.എസ്.തളിക്കുളം. സാധാരണജനങ്ങളുടെ വികാരവിചാരങ്ങളും ആശയാഭിലാഷങ്ങളും അദ്ദേഹം കവിതയിൽ ആവിഷ്ക്കരിച്ചു. യുക്തിചിന്തയും ശാസ്ത്രബോധവും ജീവിതാന്ത്യംവരെ അദ്ദേഹം ഉയർത്തിപ്പിടിച്ചു. ദാരിദ്ര്യം മാറ്റാൻ ചെറിയ കള്ളത്തര

ങ്ങൾ കാണിക്കുന്നവരെ തുറന്നുകാട്ടി. ഭക്തിയെ കച്ചവടച്ചരക്കാക്കുന്നവർക്ക് കർശനമായ താക്കീതേകി. സ്ത്രീകൾ അണിയാറുള്ള പൊങ്ങച്ചമുഖമൂടി അഴിച്ചുമാറ്റി, അവരെ ശക്തിയുള്ളവരാക്കി. ബാലമനസ്സുകളിൽ ആദർശങ്ങളുടെ നാമ്പുകൾ മുളപ്പിച്ചു. രാഷ്ട്രീയത്തിലെ കപടവേഷങ്ങളെ തള്ളിക്കളഞ്ഞു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നെതിർത്തു. ഇരയാക്കപ്പെടുന്നവരുടെ കണ്ണീർ തുടച്ചു. ജീവിതത്തിന് തുണനിന്ന ഗുരുനാഥന്മാരെപ്പറ്റിയും ഉറ്റമിത്രങ്ങളെപ്പറ്റിയും കവിതകളെഴുതി. അവയെല്ലാം അതാത് വ്യക്തികളുടെ ജീവിതരേഖാചിത്രണം എന്ന നിലയിൽ ജീവൻ തുടിച്ചുനിൽക്കുന്നു.

പരിഹാസമുനകൊണ്ട് നിർഭയം വിമർശിക്കുമ്പോഴും കവി ആരെയും ശത്രുക്കളാക്കി മാറ്റുന്നില്ല. വിമർശിക്കപ്പെടുന്നവർക്കും അതിലെ പരിഹാസച്ചിരി ആസ്വദിക്കാൻ കഴിയുന്നതിലായിരുന്നു ആ കാവ്യകലയുടെ വിജയം. ഊറിയൂറി ചിരിപ്പിക്കുന്നതോടൊപ്പം വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുകയും ചെയ്തു കെ.കെ.എസിന്റെ കവിതാലോകം. നാടകങ്ങൾ, ഗാനങ്ങൾ, റേഡിയോനാടകങ്ങൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ രചനകൾ കാലത്തിന്റെ തിരശ്ശീലക്കകത്തുണ്ട്. തിരഞ്ഞെടുപ്പുകാലങ്ങളിൽ അദ്ദേഹത്തിന്റെ വിപ്ലവഗാനങ്ങൾ അദ്ധ്വാനിക്കുന്നവർക്ക് ആവേശം പകർന്നു.

'നുറുങ്ങുകൾ' എന്ന കാവ്യരൂപത്തിന് പ്രചാരം നൽകിയത് കെ.കെ.എസ്. ആണ്. (കുഞ്ഞുണ്ണിമാഷുടെ ഈരടികളും ഹൈക്കു കവിതകളും ഇതിൽനിന്ന് വ്യത്യസ്തമാണ്.) നാലുവരി മാത്രം നീളുന്ന നുറുങ്ങിൽ ഒരാശയം ആദിമധ്യാന്തപ്പൊരുത്തത്തോടെ വരച്ചുവെക്കുന്നു. ദൈനംദിനജീവിതമാണ് ഇതിവൃത്തം. ദുരധികാരത്തെയും അനീതികളെയും കുറ്റവിചാരണ ചെയ്യുക എന്നതാണ് ദൗത്യം. വ്യക്തിമനസ്സിലെ ദുഷിപ്പുകളെ ആക്ഷേപഹാസ്യത്തിലൂടെ കവി ചോദ്യംചെയ്യുന്നു. സമൂഹശരീരത്തിലെ സുഖമില്ലായ്മകൾക്ക് ചിരിയുടെ ചികിത്സാവിധി! മധ്യകേരളത്തിൽ ഏറെ സർക്കുലേഷൻ ഉണ്ടായിരുന്ന എക്സ്പ്രസ്സ് ദിനപത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ ഒരു പതിവുപംക്തിപോലെ നുറുങ്ങുകൾ അച്ചടിച്ചുവന്നു. ചായക്കടച്ചർച്ചകളിൽ നുറുങ്ങിലെ കഥാപാത്രങ്ങൾ താരങ്ങളായി വിലസി. കവിയരങ്ങുകളിൽ കവി നുറുങ്ങുകൾ അവതരിപ്പിക്കുമ്പോൾ കൈയടിയും കൂട്ടച്ചിരിയും ഉയർന്നു. പുസ്തകരൂപത്തിൽ അവ പ്രസിദ്ധീകരിക്കപ്പെട്ടില്ല. എക്സ്പ്രസ്സ് പത്രവും എവിടെയും സൂക്ഷിച്ചുവെക്കപ്പെട്ടിട്ടില്ല. നുറുങ്ങുകൾ കാലത്തിൽ മറഞ്ഞുകിടക്കുന്നുവെന്നത് സഹൃദയരായ മലയാളികൾക്ക് വിങ്ങുന്നൊരു വേദനയാണ്.

'അമ്മുവിന്റെ ആട്ടിൻകുട്ടി'യെ കേരളത്തിന് കാണിച്ചുതന്ന കെ.എസ്.കെ.തളിക്കുളത്തിന്റെ ഏകമകനാണ് കെ.കെ.എസ്.തളിക്കുളം. കൊല്ലാറ കൃഷ്ണൻ മകൻ ശങ്കരാനന്ദൻ. ചെറുപ്പത്തിലെ കാഴ്ചശക്തി നഷ്ടപ്പെട്ട മകന് വിദഗ്ധചികിത്സ ലഭ്യമാക്കിയിട്ടും ഫലമുണ്ടായില്ല. അച്ഛന്റെ കവിതയുടെ ഗുണങ്ങൾ മകനും സ്വന്തമാണ്. അർത്ഥത്തിന്റെ അടിത്തട്ട് കാണാവുന്ന സുതാര്യതയും ഹൃദയത്തെ തൊടുന്ന ആർദ്രതയും കെ.കെ.എസിന് പൈതൃകം. തളിക്കുളം എന്ന ഗ്രാമപ്പേര് മലയാള സാഹിത്യത്തിൽ അടയാളപ്പെടുത്തിയതിന്റെ പേരിൽ തളിക്കുളത്തുകാർക്ക് ഇരുവരോടും തീരാത്ത കടപ്പാടുണ്ട്. മണപ്പുറം ദേശക്കാർക്ക് ഇവർ തങ്ങളുടെ വികാരവിചാരങ്ങളോടൊപ്പം നിന്ന മഹാകവികൾ തന്നെയാണ്!

പഴയ നാട്ടിൻപുറം നഗരപ്പുറത്തേറി. പരിഷ്കൃതിയുടെ വികസനവേഗങ്ങൾ നാട്ടുപച്ചകളെ ചവിട്ടിത്തേച്ചു. ഗ്രാമീണഗായകന്റെ ഓടക്കുഴൽ ചന്തയിൽ ലേലവസ്തുവായി. കെ.കെ.എസ്.കവിതകൾ നഷ്ടപ്പെട്ട ഗ്രാമീണതയുടെ ദൃശ്യബിംബാവലികളെ ഒരു ഗ്രൂപ്പ് ഫോട്ടോയിലെന്നപോലെ പിടിച്ചുവെച്ചിട്ടുണ്ട്. പഴയ മണപ്പുറത്തിന്റെ മുഖച്ഛായയും മനോഭാവങ്ങളും ആ കവിതകൾ കാണിച്ചുതരും. ഒപ്പുകടലാസ്സിലെന്നപോലെ ആ വരികളിൽ പതിഞ്ഞ ഗ്രാമക്കാഴ്ചകൾ കാലത്തിന്റെ മറവികളെയും തിരസ്കാരങ്ങളെയും മറികടന്ന് കൂടുതൽ തെളിഞ്ഞുവരും.

ജനകീയവും കലാമൂല്യം തികഞ്ഞതും വിമോചനാത്മകവുമായ ഒരു ഭാവുകത്വം സൃഷ്ടിച്ച പ്രതിജ്ഞാബദ്ധതയുള്ള എഴുത്തുകാരനെന്ന നിലയിൽ കെ.കെ.എസ്.തളിക്കുളം ഓർമ്മിക്കപ്പെടും. നിഷ്ക്കളങ്കമായ ലോകവീക്ഷണത്തിന്റെ ലാവണ്യാനുഭൂതിയാണ് ആ കവിതകളെന്ന് വരുംകാലം വിലമതിക്കും. നാൾചെല്ലുന്തോറും വിനിമയമൂല്യം വർദ്ധിച്ചുവരുന്ന ദേശമുദ്ര പതിഞ്ഞ ഒരു പഴകിയ നാണയംപോലെ കെ.കെ.എസ്.കവിതകൾ നമ്മുടെ കാവ്യചരിത്രത്തിലുണ്ട്. ഭാവിതലമുറയിലെ സാഹിത്യകുതുകികൾ ആനന്ദാതിരേകത്തോടെ, അത്ഭുതാദരങ്ങളോടെ ആ നാണയത്തെ ഉള്ളം കൈയിൽ ഓമനിക്കാതിരിക്കില്ല.



കവിത

# വരൾച്ചില്ലയിലെ പൂക്കൾ



സുഭാഷ് പോണോളി

ഏതോ വരൾച്ചില്ലയിൽ പൂക്കുന്ന പൂവായി
ഇരുളിൻ വരാന്തയിൽ ഞാനേകനാകുമ്പോൾ

നോവാണികൊണ്ടു നീ വരക്കുന്നു
മൃത്യുവാൽ ജപിച്ചിട്ട
സ്പന്ദനമറ്റ
ശ്യാമ പ്രഭാതങ്ങൾ.

കാഴ്ച്ചയിറ്റുവീഴുന്നു ഉഷ്ണ നീർത്തുള്ളി
മേൽ പടരുന്ന ശുഷ്ക പ്രണയത്തിൻ വിഷയടർപ്പീ ജീവിതം.

തമ്മിലുലഞ്ഞ വിശ്വാസകതിരുകൾ
കൊത്തിപ്പറക്കുന്നു ഇരവിന്റെപക്ഷികൾ .

പത്തിവിടർത്തിയാടുന്നൊരു കരിനാഗം
നീലിച്ചവാക്കിനാൽ ചുറ്റിവരിയുന്നു ജീവനെ,

മനുസ്മൃതിപോലെ നാം അടിമയാക്കാൻ
അതിർത്തി കെട്ടുന്നു പരസ്പരം
കാണാമുൾവേലിയാൽ,

വേട്ടക്കൊരുങ്ങുന്നു നിണംപെയ്തരാത്രിയിൽ
ഹിംസ്രജന്തുക്കൾ പോലെ ഇടറാതെ പൊരുതുന്നു നാം,

വഴി മറന്നു പിൻവിളി കേൾക്കാതെ ഹൃദയജാലകമടയുന്നു.
വയൽകൊക്കു വാപിളർത്തുന്ന മൂവന്തിയിൽ.

കാട്ടിരമ്പത്തിന്റെ ഉൾപേച്ചുകത്തിയമരുന്നു,
പച്ചമാംസത്തിൽ കറുത്തശലഭങ്ങൾ ഉറങ്ങുന്ന നട്ടുച്ചയിൽ.

ഉൾവേവുനോക്കുന്ന കൊമ്പിലെ സ്നേഹക്കുയിലിന്റെ
ചിറകറ്റ നാദമടങ്ങുന്നു ബന്ധന ദശാസന്ധിയിൽ,

കാണാക്കിനാവിന്റെകടൽത്തിര പോലൊരു കാറ്റു
കിതച്ചെത്തുന്നു മരണത്തിൻ വരണ്ട ഗീതങ്ങൾ പാടുവാൻ.

കുഴിവെട്ടിമൂടുവാൻആറടിമണ്ണിന്റെ താഴ്ച്ചയിൽ
കവിതയടക്കുന്നു വരികൾ ബലിയാവുന്നു.

അണയാതെ പിടയ്ക്കുന്നു നെഞ്ചിലെ തീനാളങ്ങൾ
മണ്ണിൽ മുഖമമർത്തുന്നു രാക്ഷസരാത്രികൾ.

വാതിൽ കൊട്ടിയടച്ചതിനുശേഷം നീമാത്രമാകുന്നു
ഓർമ്മയിൽ കൊടുംവളവിലെ ഒരൊറ്റനക്ഷത്രം.

കഴുകന്റെ കാൽച്ചിലമ്പിൽ ചിലക്കുന്നു പാതിരാവിൻ
വിളറിയചൂടിൽ തിളക്കുമീ ലാവാപ്രവാഹച്ചുഴികൾ.

കെട്ടചങ്കിലെയറക്കുള്ളിൽ സൂക്ഷിച്ച കാരിരുമ്പിൻ
പഴുത്ത പിച്ചാത്തി കൊണ്ടൊരുവൾ വരയുന്നു
പച്ചയിറച്ചി മുറിവിൻപ്പുറത്തൊരു  കാട്ടുരതിപ്പൂവിൻ ചിത്രങ്ങൾ.

വേഴ്ച തൻ വേലിയേറ്റമൊടുങ്ങാതെ കരകളിൽ
കായ്ക്കുന്നു നീരറ്റ
നരകനേർക്കാഴ്ചകൾ,

ഉപ്പുറയാത്ത മെത്തയിൽ ബാക്കിയാവുന്നു വിയർപ്പിൻ
മേലങ്കികൾ.

ഇരുട്ടുവീണക്കണ്ണിൻ പീലികൾ വൃഥാ വിറക്കുന്നു മത്സ്യം കൊത്തിയ
ചൂണ്ടപോൽ കിതക്കുന്നു കൂരിരുൾചുറ്റിലും.

നിശാചരി യാത്രയവസാനിപ്പിക്കും താഴ്വാരത്തിൽ നാം
പടർന്ന നീലാകാശ വൃക്ഷത്തലപ്പുകൾ ഇലപൊഴിക്കുന്നു.

അറുത്തുമാറ്റുന്ന സൃഷ്ടിതൻ വേരുകൾ തുരുമ്പിൽ മുഴുവിനാൽ,

പിടഞ്ഞടരുന്നു ഉണർത്തുപാട്ടിന്റെ നിവേദ്യങ്ങൾ
സമർപ്പിച്ച പ്രണയത്തിൻപ്പുറ്റിലൊളിച്ച പകലുകൾ.

ചുവന്നതളിരുകൾ കൂമ്പിടും നാഭിയിൽ, കുതിക്കും കുതിരയ്ക്ക്
ചുവടുതെറ്റുന്നു.

ജന്മാന്തരത്തിന്റെ നൂലുകൾ കൊരുത്തിട്ട
സൃഷ്ടിപ്പരപ്പിന്റെ മൺപാത പിളരുന്നു.

രാത്രി ചലിക്കും ഗതിവേഗഘടികാരം മിടിപ്പറ്റുവീഴും
നട്ടപ്പാതിരായുച്ചിയിൽ.

ഒടുങ്ങട്ടെ ജാതകം ഗുണിച്ചിട്ട കണക്കിലെ കടുംനിറം
പൂശിയ യവസാനശേഷിപ്പുകൾ.

എന്റെ മിഴികളിൽ മരണമൊളിച്ചു കളിക്കട്ടെ
മണ്ണുതിന്നു തീർക്കട്ടെ
അഗ്നിത്തടാകങ്ങളെ വരണ്ടുവിണ്ടരട്ടെ എന്റെയീ ദുഃഖഭരിതമാം പുലരികൾ.

നിന്റെ പുള്ളിമാനുകൾ വിയർത്തു പായട്ടെ,
കന്മദഗന്ധമൊഴുകട്ടെ, നിറമുള്ള സന്ധ്യയിറ്റു വീഴട്ടെ,
സന്നിപാതജ്വരത്താൽ പനിക്കട്ടെ നിൻ പ്രണയത്തിൻ അഭൗമ ഭൂമിക.....



# കോൺഗ്രസിനെ 'ശശി'യാക്കുന്നവർ

**ഭാ**രതത്തെ ഐക്യപ്പെടുത്തുക എന്ന സന്ദേശവുമായാണ് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഭാരത് ജോഡോ യാത്ര നയിക്കുന്നത്. യഥാർത്ഥത്തിൽ ഐക്യമില്ലാതെ തകർന്നുകൊണ്ടിരിക്കുന്ന കോൺഗ്രസിനെ പുനരുജ്ജീവിപ്പിക്കുകയാണു യാത്രയുടെ ലക്ഷ്യം. നേതൃനിരയിലുള്ളവർ തമ്മിലുള്ള ചേരിപ്പോര് കുറയ്ക്കുകയും ചെയ്യാമെന്നതാണ് യാത്രയുടെ യഥാർത്ഥ ലക്ഷ്യം. പതിനായിരക്കണക്കിന് ആളുകൾ യാത്രയിൽ കണ്ണികളാകുന്നുണ്ട്. യാത്രയുടെ മുന്നിൽ കയറിനിൽക്കാൻ നേതാക്കൾ മൽസരിക്കുന്നുമുണ്ട്. പണത്തിനും അധികാരത്തിനുംവേണ്ടി ബിജെപിയിലേക്ക് ഓടുന്നവരെ പിടിച്ചുനിർത്താനൊന്നും ഈ മാർച്ചിനു കഴിയില്ല. മാർച്ച് തുടങ്ങിയതിനു പിറകേ, ഗോവയിലും ഗുജറാത്തിലും കോൺഗ്രസ് എംഎൽഎമാർ കൂട്ടത്തോടെയാണ് ബിജെപിയിലേക്കു പോയത്. പണത്തോടും അധികാരത്തോടും ആർത്തിയുള്ള നേതാക്കൾതന്നെയാണ് എന്നും കോൺഗ്രസിന്റെ ശാപം. പണവും പദവിയും പ്രത്യയശാസ്ത്രമാക്കിയവർക്കിടയിൽ രാഹുൽഗാന്ധി തലങ്ങും വിലങ്ങും നടന്നാലും തലകുത്തി നടന്നാലും ഐക്യമുണ്ടാകാൻ പോകുന്നില്ല. കേരളത്തിൽ മാത്രമല്ല, രാജസ്ഥാനിലും ഇതാണു നാമിപ്പോൾ കാണുന്നത്.

കേരളത്തിലെ കോൺഗ്രസിൽ ഇപ്പോൾ ശശി തരൂരാണു താരം. കർമമണ്ഡലം ഡൽഹിയിൽനിന്ന് കേരളത്തിലേക്കു മാറ്റുന്ന ശശി തരൂരിനെ നിലംതൊടീക്കാതെ വെറും ശശിയാക്കി വിടുമെന്ന വാശിയിലാണ് സതീശനും രമേശനും വേണുവുമെല്ലാം. എഐസിസി അധ്യക്ഷ സ്ഥാനത്തേക്കു മൽസരിച്ചു തോറ്റ ശശി തരൂരിനെ ദേശീയ രാഷ്ട്രീയത്തിൽനിന്ന് പുകച്ചു പുറത്താക്കാൻ മലയാളി നേതാവിന്റെ നേതൃത്വത്തിൽ ഹൈക്കമാൻഡിൽ കളമൊരുക്കം. ഇതിനിടെയാണ് ഡിപ്ലോമാറ്റിക് സ്ട്രാറ്റജിയിൽ അഭ്യാസിയായ ശശി തരൂർ കേരളം കളമാക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തെ സമുദായ നേതാക്കളേയും പൗര



ഫ്രാങ്കോ ലൂയിസ്

**കേരളത്തിലെ കോൺഗ്രസിൽ ഇപ്പോൾ ശശി തരൂരാണു താരം. കർമമണ്ഡലം ഡൽഹിയിൽനിന്ന് കേരളത്തിലേക്കു മാറ്റുന്ന ശശി തരൂരിനെ നിലംതൊടീക്കാതെ വെറും ശശിയാക്കി വിടുമെന്ന വാശിയിലാണ് സതീശനും രമേശനും വേണുവുമെല്ലാം.**





പ്രമുഖരേയും സന്ദർശിക്കുകയും മലബാറിൽ പ്രസംഗ വേദികൾ നേടുകയും ചെയ്യാൻ ഇറങ്ങിത്തിരിച്ചത് അങ്ങനെയാണ്. ബിജെപിയുടെ വർഗീയതയ്ക്കും സംഘിവത്കരണത്തിനും ഭരണഘടനാ വെല്ലുവിളികൾക്കും എതിരേ പ്രസംഗിക്കാനുള്ള സെമിനാർ വേദികൾ കോളജുകളും സന്നദ്ധ സംഘടനകളും ഒരുക്കി. ഇങ്ങനെ മുന്നോട്ടുപോയാൽ ശശി തരൂരിന്റെ പ്രതിച്ഛായ മിന്നിച്ചുകയറും. ഒപ്പം ശശി തരൂർ പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസിന്റേയും.

പക്ഷേ, ശശി തരൂരിന് അങ്ങനെയങ്ങു ഷൈൻ ചെയ്തു മുന്നോട്ടുപോകാൻ അനുവദിച്ചുകൂടാ. കേരളത്തിൽ തന്നേക്കാൾ വലിയ നേതാവ് ഉണ്ടായിക്കൂടെന്നു തീരുമാനമെടുത്ത നേതാക്കൾ കോൺഗ്രസിലുണ്ട്. ശശി തരൂരിനെ പ്രസംഗിക്കാൻ ക്ഷണിച്ച യൂത്ത്കോൺഗ്രസിനെക്കൊണ്ട് അവർ പാലം വലിപ്പിച്ചു. അവർ ആരെന്ന് കെ. മുരളീധരൻതന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിക്കസേര സ്വപ്നം കണ്ടു ജീവിക്കുന്നവർ. നാലു കൊല്ലം കഴിഞ്ഞു വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് ഇപ്പോഴേ ഇങ്ങനെ ഉഴുതുമറിക്കണോയെന്നു ചിന്തിക്കുന്നവരുണ്ടാകാം. എന്തായാലും ശശി തരൂരിനു പാലം വലിച്ചവരും മുരളീധരൻ ഉദ്ദേശിച്ചവരുമെല്ലാം ആരെന്ന് അറിയാഹാരം കഴിക്കുന്ന മലയാളികൾക്ക് അറിയാം. പാലം വലിച്ചാൽ കിടങ്ങിൽ വീണു ചാകുമെന്നു ചിന്തിക്കുന്ന ബുദ്ധിരാക്ഷസന്മാരാണവർ. അവർതന്നെ പിറകേ പരസ്യപ്രസ്താവനയുമായി രംഗത്തുവരികയും ചെയ്തു.

സമാന്തര പാർട്ടി പ്രവർത്തനം അനുവദിക്കില്ലെന്നും ഊതിവീർപ്പിച്ച ബലൂൺ പൊട്ടുമെന്നുമെല്ലാം വീമ്പിളക്കിയത് പ്രതിപക്ഷ നേതാവ് വി.ഡി സതീശനാണ്. താൻ മാത്രം പൊട്ടാത്ത ബലൂണാണെന്നാണ് ഇത്തരക്കാരുടെ ചിന്ത. ശശി തരൂർ വീട്ടിൽനിന്നു പുറത്തിറങ്ങിയാൽ പാർട്ടി വിരുദ്ധ പ്രവർത്തനമെന്നു വ്യാഖ്യാനിച്ചു വെട്ടിക്കളയാമെന്നാണ് ഉള്ളിലിരിപ്പ്. സെമിനാറിൽ പ്രസംഗിക്കുന്നതും പൗരപ്രമുഖരെ സന്ദർശിക്കുന്നതും സമാന്തര പാർട്ടി പ്രവർത്തനമായി വ്യാഖ്യാനിച്ചു വാളോങ്ങുന്നു. ഈ വെളിച്ചപ്പാടുമാരുടെ ശരീരഭാഷയും ഡയലോഗുമെല്ലാം കാണുന്ന അധികാരക്കൊതിയില്ലാത്ത പാർട്ടി പ്രവർത്തകർക്കും ജനത്തിനും കാര്യങ്ങൾ പിടികിട്ടും.

ഇത്തരം വെളിച്ചപ്പാടുമാർക്ക് പാർട്ടിയിലെ അധികാരക്കൊതിയരുടെ പിന്തുണ മാത്രമാണുള്ളത്. അതു തിരിച്ചറിയാനാകാത്ത വിധത്തിൽ അവർ അന്ധരായിരിക്കുന്നു. അധികാരക്കൊതിയുടെ അന്ധത. പിണക്കിയാൽ അധികാരത്തിന്റെ ചക്കരക്കുടത്തിൽ കൈയിട്ടുവാരാനുള്ള അവസരം പാഴാകുമെന്നു ഭീതിയുള്ളവരെ ഒപ്പം നിർത്താനായേ

ക്കും. അതു വലിയ കാര്യമൊന്നുമല്ല. കൊന്നമരം വെട്ടിക്കളഞ്ഞാൽ വിഷു വരില്ലെന്നു സ്വപ്നം കാണുന്നവരാണെന്ന് ഇക്കൂട്ടരെ വിശേഷിപ്പിച്ചത് എം.കെ. രാഘവൻ എംപിയാണ്.

ജനസാമാന്യത്തിന്റെയും യുവജനങ്ങളുടേയും മനസിനെ സ്വാധീനിക്കാൻ കേരളത്തിലെ മറ്റേതു കോൺഗ്രസ് നേതാവിനേക്കാൾ ചാലകശേഷിയും വാക്ചാതുരിയും ശശി തരൂരിനുണ്ടെന്ന് അംഗീകരിച്ചുതരില്ല. അതുകൊണ്ടാണ് അവമതിപ്പുണ്ടാക്കാനും വിലക്കു പ്രഖ്യാപിക്കാനുമെല്ലാം മുതിരുന്നത്. പാർട്ടിയിലുള്ള നേതാക്കളേയും പ്രവർത്തകരേയും പാർട്ടിക്കുവേണ്ടി എങ്ങനെ കർമോൽസുകരാക്കാമെന്നല്ല, എങ്ങനെ അവരുടെ കഥ കഴിക്കണമെന്നാണ് ഒരുകൂട്ടം നേതാക്കളുടെ ഉപജാപം. കാരണം മറ്റൊന്നുമല്ല, തങ്ങൾ ഉന്നമിട്ടുവച്ച കസേര റാഞ്ചിക്കൊണ്ടുപോകുമോയെന്ന ഭീതി. ഇത്തരം കസേരകൊതിയന്മാർ കോഴിക്കോട്ടെ യൂത്ത് കോൺഗ്രസിനെ വിലക്കിയെങ്കിലും ശശി തരൂർ മലബാറിൽ പങ്കെടുത്ത എല്ലാ പരിപാടികളിലും കോൺഗ്രസ് പ്രവർത്തകർ അടക്കമുള്ള ജനം എത്തി.

ശശി തരൂർ എന്നല്ല, തങ്ങളേക്കാൾ കേമന്മാരാകാൻ ആരേയും അനുവദിക്കില്ല. പ്രവർത്തിച്ചാൽ പാർട്ടി വിരുദ്ധ പ്രവർത്തനമെന്നു മുദ്രകുത്തി പുറത്താക്കും. അധികാരവും പദവിയുമെല്ലാം തങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണ്. ഇതാണു കോൺഗ്രസ് നേതാക്കളുടെ പ്രത്യയശാസ്ത്രം. കോൺഗ്രസിൽ എ, ഐ ഗ്രൂപ്പുകളെല്ലാം ശിഥിലമാകുകയാണ്. അങ്ങനെയൊരു ഗാപ്പിലാണ് ശശി തരൂരിന്റെ വരവ്. വിശാല ഐ ഗ്രുപ്പു നേതാക്കളായ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എന്നിവർക്കാണ് മൂത്ത അസഹിഷ്ണുത. എന്നാൽ ഐ ഗ്രൂപ്പിലെ കെ. മുരളീധരന്റേയും എ ഗ്രൂപ്പിന്റേയും പിന്തുണ ശശി തരൂരിനുണ്ട്.

ശശിയെ ശശിയാക്കാൻ നിരവധി ആരോപണങ്ങൾ വിശാലപക്ഷം ഉന്നയിക്കുന്നുണ്ട്. ജനകീയനല്ല. നൂലിൽ കെട്ടിയിറങ്ങിയയാളാണ്. ജനങ്ങളുടെ ക്ലേശങ്ങൾ കാണാൻ കണ്ണില്ലാത്തയാളാണ്. പണ്ട് മോദിയുടേയും പിണറായിയുടേയും നിലപാടുകളെ പിന്തുണച്ചിട്ടുണ്ട്. അദാനിയുടെ ചങ്ങാതിയാണ്. കോടീശ്വരനാണ്. കോൺഗ്രസിന്റെ സമരപരിപാടികൾക്കു വരുന്നില്ല. ഇങ്ങനെയെല്ലാം ആരോപിക്കുന്നത് കോൺഗ്രസുകാർതന്നെയാണ്.

വിശ്വപൗരനെന്നു വിശേഷിപ്പിക്കപ്പെടുന്ന നയതന്ത്ര പ്രതിഭയും ജ്ഞാനിയും പ്രഭാഷകനും ഗ്രന്ഥകാരുമെല്ലാമാണ് ശശി തരൂർ. ജനമനസിൽ, പ്രത്യേകിച്ചു യുവജനങ്ങൾക്കിടയിൽ സ്നേഹാദരങ്ങളുള്ള നേതാവാണു ശശി തരൂർ. കോൺഗ്രസിനെ ശക്തമാക്കാൻ ഇങ്ങനെയൊരാളെ പ്രയോജനപ്പെടുത്തണമെന്നു ചിന്തിക്കാൻ കേരളത്തിലെ കോൺഗ്രസ് നേതാക്കൾക്കു കഴിയില്ല. കാരണം അധികാരക്കൊതി മാത്രമാണ്.

കോൺഗ്രസ് ഭരണമുള്ള രാജസ്ഥാനിൽ സ്ഫോടനാത്മകമായ സംഭവവികാസങ്ങൾ അടുത്ത ദിവസങ്ങളിൽ കാണാം. മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടിനെ മാറ്റി അടുത്ത വർഷം യുവനേതാവ് സച്ചിൻ പൈലറ്റിനെ മുഖ്യമന്ത്രിയാക്കണമെന്ന ആവശ്യം ശക്തമാണ്. ഇരു വിഭാഗവും തമ്മിൽ പോരാട്ടം ശക്തമാക്കിയിരിക്കുന്നു. ഇവിടേയും അധികാര ഭ്രാന്തു മാത്രമാണു വിഷയം.

## മോദിയുടെ അവസാന ബജറ്റ്

എത്ര പെട്ടെന്നാണു ദിവസങ്ങളും മാസങ്ങളും കടന്നുപോകുന്നത്. വീണ്ടുമൊരു ലോക്സഭാ തെരഞ്ഞെടുപ്പിന് ഇനി ഒന്നേകാൽ വർഷം മാത്രം. രണ്ടാം നരേന്ദ്രമോദി സർക്കാർ അവസാന ലാപിലേക്കു പ്രവേ






ശിക്കുകയാണ്. 2024 ഏപ്രിൽ, മേയ് മാസങ്ങളിലായി നടക്കാനിടയുള്ള ലോക്സഭാ തെരഞ്ഞെടുപ്പിന് രാഷ്ട്രീയപാർട്ടികളെല്ലാം ഒരുക്കം ആരംഭിച്ചുകഴിഞ്ഞു. ബിജെപി ഓരോ മണ്ഡലത്തിന്റേയും ചുമതല മുതിർന്ന ദേശീയ നേതാക്കൾക്കും കേന്ദ്രമന്ത്രിമാർക്കുമെല്ലാം വീതിച്ചു നൽകി. അവർ പണിയും തുടങ്ങി. ഏതാനും മാസങ്ങൾക്കകം സ്ഥാനാർത്ഥി നിർണയ ഘട്ടത്തിലേക്കു പ്രവേശിക്കും. കോൺഗ്രസ് രാഹുൽഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയിലൂടെ പാർട്ടിയെ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നു. എല്ലാ പാർട്ടികളും സംഭാവന പിരിവുകളും ഗംഭീരമാക്കുന്നുണ്ട്.

രണ്ടാം മോദി സർക്കാരിന്റെ അവസാനത്തെ സമ്പൂർണ ബജറ്റ് ഫെബ്രുവരിയിൽ അവതരിപ്പിക്കും. ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പുള്ള ബജറ്റ് എന്ന നിലയിൽ സ്വാഭാവികമായും ജനപ്രിയ ബജറ്റാകാനാണു സാധ്യത. ഗ്രാമവികസനവും തൊഴിലവസരങ്ങളും ഭവന പദ്ധതികളും മെച്ചപ്പെടുത്തുന്ന നിർദേശങ്ങൾ ബജറ്റിൽ ഉണ്ടാകുമെന്നാണു സൂചനകൾ. വർഗീയ വോട്ടുബാങ്കുകളെ വശത്താക്കുന്ന ക്ഷേത്ര നഗര പദ്ധതികളും ഉണ്ടാകും. ഇക്കഴിഞ്ഞ രണ്ടു മാസത്തിനകം ഒന്നര ലക്ഷം നിയമനങ്ങൾ നടത്തിയെന്നാണ് മോദി സർക്കാരിന്റെ അവകാശവാദം. എന്തായാലും ബജറ്റ് തയാറാക്കുന്നതിനു മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ വിവിധ മേഖലകളിലുള്ള വിദഗ്ധരുമായി കൂടിയാലോചനകൾ ആരംഭിച്ചിട്ടുണ്ട്.

കോവിഡിന്റെ അടച്ചുപൂട്ടലിൽ തളർന്നുപോയ രണ്ടു വർഷങ്ങൾക്കുശേഷം സാമ്പത്തിക വളർച്ചയുടെ ഗ്രാഫ് മുകളിലേക്കു കുതിക്കുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തിക വളർച്ച 8.7 ശതമാനം വർധിക്കുന്നതായാണു റിപ്പോർട്ട്. അമേരിക്കയിലും ചൈനയിലുമെല്ലാം വളർച്ചാ നിരക്കു താഴേക്കു പതിക്കുമ്പോഴാണ് ഇന്ത്യയിൽ ആശ്വാസം പകരുന്ന വളർച്ചയുടെ അടയാളങ്ങൾ തെളിയുന്നത്. അമേരിക്ക അടക്കമുള്ള ലോകരാജ്യങ്ങളിൽ സാമ്പത്തിക മാന്ദ്യവും നാണ്യപ്പെരുപ്പവും വിലക്കയറ്റവും പലിശവർധനയും പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ആമസോൺ അടക്കമുള്ള വമ്പൻ കമ്പനികൾ ജീവനക്കാരെ പിരിച്ചുവിടുന്നു. തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന പ്രതിസന്ധി വേറെ. ഇങ്ങനെ ലോകരാജ്യങ്ങളിലെ മാന്ദ്യവും പലിശവർധനയും തൊഴിലില്ലായ്മയും ഇന്ത്യയെയും ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കുടുംബ ബജറ്റ് മുതൽ സ്ഥാപനങ്ങളുടേയും സർക്കാരുകളുടേയും ബജറ്റുകൾവരെ കരുതലോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അടിതെറ്റി വീഴുമെന്നു സാരം.



# ക്ലാരിനെറ്റിലെ ക്ലാരിറ്റി

**ഇത്തവണ കേന്ദ്ര സംഗീതനാടക അക്കാദമി ഫെലോഷിപ്പ് നേടിയ പത്തുപേരിൽ വ്യത്യസ്തനായ ഒരാളുണ്ട്. തമിഴ്നാട്ടുകാരനായ എ.കെ.സി. നടരാജൻ. എഴുപത്തഞ്ചു കൊല്ലത്തിലേറെയായി സംഗീതസപര്യ തുടരുന്ന അദ്ദേഹമാണ് കർണാടക സംഗീതത്തിലേക്ക് ക്ലാരിനെറ്റ് എന്ന ഉപകരണത്തെ കൊണ്ടുവന്നത്. 92–ാം വയസിൽ അദ്ദേഹത്തെ രാജ്യം പത്മശ്രീ നൽകി ആദരിച്ചിരുന്നു...**




തേജശ്രീ

**എ.**കെ.സി. നടരാജൻ– ഇത്തവണ കേന്ദ്ര സംഗീതനാടക അക്കാദമി ഫെലോഷിപ്പ് നേടിയവരുടെ കൂട്ടത്തിൽ ഈ പേരും ഉണ്ടായിരുന്നു. അയ്ഞ്ചാല കുപ്പുസ്വാമി ചിന്നികൃഷ്ണ നടരാജൻ എന്ന എ.കെ.സി. നടരാജനെ നമ്മുടെ നാട്ടിൽ അറിയുന്നവർ ചുരുക്കമായിരിക്കും. അദ്ദേഹത്തിന് മറ്റൊരു പേരുണ്ട്: ക്ലാരിനെറ്റ് ഹിമവാൻ! അതെ, പത്മശ്രീ സംഗീത കലാനിധി കലൈമാമണി എ.കെ.സി. നടരാജൻ ഒരു ഹിമവാനാണ്. കർണാടക സംഗീതത്തിലേക്ക് ക്ലാരിനെറ്റ് എന്ന വിദേശ ഉപകരണത്തെ കൈപിടിച്ചു കൊണ്ടുവന്ന മഹാ പ്രതിഭ.

എന്തുകൊണ്ടാണ് അദ്ദേഹത്തെ ക്ലാരിനെറ്റ് ഹിമവാനെന്നു വിളിക്കുന്നത്? അതിനു പിന്നിലെ കഥയറിയാൻ ഏഴു പതിറ്റാണ്ടു പിന്നോക്കം പോകണം.

നാഗപട്ടണത്തിലെ നീലയദാക്ഷി അമ്മൻ

കോവിലിൽ ക്ലാരിനെറ്റ് കച്ചേരി നടത്തുകയാണ് നടരാജൻ എന്ന യുവാവ്. കച്ചേരി കേൾക്കാൻ ഒട്ടേറെ അതുല്യ സംഗീതപ്രതിഭകൾ എത്തിയിട്ടുണ്ട്. അതിൽ നാദസ്വര ഇതിഹാസം ടി.എൻ. രാജരത്തിനം പിള്ളയുമുണ്ട്. കച്ചേരി ഗംഭീരമായി. വിസ്മയഭരിതനായ രാജരത്തിനം പിള്ള നടരാജനെ ഒരു പേരിട്ടു വിളിച്ചു- ക്ലാരിനെറ്റ് എവറസ്റ്റ്! ആ പേരിന് ഇന്നും മാറ്റമില്ല. 93 മൂന്നുകാരനായ നടരാജൻ സംഗീതരംഗത്ത് ഒരു കൊടുമുടിപോലെ തലയുയർത്തിനിൽക്കുന്നു.

## മലയാള ബന്ധം

ക്ലാരിനെറ്റിൽ കർണാടക സംഗീതം വായിക്കുന്ന തമിഴ്നാട്ടുകാരന് കേരളത്തിൽ എന്തുബന്ധം എന്നു ചിന്തിക്കുന്നത് സ്വാഭാവികം. എന്നാൽ അങ്ങനെയൊരു ബന്ധമുണ്ട്. തിരുച്ചിറപ്പിള്ളിയിൽ ജനിച്ച് പതിനഞ്ചാം വയസിൽ ആദ്യ കച്ചേരി നടത്തിയ അദ്ദേഹം പിന്നീട് സ്റ്റാഫ് ആർട്ടിസ്റ്റ് ആയി എത്തിയത് കോഴിക്കോട് ആകാശവാണി നിലയത്തിലാണ്. അവിടെ ലഭിച്ച അവസരങ്ങൾ വലുതായിരുന്നു. പിന്നീട് സിത്താർ മാന്ത്രികൻ പണ്ഡിറ്റ് രവിശങ്കറും ടി.കെ. ജയരാമ അയ്യരും നയിച്ച വാദ്യ വൃന്ദ ഓർക്കസ്ട്രയുടെ ഭാഗമായി ഡൽഹിയിൽ തുടർന്നു പ്രവർത്തിക്കാനുള്ള അവസരം അദ്ദേഹത്തെ തേടിയെത്തി. എന്നാൽ അതിനു പോകേണ്ട എന്നായിരുന്നു നടരാജന്റെ തീരുമാനം.

1952ൽ അദ്ദേഹം കോഴിക്കോട്ടുനിന്ന് നാട്ടിലേക്കു മടങ്ങി. അതേവർഷം പിതാവ് മരിച്ചതോടെ കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും നടരാജനിലായി. അനിശ്ചിതത്വങ്ങൾക്കിടയിലും ക്ലാരിനെറ്റുമായി മുന്നോട്ട് എന്ന ഉറച്ചതീരുമാനത്തിൽനിന്ന് നടരാജൻ തെല്ലിടപോലും മാറിയില്ല.

രാജരത്തിനം പിള്ളയുടെ പിന്തുണ അക്കാലത്ത് വളരെ വലുതായിരുന്നു. കല്ലടക്കുറിച്ചിയിൽ ഒരു വലിയ വിവാഹവേദിയിൽ കച്ചേരിനടത്താൻ തനിക്കു ലഭിച്ച അവസരം അദ്ദേഹം നടരാജനു കൈമാറി. വലിയ ആശങ്കയോടെയാണ് നടരാജൻ ആ വേദിയിൽ എത്തിയത്. രാജരത്തിനം പിള്ളയുടെ നിർദേശം അനുസരിക്കാതെവയ്യ. ആ മാന്ത്രികന്റെ നാദസ്വരക്കച്ചേരി കേൾക്കാൻ എത്തിയ വമ്പൻ ജനക്കൂട്ടം തന്റെ ക്ലാരിനെറ്റ് കച്ചേരി എങ്ങനെ സ്വീകരിക്കും എന്നതായിരുന്നു നടരാജന്റെ പേടി. എന്നാൽ കേൾവിക്കാർ നടരാജന്റെ സംഗീതം നിറഞ്ഞ മനസുകളോടെ സ്വീകരിച്ചു. വലിയ ആത്മവിശ്വാസം പകർന്ന സംഭവമായിരുന്നു അതെന്ന് നടരാജൻ പിന്നീടു പറഞ്ഞിട്ടുണ്ട്.



ഏതാനും വർഷങ്ങൾ കഴിഞ്ഞ് രാജരത്തിനം പിള്ളയ്ക്ക് പകരക്കാരനായി ഒരിക്കൽക്കൂടി നടരാജനു വേദിയിൽ ക

യറേണ്ടിവന്നു. 1956 ഡിസംബറിലായിരുന്നു അത്. ചെന്നൈ മ്യൂസിക് അക്കാദമിയുടെ സംഗീതോത്സവത്തിൽ ആ ക്രിസ്മസ് ദിനത്തിൽ കച്ചേരി അവതരിപ്പിക്കേണ്ടിയിരുന്നത് രാജരത്തിനം പിള്ളയായിരുന്നു. എന്നാൽ അതിനു രണ്ടാഴ്ചമുമ്പ് അദ്ദേഹം വിടപറഞ്ഞു. സംഘാടകർക്ക് ആ വിടവുനികത്താൻ എ.കെ.സി. നടരാജൻ എന്ന പേരു മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രാർഥനാപൂർവം നടരാജൻ രാഗസഞ്ചാരം നടത്തി., കേൾവിക്കാരുടെ ഹൃദയങ്ങളിലൂടെ.

## വൈകിവന്ന അംഗീകാരങ്ങൾ

എത്രയോ പതിറ്റാണ്ടുകളായി രാഷ്ട്രത്തിന്റെ ബഹുമതികൾ നടരാജൻ അർഹിച്ചിരുന്നു എന്നാവും സംഗീതപ്രേമികളുടെ പക്ഷം– പത്മശ്രീ ആയാലും കേന്ദ്ര ഫെലോഷിപ്പ് ആയാലും. ബഹുമതികൾ നടരാജന് അത്രവലിയ വിഷയമല്ല. പത്മശ്രീ പ്രഖ്യാപനത്തിന്റെ പിറ്റേന്നു രാവിലെ ആകാശവാണിക്കുവേണ്ടി ഒരു റെക്കോർഡിംഗിനു പോകാനുള്ള ഒരുക്കത്തിലായിരുന്നു അദ്ദേഹം! കോവിഡ് പടർന്നതോടെ മാറ്റിവച്ച പരിപാടികൾ പൂർത്തിയാക്കുന്ന തിരക്കായിരുന്നു അദ്ദേഹത്തിന്– ആഹ്ലാദപൂർവം.

സംഗീതകുടുംബത്തിൽ ജനിച്ച നടരാജൻ ആറാം വയസിൽ അഭ്യസിച്ചു തുടങ്ങിയത് നാദസ്വരവും വായ്പ്പാട്ടുമാണ്. അച്ഛൻ ആ ക്ലാരിനെറ്റ് വാങ്ങിനൽകിയതോടെ അതിനോടായി കൂടുതൽ ഇഷ്ടം. നാദസ്വരവുമായി മുന്നോട്ടുപോകാൻ പലരും ഉപദേശിച്ചെങ്കിലും ക്ലാരിനെറ്റിനോടു തോന്നിയ പ്രണയം നടരാജൻ ഉപേക്ഷിച്ചില്ല. ഈ വിദേശ സംഗീതോപകരണത്തിൽ കർണാടക സംഗീതം എങ്ങനെ വഴങ്ങുമെന്നു നെറ്റിചുളിച്ചവരും ധാരാളം. നടരാജൻ അതിനൊരു വഴി കണ്ടെത്തി.

ക്ലാരിനെറ്റിനെ ആവശ്യാനുസരണം ഒന്നു മോഡിഫൈ ചെയ്യുകയായിരുന്നു ആ വഴി. ക്ലാരിനെറ്റിലെ ഫിംഗർ ഹോളുകളുടെ എണ്ണമങ്ങു ചുരുക്കി. എട്ടെണ്ണം മെഴുകുവച്ച് അടച്ചു. നാദസ്വരത്തോളം നീളം തോന്നുന്നവിധം അറ്റത്ത് ലോഹത്തിന്റെ ഭംഗിയുള്ള ഒരു ചുറ്റ് ഉറപ്പിച്ചു. ദിവസേന എട്ടുമണിക്കൂർവരെ പരിശീലനവും തുടങ്ങി. പതിയെ കർണാടക സംഗീതത്തിന്റെ ദുഷ്കരമായ വഴികൾ ക്ലാരിനെറ്റിനു മുന്നിൽ പട്ടുവിരിച്ചുകിടന്നു.



നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്ലാരിനെറ്റാണ് അദ്ദേഹം വായിക്കുന്നത്. ബംഗളൂരുവിലെ ഒരു ആംഗ്ലോ-ഇന്ത്യൻ ബാൻഡ് അംഗത്തിൽനിന്ന് ഇരുനൂറു രൂപയ്ക്ക് അച്ഛൻ വാങ്ങിയതാണ് ഇത്. ഇന്നത്തെ മൂല്യം വച്ചു നോക്കിയാൽ രണ്ടു ലക്ഷത്തിലേറെ രൂപ വിലവരും– നടരാജൻ ഒരിക്കൽ ഓർമിച്ചു.

അദ്ദേഹത്തിന്റെ സംഗീതത്തിന് എത്ര കോടി വിലയിട്ടാലാണ് തികയുക!! ഒരിക്കലും തികയില്ല.




# വായനാദൂതുമായി സഹൃദയ സദസ്സ്

**സ്വന്തം ലേഖകൻ**

**എ**ഴുത്തുകാർ വായനശാലയിൽ ഒത്തുകൂടുന്നതിൽ പുതുമയില്ല. എന്നാൽ എഴുത്ത് അറിയാത്തവർക്കിടയിൽ അക്ഷരപ്പെരുമ പരത്താൻ ശ്രമിക്കുന്ന ഒരു വായനശാലയിൽ എഴുത്തുകാരുടെ ഒരു കൂട്ടം എത്തിയത് കൗതുകം ജനിപ്പിക്കുന്നതാണ്. വ്യാപാരകേരളം മാസികയുടെയും വാർത്താകേരളം ഓൺലൈൻ ന്യൂസിന്റെയും ആഭിമുഖ്യത്തിൽ, തൃശ്ശൂർ എൽത്തുരുത്തിലെ രവീന്ദ്രനാഥ ടാഗോർ വായനശാലയിൽ ഒത്തുചേർന്ന സഹൃദയ സദസ്സിലെ വിശേഷങ്ങൾ ശ്രദ്ധയർഹിക്കുന്നതാണ്.

നഗരത്തിന്റെ ഒരു ഒഴിഞ്ഞ കോണിൽ ഏറെക്കുറെ നിരക്ഷരർക്കിടയിലാണ് ടാഗോർ വായനശാലയുടെ പ്രവർത്തനം. അക്ഷരസാഗരം കരയ്ക്കിരുന്ന് നോക്കിക്കാണുന്നവരത്രേ തദ്ദേശവാസികൾ. പ്രാഥമിക വിദ്യാഭ്യാസം പോലും നേടാൻ കഴിയാതിരുന്നവർ ഇവിടെ ഏറെയാണ്. ഇവരുടെ കുട്ടികൾ ഹൈസ്കൂളും കടന്ന് കോളേജുകളിൽ എത്തിയിട്ടുണ്ട്. മൊബൈൽ ഫോണും ഇന്റർനെറ്റും ജീവിതചര്യയാക്കിയ, എവിടെയുമുള്ള ചെറുപ്പക്കാരെ പോലെ ഇവർക്കും വായനശാലയുടെ പടി ചവിട്ടാൻ മടി. സ്റ്റീൽ റാക്കുകളിൽ സ്പർശമേൽക്കാതെ വീർപ്പടക്കി കഴിയുന്ന പുസ്തകങ്ങളുടെ വിമ്മിട്ടം കുത്തിപ്പൊട്ടിക്കാൻ തദ്ദേശീയരെ ഉണർത്തുകയെന്ന ലക്ഷ്യമായിരുന്നു സഹൃദയ സദസ്സിന്.

റാക്കുകളിൽ തുറക്കപ്പെടാതെയിരിക്കുന്ന പുസ്തകങ്ങളുടെ സ്രഷ്ടാക്കൾ തന്നെ നേരിട്ടെത്തി. കവിത ചൊല്ലി. കഥ പറഞ്ഞു. നർമ്മ പ്രഭാഷണങ്ങളും പകർന്നു. ധൈഷണിക സംവാദങ്ങൾക്ക് പശ്ചാത്തലമായിട്ടില്ല എന്ന തിരിച്ചറിവോടെ കൊച്ചു കൊച്ചു വിശേഷങ്ങളിൽ അഭിരമിക്കുവാൻ എഴുത്തുകാർ ശ്രദ്ധിച്ചിരുന്നു.

മുല്ലനേഴിയുടെ 'ഗുരു പ്രണാമം' കാവ്യാർച്ചനയോടെ ആയിരുന്നു സഹൃദയ സദസ്സിന്റെ തുടക്കം. തിയോ സിയുടെ ആലാ



പനം ഒരു നല്ല തുടക്കം സമ്മാനിച്ചു. കഥാകൃത്തും നോവലിസ്റ്റുമായ സി ആർ രാജനാണ് ആമുഖപ്രഭാഷണം നടത്തിയത്. ജനഹൃദയത്തിലെത്തുന്നതിനുള്ള ഒരു വായനശാലയുടെ സഞ്ചാരത്തിന്റെ സവിശേഷ ഘട്ടമാണ് ഇവിടെ സംഭവിച്ചിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നിരക്ഷരർക്കിടയിലും വായനശാലയുടെ പ്രസക്തിയെ സംബന്ധിച്ച് അധ്യക്ഷത വഹിച്ച വായനശാല പ്രസിഡണ്ട് ലാലി ജെയിംസ് സംസാരിച്ചു. സദസ്സിൽ എത്തിയവരേക്കാൾ കൂടുതൽ പേർ ചുറ്റിനുമുള്ള തങ്ങളുടെ ഭവനങ്ങളിലിരുന്ന് ഈ സദസ്സിനെ കേൾക്കുന്നുണ്ട് എന്നതിലെ ഹർഷം പങ്കുവെച്ചായിരുന്നു ഡോ. സി രാവുണ്ണിയുടെ മുഖ്യ പ്രഭാഷണം.






വിവിധ പുരസ്കാരങ്ങൾക്ക് അർഹമായ വി പി എന്ന കഥ ഉൾപ്പെടുന്ന 'വി പിയും മറ്റു കഥകളും' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം തുടർന്നു നടന്നു. ഗ്രന്ഥകാരൻ സി ആർ രാജന്റെ സാന്നിധ്യത്തിൽ ഡോ. സി രാവുണ്ണി പുസ്തകം പ്രകാശനം ചെയ്തു. കഥാകൃത്ത് സുരേന്ദ്രൻ മങ്ങാട് പുസ്തകം ഏറ്റുവാങ്ങി. കവിയും കഥാകാരനുമായ സുഭാഷ് പോണോളി കഥാസമാഹാരം പരിചയപ്പെടുത്തി. പത്രപ്രവർത്തകനും കോളമിസ്റ്റും അവതാരകനുമായ ഫ്രാങ്കോ ലൂയിസ് ആശംസകൾ നേർ







ന്നു.

കഥാകൃത്തും നോവലിസ്റ്റുമായ വി പി ജോൺസ്, മുതിർന്ന പത്രപ്രവർത്തകൻ മോഹൻദാസ് പാറപ്പുറത്ത്, കഥാകൃത്ത് സി ജി അശോകൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. വായനശാലയുടെ ഉപഹാരം നൽകി ഡോ. സി രാവുണ്ണിയെ ആദരിച്ചു.



എഴുത്തിടങ്ങളിലെ പോരാട്ടങ്ങളെ സംബന്ധിച്ച് വി പി ജോൺസും വാർത്താലേഖകൻ എന്ന നിലയിൽ ലോകരാഷ്ട്രങ്ങൾ സന്ദർശിച്ചതിന്റെ ഓർമ്മകൾ മോഹൻദാസ് പാറപ്പുറത്തും പങ്കുവെച്ചു. വ്യാപാരകേരളം മാസികയോടൊത്തുള്ള സഹയാത്ര, സി.ജി. അശോകൻ അനുസ്മരിച്ചു. 'എന്റെ പുസ്തകം വായനശാലയ്ക്ക്' എന്ന പരിപാടിയും നടന്നു. എഴുത്തുകാർ തങ്ങളുടെ പുസ്തകങ്ങൾ വായനശാലയ്ക്ക് സമ്മാനിച്ചത് നവ്യാനുഭവമായി.






തുടർന്നു നടന്ന കവി സദസ്സിൽ ജയപ്രകാശ് എറവ്, ദർശന, ചാക്കോ ഡി അന്തിക്കാട്, അജിത രാജൻ, പ്രിൻസ് ടി എം, സി ജി അശോകൻ, ബീന ബിനിൽ, ഷേർലി ഡേവിസ്, പേളി ജോസ്, പി എം എം ഷെരീഫ് എന്നിവർ സ്വന്തം കവിതകൾ അവതരിപ്പിച്ചു. സഹൃദയ സദസ്സിന്റെ ട്രഷറർ പേളി ജോസ് സ്വാഗതവും സെക്രട്ടറി രാജൻ എലവത്തൂർ നന്ദിയും പറഞ്ഞു. എഴുത്തുകാരായ പിയാർകെ ചേനം, കെ എം മുഹമ്മദ്, കെ ആർ ജോൺസൺ, കെ മുരളീധരൻ, ശ്രീനിവാസൻ പി കെ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.





സജന സന്തോഷ്

# ദൈവത്തിന്റെ കുഞ്ഞ്

ഒരു സാധാരണ പെണ്ണിന്റെ സ്വകാര്യ അഹങ്കാരമാണ് ജീവന്റെ തുടിപ്പ് പറ്റിച്ചേർന്നിരിക്കുന്ന തന്റെ ഗർഭപാത്രം. ചില നേരങ്ങളിൽ അവൾക്കു ശാപമായി മാറുന്നതും അതു തന്നെയല്ലേ? വിളമ്പി വെച്ച ചോറിനു മുന്നിലിരുന്ന് അവളോർത്തു. ഇനിയും തന്റെ കണ്ണുകൾ നിറയില്ലെന്ന് തീരുമാനിച്ചിരുന്ന അവൾക്ക് പക്ഷേ കരയാതിരിക്കാനായില്ല.

അതിരാവിലെ എഴുന്നേറ്റ് കുളിച്ച് അടുക്കളയിൽ കയറിയതാണ് നന്ദിനി.മീനമാസത്തിലെ രോഹിണി .ഇന്ന് ആര്യ ന്റെ പിറന്നാളാണ്. അവനിഷ്ടപ്പെട്ട കറികളൊരുക്കി സദ്യ വിളമ്പണം. കറികളിൽ അവനേറ്റവും പ്രിയം അവിയലാണ്. വറുത്തരച്ച സാമ്പാർ അവന് ഇഷ്ടമൊക്കെയാണെങ്കിലും കട്ടി കൂടി എന്നു പറഞ്ഞ് വഴക്കിടും. അമ്മയോട് വഴക്കിടലാണല്ലോ ഇപ്പോൾ അവനേറെ സന്തോഷം. എന്തായാലും സാമ്പാറും, കാളനും ,തോരനും, അവിയലും, രസവും, പച്ചടിയും ഉണ്ടാക്കിയിട്ടുണ്ട്. ഇനിയെന്താ ഉണ്ടാക്കുക എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് അമ്മയുടെ ഓർമ്മപ്പെടുത്തൽ.'ഭരണിയിൽ നിന്ന് കടുമാങ്ങ കുറച്ച് പകർത്തിക്കോളൂ കുട്ട്യേ. പപ്പടം കാച്ചി വെച്ചോ ?. പിന്നേയ്, ഇഞ്ചിത്തൈര് ഉണ്ടാക്കാൻ മറക്കണ്ടാട്ടോ.നൂറു കറികളുടെ ഫലാ അതിന് ' .എല്ലാം ഒരുക്കി.

ഇനിയെന്താ? ഓ.....പായസത്തിന്റെ കാര്യം. അപ്പൂന് ഏറ്റവും ഇഷ്ടം പാലട പ്രഥമനാണ്. സദ്യയ്ക്ക് പോയാൽ അവനേറെ ആസ്വദിച്ചു കഴിക്കുന്നതും പാലട തന്നെ. പക്ഷെ, പാൽ കഴിക്കരുതെന്ന് ഡോക്ടർ പറഞ്ഞതിൽ പിന്നെ ഒരു പായസവും വീട്ടിലുണ്ടാക്കിയിട്ടില്ല. കായ തൊലി കളഞ്ഞ് വെച്ചിട്ടുണ്ട്. അത് വറുത്തു കോരണം. കൊണ്ടാട്ടങ്ങൾ ഇത്തിരി എടുത്ത് വറുത്തു വെച്ചാൽ എല്ലാം ആയി.

' നന്ദിനി.......'

ശേഖരേട്ടനാണല്ലോ . എന്തിനായിരിക്കും വിളിക്കുന്നത്?

'എന്താ ഏട്ടാ.. .. എന്തിനാ വിളിച്ചത്?'

'ഓ... നീയതും മറന്നോ? നീ പാത്രമെടു

ക്ക്. അമ്പലത്തിൽ ഗണപതി ഹോമവും ,പായസവും കഴിപ്പിച്ചത് ഓർമ്മയില്ലേ? വേഗം വേണം ' .

നന്ദിനി വേഗം തൂക്കുപാത്രമെടുത്ത് ശേഖരനെ ഏല്പിച്ചു. 'അതെ, ഏട്ടാ... അപ്പുറത്തെ മുത്തപ്പന്റെ അമ്പലത്തിലുണ്ടല്ലോ ഇന്നത്തെ പൂജ ആര്യന്റെ പേരിലാ.ഏട്ടൻ അവിടെയും കൂടി ഒന്ന് തൊഴണം ട്ടോ. ശേഖരൻ ശരിയെന്ന അർത്ഥത്തിൽ തലയാട്ടി.'അപ്പു എന്താ എഴുന്നേല്ക്കാത്തത്? ഞാനിന്നലെ ഓർമ്മിപ്പിച്ചതല്ലേ? നേരത്തെ എണീക്കണം. കുളിച്ച് ക്ഷേത്രത്തിൽ പോയി തൊഴണം എന്നൊക്കെ.എന്നിട്ടും ........' നന്ദിനി അപ്പുവിന്റെ മുറിയ്ക്കരികിലെത്തി. വാതിൽ ചാരിയിട്ടേ ഉണ്ടായിരുന്നുള്ളൂ. അകത്തേയ്ക്കു കടക്കാൻ ഒന്നു മടിച്ചെങ്കിലും പതുക്കെ അകത്തു കടന്ന് അവൾ ആര്യന്റെ തലയിൽ തലോടി.

അപ്പൂ, എണീക്ക് കുട്ട്യേ. ഇന്നെങ്കിലും ഇത്തിരി നേരത്തെ എണീറ്റൂടെ?' അവൾ വാത്സല്യത്തോടെ ചോദിച്ചു. ആരോടോ വാശി തീർക്കാനെന്ന പോലെ ആര്യൻ മിണ്ടാതെ കിടന്നു. വീണ്ടും നന്ദിനി അവനെ തലോടിയപ്പോൾ ആര്യൻ കൈ തട്ടി മാറ്റിക്കൊണ്ട് പറഞ്ഞു.

' കടന്നു പോകുന്നുണ്ടോ എന്റെ മുമ്പീന്ന്. സ്നേഹിക്കാൻ വന്നിരിക്കുന്നു.'

ഒന്നും മിണ്ടാതെ നന്ദിനി മുറിയിൽ നിന്ന് പുറത്തു കടന്നു. പതിനെട്ടുകാരന്റെ വാശി.. എന്തിനും ഏതിനും അവന് വാശിയായിരുന്നു.കുട്ടിക്കാലത്ത് ജീവനുള്ള ആനയെ വാങ്ങിത്തരാൻ പറഞ്ഞ് അവൻ ശേഖരേട്ടനെ എത്ര ഇടിയാ ഇടിച്ചത്.കുഞ്ഞല്ലേ എന്നൊരു ആശ്വാസമായിരുന്നു. വളർന്നിട്ടും....

ഇന്നെന്തായാലും അപ്പു ക്ഷേത്രത്തിൽ പോകാൻ സാധ്യതയില്ല.ലക്ഷ്മിയും, വരദയും കുളിച്ചൊരുങ്ങി കാത്തിരിക്കുകയാണ് ഏട്ടനോടൊപ്പം ക്ഷേത്രത്തിൽ പോകാൻ. വെറുതെയാണ് ആ മോഹം എന്നറിഞ്ഞിട്ടും രണ്ടും കാത്തിരിക്കും.

നന്ദിനി മുണ്ടും, നേര്യതും ഒന്നു നേരെയാക്കി, നീണ്ടു ചുരുണ്ട മുടി ഒന്നൊതുക്കി വെച്ച് പെൺമക്കളേയും കൂട്ടി ക്ഷേത്രത്തിലേയ്ക്ക് യാത്രയായി.

'എന്താ അമ്മേ ഏട്ടൻ ഇങ്ങനെ?' വരദയുടെ സംശയം.

നന്ദിനി അവളുടെ മുഖത്തേയ്ക്ക് സൂക്ഷിച്ചു നോക്കി. വരദ പിന്നെ ഒന്നും മിണ്ടിയതേ ഇല്ല.

തന്റെ ഇഷ്ടദേവനെ തൊഴുതു നില്ക്കുമ്പോൾ അവൾ പോലുമറിയാതെ അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.

'എന്റെ കുഞ്ഞിനെ പരീക്ഷിക്കരുതേ മഹാദേവാ. കാത്തോളണേ'.അവൾ ഉള്ളുരുകി പ്രാർത്ഥിച്ചു.

വീട്ടിലെത്തിയിട്ടും അവളുടെ മനസ്സു മുഴുവൻ പ്രാർത്ഥനയിലായിരുന്നു. സമയം പന്ത്രണ്ടരയായിരിക്കുന്നു. ആര്യൻ ഇനിയും എഴുന്നേറ്റിട്ടില്ല. സങ്കടം വരുമ്പോൾ പുസ്തകമെടുത്ത് വായിക്കൽ നന്ദിനിയുടെ ഒരു ശീലമാണ്. അന്നവൾ താൻ വായിച്ചു നിർത്തിയ പുസ്തകമെടുത്തു നിവർത്തി .അതിലെ ഒരു വാചകം അവളുടെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. ' ബന്ധങ്ങളുടെ വേദന കുറയ്ക്കാൻ എന്റെ കൈവശം ഒരേയൊരു മരുന്നേയുള്ളൂ -വെറുപ്പ് ' .സമുദ്രശിലയിലെ നൂറ്റിപതിനേഴാമത്തെ പേജിലെ വാചകം. സുഭാഷ് ചന്ദ്രൻ. വിരലുകളിൽ ദൈവത്തിന്റെ മാന്ത്രിക സ്പർശമുള്ള ആ വലിയ മനുഷ്യൻ, തന്റെ പ്രിയ എഴുത്തുകാരൻ തന്നെ ഉദ്ദേശിച്ചായിരിക്കുമോ ഈ വാചകം എഴുതിയിരിക്കുന്നത്. നാളെ... എന്റെ മരണം സംഭവിച്ചാൽ ......

അതാ... ആര്യൻ വരുന്നുണ്ട്. നന്ദിനി പുസ്തകം എടുത്തു വെച്ച് നിലവിളക്കു കൊളുത്തി വെച്ചു. അതിന് എതിർവശത്തായി പായ വിരിച്ചിട്ടു.പകർത്തി വെച്ചിരുന്ന ചോറും ,കറികളുമെടുത്ത് തറയിൽ വെച്ചു.ആര്യൻ പല്ലു തേയ്ക്കുകയാണ്. ദാ ഇപ്പൊ കുളിച്ചു വരും. ഫ്രിഡ്ജിൽ വെച്ചിരിക്കുന്ന കേക്കെടുത്ത് മേശ മേൽ വെച്ചു. അവൾ നോക്കി നില്ക്കെ അവൻ നേരെ അടുക്കളയിൽ പോയി കിണ്ണത്തിൽ അല്പം ചോറും, സാമ്പാറുമെടുത്ത് മേശയ്ക്കരികിലെത്തി.

' അപ്പൂ... ദാ ഇല വെച്ചിട്ടുണ്ട്. അമ്മ വിളമ്പിത്തരാം. വാ മോനെ! ' നന്ദിനിയുടെ വാക്കുകൾക്ക് അല്പം പോലും വില കല്പിക്കാതെ ആര്യൻ താൻ വിളമ്പിയ ചോറും കഴിച്ച് മുറിയിൽ കയറി വാതിലടച്ചു. സങ്കടം സഹിക്കാനാവാതെ നിന്ന നന്ദിനി ആദ്യമായി തന്റെ ഗർഭപാത്രത്തെ ശപിച്ചു. അവളുടെ സങ്കടങ്ങൾക്ക് ആശ്വാസമായി സമുദ്രശിലയിലെ കഥാപാത്രമായ സുപ്രഭ പൈ അവളുടെ മനസ്സിൽ മെല്ലെ മന്ത്രിച്ചു.. 'ദൈവം തനിക്കേറ്റവും പ്രിയപ്പെട്ട കുഞ്ഞിനെ സംരക്ഷിക്കാനായി ഒരുവളെ തേടി നടക്കുകയായിരുന്നു. അവൾ നീയാണ്. ദൈവത്തിനേറ്റവും പ്രിയപ്പെട്ട കുഞ്ഞ്. അവനു വേണ്ടി നിന്റെ ഗർഭപാത്രം തെരഞ്ഞെടുത്തുവെങ്കിൽ നീയല്ലേ ഈ ഭൂമിയിലെ ഏറ്റവും ഭാഗ്യവതിയായ അമ്മ'.



– ആനി ജോർജ് പുളിക്കൻ



# ഒരു കുമ്പസാര രഹസ്യം

**നാ**ൽപ്പത്തൊന്നിന് കൊച്ചു വറീതിന്റെ കുഴിമാടത്തിൽ ഒപ്പീസ് ചെല്ലാൻ അച്ചനും കപ്യാരും ബന്ധുക്കളും വന്ന് നിന്നപ്പോൾ ഒരു ചെറിയ, വലിയ കാര്യം കണ്ടു. പൊട്ടിക്കാത്ത അര കുപ്പി വിസ്കി. മൂപ്പരുടെ ബ്രാൻഡ് തന്നെ. പക്ഷേ പ്രശ്നം അതല്ല. ആര്, എപ്പോൾ എന്തിന് ഇത് ഇവിടെ കൊണ്ടു വച്ചു ?ഉത്തരം അറിയാതെ ഓരോരുത്തരും പരസ്പരം നോക്കി. ഓരോ കണ്ണിലും നിഷ്കളങ്ക ഭാവവും ആശ്ചര്യചിഹനവും മാറിമാറി വന്നു. അപൂർവ്വം ചിലർ മാത്രം ഇനി ഉണ്ണിയപ്പത്തിനു പകരം വിസ്കിയായിരിക്കുമോ എന്ന് സന്തോഷത്തോടെ ആകുലപ്പെടുകയും ചെയ്തു. ആകുലം മറ്റൊന്നു കൊണ്ടുമല്ല. ഈ അമ്പതു പേർക്ക് ഇത് എന്തുള്ളു. ഇത് വിഭജിച്ച് വർദ്ധിപ്പിക്കാനൊന്നും ഈ കൊച്ചു വികാരിയച്ചനെ കൊണ്ടാവില്ല എന്ന മുൻവിധി തന്നെ.

ഇളനീർ വെട്ടി വെള്ളം ഓരോ സ്പൂൺ വീതം കൊടുക്കുന്ന ഒരു ആചാ രമുണ്ട്, മന്ത്രയ്ക്ക്. ദുഃഖ വെള്ളിയാഴ്ച കയ്പ്പുനീർ വാങ്ങിക്കുടിക്കുന്ന അതേ ഭക്തിപാരവശ്യത്തോടെ ആളുകൾ വാങ്ങിക്കുടിക്കുന്നത് ഞാൻ കണ്ടിട്ടുമുണ്ട്. അതുകൊണ്ട് തന്നെ വിസ്കി ഇളനീർ കൂട്ടി അടിക്കാമെന്ന് ചിലർ ചുമ്മാ വ്യാമോഹിക്കുകയും ചെയ്തു.

എന്നാൽ ഒപ്പീസ് കഴിഞ്ഞ ഉടനെ അച്ചൻ കണ്ണുകൊണ്ട് ആദ്യം കപ്പ്യാരെയും പിന്നെ കുപ്പിയിലേക്കും രണ്ടുവട്ടം നോക്കുന്നത് കണ്ടു. സിഗ്നൽ മനസ്സിലാക്കിയ കപ്യാർ ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ, ബാക്കി സാധന സാമഗ്രികളുടെ കൂട്ടത്തിൽ വിസ്കിയും എടുത്ത് അനുസരണയുള്ള കുഞ്ഞാടിനെ പോലെ അച്ചന്റെ തൊട്ടു പുറകെ ബദ്ധപ്പെട്ട് ഓടിനടക്കുകയും ചെയ്തു.

മാഷ് പോയ ക്ലാസ്മുറി പോലെ കുഴി

മാടത്തിനു ചുറ്റും നിന്ന് ഭക്തജനങ്ങളും ബന്ധുക്കളും ഘോരഘോരം പിന്നെ ചർച്ചയായി. ആര് ? എന്തിന് ? എപ്പോൾ ? അതാണെല്ലാവർക്കും അറിയേണ്ടിയിരുന്നത്.

പതിവുപോലെ സ്ത്രീകൾ സാരിത്തലപ്പു കൊണ്ട് തലയും മുഖവും മറച്ച്, പരദൂഷണ വ്യാപാര വ്യവസായം പൊടിപൊടിക്കുക തന്നെ ചെയ്തു. കടുകട്ടിയായ ഉണ്ണയപ്പങ്ങൾ നിരാശയോടെ ഏറ്റുവാങ്ങുന്നതു ഒരു ദാരുണ കാഴ്ചയായിരുന്നു. ഒപ്പീസ് കഴിഞ്ഞു വരുന്നവരുടെ മുഖത്തെല്ലാം ആശ്ചര്യ ചിഹ്നമിട്ട ചെറുപുഞ്ചിരി വിടർന്നിരുന്നു. പ്രശ്നം അവിടെ അവസാനിച്ചു എന്ന് ഞാനടക്കം ഒട്ടുപേർ ആശ്വസിക്കുകയും ചെയ്തു.

പക്ഷേ യഥാർത്ഥ പ്രശ്നം പൊന്തി വന്നത് അടുത്ത ഞായറാഴ്ച കുർബ്ബാനയ്ക്ക് ശേഷമാണ്. ബാക്കി നാൽപത് ദിവസത്തെ ഹാഫ് ബോട്ടിൽ എവിടെ ? അച്ചൻ കപ്യാരോട് ശബ്ദമില്ലാതെ ഉറക്കെ ചോദിക്കുകയും നിഷ്കളങ്കനായ കപ്യാർ ആകാശത്തേക്ക് നോക്കി നിശബ്ദം കൈ മലർത്തുകയും ചെയ്തു.

പക്ഷേ ഇതിന് ഒരു ദൃക്സാക്ഷിയും ശ്രവണസാക്ഷിയുമുണ്ടായിരുന്നു. അത് അയാൾ ഒട്ടും സമയം കളയാതെ അടുത്ത ബന്ധുക്കളോട് മാത്രം സ്വകാര്യം പറയുകയും, അങ്ങനെ അത് ഇടവക മുഴുവൻ പരത്തുകയും ചെയ്തു.

തൊട്ടടുത്ത ഇടവകകളിലേക്ക്, പെണ്ണിനെ കെട്ടിക്കുകയോ, പെണ്ണ് കെട്ടുകയോ ഒക്കെയായി സ്ഥായിയായ ബന്ധങ്ങൾ സൂക്ഷിക്കുന്നവരായതിനാൽ പൂർവ്വാധികം ശക്തിയോടെ അത് രൂപത മുഴുവനും കൊറോണ പോലെ പെട്ടെന്ന് പടരുകയും ചെയ്തു. മനോധർമ്മം പോലെ മേമ്പൊടി ചേർത്ത് ഒരു ചെറുകഥയിൽ നിന്ന് ഒരു നീണ്ട കഥയോളം കാര്യങ്ങൾ കൈവിട്ടു പോയിരുന്നു.

എന്റെ പരിമിതമായ വിവരശേഖരണം വെച്ച് പ്രശ്നം ഗുരുതരമാകുന്നത് കൊച്ചുവറീതിന്റെ ഭാര്യയായ കുഞ്ഞന്നാമ്മയുടെ കുമ്പസാരത്തോടെയായിരുന്നു.

"അച്ചോ മരിക്കുന്നതിനു മുമ്പ് അരക്കുപ്പി വിസ്കി എന്റെ ശവപ്പെട്ടിയിൽ വെയ്ക്കണമെന്ന് അങ്ങേരെന്നോട് ഏൽപിച്ചിരുന്നു. അന്നത്തെ ആ തിരക്ക് കാരണം എനിക്ക് അതിന് സാവകാശം കിട്ടിയില്ല. പിറ്റേ ദിവസം മുതൽ മുട ഞ്ഞാതെ എല്ലാ ദിവസവും അതിരാവിലെ തന്നെ ഞാൻ കൊണ്ടുവെച്ചിരുന്നു. വീട്ടിലിത് കുറച്ചധികം ഇരിപ്പുണ്ട്. ബന്ധുക്കളെല്ലാം വിദേശത്തല്ലെ ?. ആരു വന്നാലും പുള്ളിക്കാരന് കൊടുക്കുന്നത് ഇത് തന്നെയാ. എനിക്കാണെങ്കിൽ ഇതിന്റെ രുചിയങ്ങ് പിടിക്കത്തില്ല. ഉറക്കം വരാതിരിക്കുമ്പോൾ അൽപം ബ്രാൻഡി കുടിച്ചാൽ എനിക്ക് അത് മതി. ചുമ്മാ അന്യാധീനപ്പെടേണ്ട എന്ന് കരുതി. മൂപ്പർക്ക് ഒരു നേരം പോക്കുമായിക്കോട്ടേന്നും ഞാൻ കരുതി. അല്ലാതെ

ഇതുപോലെ ഒരു പുകിലാകുമെന്നൊന്നും ഞാൻ ചിന്തിച്ചതേയില്ലച്ചോ' – അച്ചൻ പ്രായശ്ചിത്തം കൊടുത്തതെന്താണെന്ന് കേൾക്കാനൊന്നും ഒളിഞ്ഞു കേട്ട ഇടവകക്കാരൻ മിനക്കെട്ടില്ല. അങ്ങനെയാണ് നാൽപത് ദിവസത്തിന്റെ കണക്ക് പിടി കിട്ടാതെ അച്ചൻ അങ്കലാപ്പിലായത്.

'നാൽപത് ദിവസം മറ്റാരെങ്കിലും അതു കൊണ്ടുപോയതാണെങ്കിൽ എന്തുകൊണ്ട് നാൽപത്തൊന്നാം ദിവസത്തെ അയാൾ കൊണ്ടുപോയില്ല.' കുഞ്ഞന്നാമ്മയ്ക്ക് അതിനും ഉത്തരമുണ്ട്. 'മന്ത്രായ്ക്ക് ബന്ധുക്കളൊക്കെ കൂടി

വന്നതിനാൽ ഞാൻ വരാൻ ഇച്ചിരെ വൈകി അച്ചോ. അപ്പോഴേയ്ക്കും മൂപ്പര് സ്വർഗത്തിലേക്ക് ഉയർന്നു പോയിട്ടുണ്ടാവും.'

ബാക്കിയെല്ലാ ദിവസവും അരകുപ്പി അടിച്ചു ഫിറ്റായിപ്പോയ ആത്മാവ് സ്വർഗത്തിലേക്ക് പോയെന്ന് വിശ്വസിക്കാനാവാതെ അച്ചൻ കുഞ്ഞന്നാമ്മയെ നോക്കി. ഇല്ല. അവിടെ സംശയം ഏതുമില്ല. തികഞ്ഞ വിശ്വാസം മാത്രം !.

"നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ' എന്ന് പറഞ്ഞ് സമാപന ആശീർവാദവും കൊടുത്ത് അച്ചൻ കുഞ്ഞന്നാമ്മയെ പറഞ്ഞയച്ചു.

പിറ്റെയാഴ്ചയിലെ ഞായറാഴ്ച പ്രസംഗത്തിന്റെ തയ്യാറാക്കിയ കുറിപ്പ് വീണുകിട്ടിയത് എനിക്കാണ്. 'അനുസരണം നല്ലതാണ്. പക്ഷേ ഇത്രയ്ക്കും വേണോ ?'എന്നായിരുന്നു കുറിപ്പിൽ.

ഇതു ഞാൻ മാത്രമെ കണ്ടുള്ളു. ഇപ്പോൾ ഇതു വായിച്ച നിങ്ങളും.

●

# കാവ്യ ഭ്രമണപഥ വീഥികൾ



ജയപ്രകാശ് എറവ്




അനുഭവങ്ങളുടെ നെരിപ്പോടിൽ ഉലയൂതിക്കാച്ചിയെടുക്കുന്ന അക്ഷരങ്ങളുടെ ക്രമീകരണവും, ശ്രേണീ ബദ്ധതയും, മനസ്സിന്റെ വാതായനങ്ങൾ തുറന്ന് കവിതയുടെ സ്വാഭാവിക ബഹിർഗമനത്തിന് ഇന്ധനമായി തീരുന്നുണ്ട്. നീണ്ടൊരു കാത്തിരിപ്പിന്റെ അതിസുക്ഷ്മ നിമിഷാർധത്തിലാണ് പുറംതോട് പൊട്ടിച്ച് ആശയസമ്പന്നതയുടെ തിരുപ്പിറവി സംഭവിയ്ക്കുന്നത്. ആ വെളിച്ചപ്പെടലാണ് കവിതയായി രൂപം കൊള്ളുന്നത്. ദർശന എന്ന കവി സ്വയം വെളിപ്പെടുത്തുന്നത് ഇങ്ങനെയൊരു ബ്രാഹ്മമുഹൂർത്തത്തിലാണ്. എഴുതുന്ന വരികളിൽ തുളുമ്പുന്ന നിർമലത ദർശനയുടെ കവിതകളിലെ മുഖമുദ്രയാണ് . സ്വയം തെരഞ്ഞെടുത്ത ഭ്രമണപഥത്തിലൂടെ, സഞ്ചാരപാതയുടെ വ്യതിചലനമില്ലാതെ ഓരോ ചുവടും ദർശന കൃത്യമായി അളന്നെടുത്ത് മുന്നേറുന്നു.

കവി സ്വപ്നം കാണുന്ന നാളത്തെ ലോകം അതിവിദൂരമാണ്. മനസ്സിന്റെ വിഭ്രാത്മക സഞ്ചാരത്തിലൂടെ അക്ഷരശൃംഖലകൾ തീർത്ത് ദൂരത്തെ സമീപസ്ഥമാക്കി തീർക്കുന്ന ഇന്ദ്രജാലം ദർശനയുടെ സർഗരചനയിലുടനീളം നമുക്ക് ദൃശ്യമാകും. ജീവിതവും, പ്രണയവും, വിരഹവും കലഹവും , പ്രതിഷേധങ്ങളും പ്രതിരോധങ്ങളും , നാളെയിലേക്കുള്ള പ്രതീക്ഷകളും ദർശനയുടെ കവിതകൾ പങ്കുവയ്ക്കുന്നുണ്ട്.

ജൈവ സംസ്കൃതിയുടെ സഞ്ചിതശേഖരം കവിതകളുടെ അന്തർധാരയായി നില കൊള്ളുന്നു. പ്രകൃതിയുടെ നിറവ് അനുഭവിച്ച് തീർക്കാൻ പറ്റാത്ത ഒന്നാണ്. പ്രകൃതിയുമായിട്ടുള്ള സഹജീവനം കവിയുടെ

ഉപബോധമനസ്സിലെ അക്ഷരഖനിയുടെ ആഴം കൂട്ടുന്നുണ്ട്. ഈ ജൈവനൈരന്തര്യത്തിന്റെ അനസ്യൂതത കവി മനസ്സിന്റെ അടങ്ങാത്ത ചോദനയായി പരിണമിയ്ക്കുന്നതും നാം കാണുന്നു.

ചില കവിതകൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

' നിരാസം ' എന്ന കവിതയിൽ അതിന്റെ ഉൾത്തുടിപ്പ് ഏറ്റുവാങ്ങുന്നത് ഗോതമബുദ്ധനിലൂടെ കവി നടത്തുന്ന ആത്മീയാന്വേഷണത്തിന്റെ ഭാഗമായി കാണാം. ഗോതമബുദ്ധൻ ഇവിടെ ഇന്ദ്രീയങ്ങളെ ഉണർത്തി നിറഞ്ഞ് നില്ക്കുന്നു. ' ബുദ്ധനെ അറിയുക എന്നത് നമ്മുടെ ജീവിത സത്യത്തെ കൂടുതൽ തൊട്ടറിയുക ' എന്നുള്ളതും വലിയൊരു സത്യം തന്നെയാണ്.

' ഗയ ഉപേക്ഷിക്കുമ്പോൾ
ഞാൻ ഉപേഷിക്കുന്നത് നിന്നെയാണ്
തേടുന്നത് എന്നെത്തന്നെയും ' .

സ്വയം ഉപേക്ഷിക്കുകയും തേടുകയും ചെയ്യുന്ന കവിത.

' വയ്യനിക്കിരമ്പും നഗരത്തിരക്കിൽ
മുഴങ്ങും യന്ത്രക്കലമ്പലിന്നിടയിലായ്
ജീവിതം തള്ളിനീക്കുവാൻ ' .

എന്ന് കവി പറയുമ്പോൾ അത് രണ്ട് ലോകങ്ങൾക്കിടയിൽപ്പെട്ട് ജീവിതത്തെ നോക്കി കാണുകയാണ്. മക്കൾ പടിയിറ ങ്ങുമ്പോൾ കൂടെ പോകാൻ പറ്റാത്തൊരു മാതൃഹൃദയം ഇവിടെ വേവുന്നത് കാണാം. ഒരിടം വിട്ട് പോവുക എന്നത് ഹൃദയം പറിച്ച് വെച്ച വേദനയായ് മാറുന്നു. ശാന്തമായ ഒന്നിൽ നിന്ന് പോകുവാൻ വയ്യ. സദാ തിരക്ക് പിടിച്ച നഗരത്തിലേക്ക് അന്യരായി മാറുന്ന മുഖമായി തീരുവാൻ മനസ്സ് ഒരുക്കമല്ല എന്ന് ' മക്കളോട് ' എന്ന കവിത പറയുന്നു.

എവിടെയും ഒളിക്കാൻ പറ്റാത്തൊരു കാലമാണ് നമുക്ക് മുന്നിൽ. ജീവിതത്തിൽ നിന്ന് ഒളിച്ചോടി പോവുക എന്നത് തിരികെ വരാത്തൊരു സത്യമായ് കാണാം. അത് മരണം മാത്രം . സുരക്ഷിതം എന്ന് പറയുന്നത് വെറുമൊരു വാക്ക് മാത്രം. അതൊരു കാലഭീകരത തന്നെ

'ഒരു പകലും രാത്രിയോളം തന്നെ
സുരക്ഷിതമല്ലയെന്നറിയുന്നിടത്തോളം
എന്റെ വ്യഥകൾ അവസാനിക്കയില്ല'.

ഇന്നിന്റെ അവസ്ഥ തന്നെയാണിത്. 'ഒളിവിടം ' എന്ന കവിത പറഞ്ഞ് വെക്കുന്ന ആകുലതകൾ അത് തന്നെ.

'ലോകത്തിന്റെ അന്ധനയനങ്ങൾ ' വെളിച്ചത്തിലേയ്ക്കല്ല അന്ധകാരത്തിലേക്കാണ് നയിക്കുന്നതെന്ന് കവി പറയുന്നു.

' എനിക്ക് നിന്നെയും
നിനക്ക് എന്നെയും
വാക്കുകളിൽ പോലും
തിരയാനാകുന്നില്ലയെങ്കിൽ
നമ്മളൊന്നെന്ന്
പറയുന്നതെങ്ങനെ '?.

കാലത്തിനൊപ്പം മാറി വരുന്ന മനുഷ്യ മനസ്സിന്റെ സന്ദേഹങ്ങൾ ' വെറുതെ ' എന്ന കവിതയിൽ കാണാം.

'മഞ്ഞ്മലയുടെ നാട്ടിൽ നിന്നൊരാൾ ,
മേഘങ്ങളുടെ വീട്ടിൽ നിന്നൊരാൾ , കടൽച്ചുഴിയിൽ നിന്നൊരാൾ ', ഇവിടെയെല്ലാം സ്വയം ആശ്വാസം കണ്ടെത്തി കവി തന്നിലേക്ക് എത്തിചേരുമ്പോൾ ഞാനും, നീയും എന്ന ലോകത്ത് ഒരു നല്ല വാക്ക് പോലും പറയുവാനാകാതെ പടിയിറങ്ങി പോവുമ്പോൾ ' വെറുതെയായി ' പോകുന്ന നിമിഷങ്ങൾ അതൊരു നടപ്പ് കാലച്ചിത്രം തന്നെയായി മാറുന്നു.

ഒട്ടേറെ ഇഷ്ട കവിതകളുടെ നിറസമ്പത്ത് തന്നെയാണ് 'പ്രണയത്തിലകപ്പെട്ടതിന്റെ ഏഴാംനാൾ ' എന്ന സമാഹാരത്തിലൂടെ വായനാസമൂഹത്തിന് മുന്നിൽ ദർശന സമർപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ ഒരു കവിതാ സമാഹാരം വായനയ്ക്കെടുമ്പോൾ അതിലെ എല്ലാ കവിതകളും പ്രതിപാദ വിഷയമാക്കേണ്ടതില്ല എന്ന പക്ഷത്താണ് എന്റെ നിലപാട് .

സമകാലിക മലയാള കവിതയിലും നിരൂപണത്തിലും , വിവർത്തനത്തിലും , കഥയിലും പ്രാമുഖ്യം തെളിയിച്ച ടി.ജി. അജിത ടീച്ചറുടെ അവതാരിക ഈ പുസ്തകത്തെ ഏറെ ധന്യമാക്കുന്നു. ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ഈ കവിതാസമാഹാരം നമ്മിലെ ആസ്വാദകന് നൂറു ശതമാനം തൃപ്തി നല്കും. . ദർശന കവിതയിലകപ്പെട്ടതിന്റെ നാൾവഴികൾ ' (ജീവിത വഴികൾ) ഇതിൽ വ്യക്ത്മാക്കുന്നുണ്ട്. കവിതയുടെ വിജയവും, കവിയുടെ പ്രസക്തിയും ഏറെക്കുറെ ഇവിടെ പൂർണമാകുന്നു.

ദർശനയുടെ കാവ്യസപര്യയ്ക്ക് സകലവിധ ഭാവുകങ്ങളും നേരുന്നു.

●

# ഭൂമിയിൽ വഴിതെറ്റി വന്നവരുടെ കഥ



രാജി

**ഈ** നോവൽ ഒരു വ്യത്യസ്ത തരത്തിൽ അനുഭവവേദ്യമാകുന്നു ഡോ. സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തിൽനിന്നുള്ള ഒരു വരി എന്നിൽ ജിജ്ഞാസ ഉളവാക്കി 'പുസ്തകം ഓടിച്ചു വായിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് പുസ്തകത്തിന്റെ പുറകേ ഓടിയവനാണ് ഞാൻ' എന്തായിരിക്കും. ഈ അഭിപ്രായത്തിനു നിദാനം എന്നായി എന്റെ ചിന്ത. എന്നാൽ പുസ്തകം മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ ഈ അഭിപ്രായം അക്ഷരം പ്രതി ശരിയായി തോന്നി.

ഹരിദാസ് എന്ന കാക്കുട്ടി, ഭാമ എന്നകൊച്ചമ്മ, കാക്കുട്ടന്റെ അമ്മ ദേവി, അച്ഛൻ അനന്തൻ, ചെമ്പൻ എന്നിവരുടെ ചിന്തയിലൂടേയും, പ്രവൃത്തി കളിലൂടേയും മുന്നേറുന്ന കഥയിൽ വേറെയും മിന്നുന്ന കഥാപാത്രങ്ങളുണ്ട്. നൈനിത്താളിലേയ്ക്ക് പോയി ആവോളം ആസ്വദിക്കണം എന്നു വിചാരിക്കുന്ന ഹരിയെ അലഹബാദിലേയ്ക്ക് തീർത്ഥയാത്രയ്ക്ക് കൂട്ടിക്കൊണ്ടു പോകുന്ന കിരൺ. അതിനു നൽകുന്ന വിവരണം ശ്രദ്ധേയം. പുഴയെത്തന്നെ വേറിട്ടൊരു കാഴ്ചപ്പാടിൽ കാണുന്ന ഹരി തികച്ചും വ്യത്യസ്തൻ തന്നെ. സംഗമസ്ഥാനത്ത് മുങ്ങി നിവരുമ്പോൾ മുന്നിൽ കണ്ട തോണിക്കാരന്റെ മുഖം, കാതിൽ മുഴങ്ങിയ 'കാക്കുട്ടാ' എന്ന കൊച്ചമ്മയുടെ വിളി എല്ലാം സ്മരണകളുടെ കുത്തൊഴുക്കിലേക്ക് ഹരിയെ നയിച്ചു. 'കണ്ടത് എന്തായാലും വിസ്മയകരമായ യാഥാർത്ഥ്യം 'തന്നെയാണെന്നുള്ള കിരണിന്റെ വാക്കുകളും അതിന് ഏറെ സഹായിച്ചു. തന്റെ അച്ഛൻ ആയ അനന്തനാണ് ആ വൃദ്ധൻ എന്ന് ഹരി കരുതുന്നു. മറവിയുടെ തിരശ്ശീലയിൽ മനപ്പൂർവ്വം മറച്ചു വച്ചിരുന്നവയെല്ലാം സമ്മിശ്ര വികാരങ്ങൾ ഉളവാക്കിയെങ്കിലും തിങ്ങി വന്ന വ്യസനം കിരൺ കാണാതെ മറച്ചു പിടിക്കുന്ന ഹരി നമ്മിലും നൊമ്പരം ഉണർത്തും. മുറിയിൽ തിരിച്ചെത്തിയ ഹരി ഓർമ്മകളെ അകറ്റി നിർത്താൻ ടിവിയിലെ പല കാഴചകളും കാണാൻ ശ്രമിക്കുന്നു. അതിൽ പരാജയപ്പെടുന്നു. ഭാര്യയെയും മകൾ സ്വാതിയേയും ഓർക്കുന്നു. ഒടുവിൽ തൃശ്ശൂരിൽ താമസിക്കുന്ന കൊച്ചമ്മയെ വിളിക്കുന്നു. തന്റെ വിളി പ്രതീക്ഷിച്ചിരിക്കുന്ന കൊച്ചമ്മയെ വീണ്ടും തന്നോടൊപ്പം വരുവാൻ നിർബന്ധിക്കുന്നു. എന്നാൽ മറുപടിയൊന്നും പറയാതെ കൊച്ചമ്മ ഫോൺ വയ്ക്കുന്നു.




അവിടെനിന്ന് നോവലിസ്റ്റ് പോകുന്നത് ഭാമയിലേയ്ക്കും, ദേവിയിലേയ്ക്കുമാണ്. ദേവി എന്ന ചേച്ചി, ഭാമ എന്ന അനിയത്തിയെ എത്ര കരുതലോടേയാണ് സ്നേഹിച്ചിരുന്നത് എന്ന് വളരെ തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു. ആ സ്നേഹ വായ്പിന്റെ പാരമ്യത്തിൽ സ്വജീവിതം തന്നെ ദേവി ത്യജിക്കുന്നു. പിന്നീട് തന്റെ സുഖസൗകര്യങ്ങളെല്ലാം വേണ്ടെന്നു വച്ച് കാക്കുട്ടന് വേണ്ടി മാത്രം ജീവിതം ജീവിച്ചു തീർക്കുന്ന ഭാമയെയാണ് നാം കാണുന്നത് താളം തെറ്റിയ മനസ്സോടെ ജീവിക്കുന്ന ദേവി ഏതോ ഒരു ഉണർച്ചയിൽ തന്റെ ഹരിയെ ഭാമയെ ഏൽപ്പിക്കുന്നു.

ഇവിടെ നോവലിസ്റ്റ് കഥയുടെ മുന്നോട്ടുള്ള ഗതിക്ക് ഒരു വിദൂഷകനെ (കോമാളിയെ) ഏൽപ്പിച്ച്, അവനിൽ പൂർണ്ണവിശ്വാസമില്ലാതെ അരികിൽ മറഞ്ഞു നിൽക്കുന്നു. കിളിയെക്കൊണ്ട് കഥ പറയിപ്പിക്കുന്ന എഴുത്തച്ഛനെപ്പോലെ.

ഒരു പതിനെട്ടുകാരിയുടെ കഥ പതിനെട്ടാംപുറത്തിൽ നിന്നു തുടങ്ങുന്ന കൗശലം, ശിരസ്സിൽ എഴുതപ്പെട്ടതു വായിക്കുമ്പോഴും അതിന് ഒരു സമവാക്യം ഉണ്ടാക്കാൻ പുറപ്പെടുന്ന രീതി ഇതെല്ലാം വിദൂഷകനെക്കൊണ്ട് ചെയ്യിക്കുന്നു.

ദീനക്കിടക്കയിൽ നിന്ന് ഭാമയെ കുളിപ്പിക്കാൻ ചെമ്പനെ ഏൽപ്പിക്കുന്നതും, അതിൽ ഉള്ളിലെ വികാരങ്ങൾ ക്ഷോഭത്തോടെ ദേവിയോട് പ്രകടിപ്പിക്കുന്ന അനന്തൻ ചിലപ്പോഴെങ്കിലും നന്മയുടെ നുറുങ്ങുവെട്ടം ഉള്ളവനാണ് എന്ന് നമുക്ക് തോന്നും. പുറമേയ്ക്ക് പരുക്കനെങ്കിലും ഉള്ളിലുള്ള നന്മ കാണിക്കുവാൻ അനന്തന് സാധിക്കുന്നില്ല. അതിനാൽ തന്നെ ദേവിയും ഭാമയും അനന്തനെ അകറ്റിനിർത്തുന്നു. ചെമ്പൻ തന്റെ നഗ്നമേനി കണ്ടതോടെ തന്റെ നിസ്സഹായവസ്ഥ ഭാമയെ അലട്ടുന്നു. ഒടുവിൽ ചെമ്പനെ കല്യാണം ആലോചിക്കുമ്പോൾ ഇരുവരും എതിർക്കുന്നു. ഒടുവിൽ ദേവി മരണത്തിൽ അഭയം തേടുന്നു. ഇവിടെ വിദൂഷകനിലൂടെ ശിരോലിഖിതങ്ങളും പ്രവൃത്തികളും തമ്മിലുള്ള ബന്ധത്തെ നോവലിസ്റ്റ് വിശകലനം ചെയ്യുന്നു.

കാക്കുട്ടനോട് ഭാമയ്ക്കുള്ള സ്നേഹം അനന്തനെ സ്നേഹപാതയിലേയ്ക്കു കൊണ്ടുവരാനുള്ള യത്നത്തിലെല്ലാം പ്രതിഫലിക്കുന്നു. ചെമ്പനോടുള്ള അനന്തന്റെ പിന്നീടുള്ള സമീപനം അത് വ്യക്തമാക്കുന്നു. എന്നാൽ ഭാമയെ അനന്തൻ തന്നെ കയ്യേൽക്കണമെന്നുള്ള തച്ചന്റെ വാക്കുകൾ അനന്തനിൽ സമ്മിശ്ര വികാരങ്ങൾ ഉളവാക്കുന്നു.

തച്ചൻ തന്റെ മൃദുസമീപനത്തിലൂടെ ഹരിയെ വശത്താക്കുന്നു. താണ്ടുട്ടി ഭാമയേയും പലതും ഓർമ്മിപ്പിക്കുന്നു. താണ്ടുട്ടിയുടെ വാക്കുകൾ ഭാമയിൽ ചില മനോവ്യാപാരങ്ങൾ ഉണ്ടാക്കുന്നു.

പേനയൊന്നു ചെരിച്ചാൽ കഥയുടെ ഗതി മാറുമോ എന്ന കഥാകാരന്റെ കോമാളിയോടള്ള ചോദ്യം തന്നോടുതന്നെയുള്ള താണെന്ന് നിസ്സംശയം പറയാം. ഏതൊരുവനും ശിരോലിഖിതത്തെ മാറ്റാൻ സാദ്ധ്യമല്ല അത് അനുഭവിച്ച തന്നെ തീർക്കണം എന്ന് കഥാകാരൻ അടിവരയിട്ടുറപ്പിക്കുന്നു.

അനന്തനെ വരുതിയിലാക്കാം എന്ന നാട്യത്തിൽ മരീത്തയെ പ്രാപിക്കുന്ന ചെമ്പൻ വളരെ സൂത്രശാലിയാണ്. ഭാമയെ സ്വപ്നം കണ്ടുണരുന്ന അനന്തന് മരീത്തയുടെ വാക്കുകൾ തീക്കനലായി മാറുന്നു.

പരസ്പരം കൊല്ലാനുള്ള ദേഷ്യമുണ്ടെങ്കിലും രണ്ടു കടത്തിണ്ണകളിലായി കിടക്കുന്ന അനന്തന്റെയും, ചെമ്പന്റെയും മനോവിചാരങ്ങൾ വായനക്കാരിൽ ഉദ്വേഗമുണർത്തും. അനന്തനോട് 'കൊച്ചമ്മ ചെല്ലാൻ പറഞ്ഞു' എന്നു പറയുന്ന കാക്കുട്ടനും നമ്മെ ഈറനണിയിപ്പിക്കും.

വീട്ടിൽ വരുന്ന അനന്തനോടുള്ള ഭാമയുടെ മൃദുസമീപനം അയാളിൽ ഭയം ഉണ്ടാക്കുകയും അവിടെ നിന്ന് പോകുകയും ചെയ്യുന്നു. എന്നാൽ ഏകപക്ഷീയമായിപ്പോയ തന്റെ സമീപനത്തിൽ ഭാമയുടെ ചിന്തകൾ വളരെ തന്മയത്വത്തോടെ നോവലിസ്റ്റ് ആവിഷ്ക്കരിച്ചിരിക്കുന്നു. നിനച്ചിരിക്കാതെയുള്ള കരപ്രമാണിമാരുടെ യോഗം എടുത്ത തീരുമാനത്തിൽ അനന്തനെ നഷ്ടപ്പെടും എന്ന് മനസ്സിലാക്കിയ ഭാമ നിസ്സഹായയാകുന്നതും, കാക്കുട്ടന്റെ അപ്പോഴത്തെ ഭാവമാറ്റങ്ങളും വളരെ നന്നായിരിക്കുന്നു.

വളരെ സൗമ്യനായി അനന്തൻ ഭാമയോടു യാത്രചോദിക്കുന്നു. എവിടേയ്ക്കെന്നില്ലാതെ തോണിതുഴയുന്ന അനന്തനോടൊപ്പം ധൈര്യപൂർവ്വം യാത്രചെയ്യുന്ന മരീത്തയെ അവൻ ക്രൂരമായി അവസാനിപ്പിക്കുന്നു. പിന്നീട് തന്റെ ശിരോലിഖിതത്തിലെ കണക്കുകൾ ശരിയാക്കാൻ അനന്തൻ പോകുന്നു. എല്ലാവരിലും നിന്ന് അകന്ന്, മരിച്ചുവോ വയസ്സനായോ എന്ന് ആരെയും അറിയിക്കാതെ അവൻ മറയുന്നു.

ഇങ്ങനെയെല്ലാം തലയിൽഎഴുത്ത് മാറുമ്പോഴും ഭാമ കാക്കുട്ടന് നല്ല വിദ്യാഭ്യാസം നൽകി ഒരു ഉദ്യോഗസ്ഥനാക്കുന്നു. എന്നിട്ടും തന്റെ തീരങ്ങളിൽ തന്നെ അവൾ അഭയം പ്രാപിക്കുന്നു. ആ തീരം വിടാൻ വിമുഖത കാട്ടുന്ന ഭാമയെ തന്റെപുത്രി സ്വാതിയിലൂടെ ഹരി സമീപിക്കുന്നു. അതിൽ വിജയിക്കുന്നു.

കെട്ടുകഥകളിലൂടെ കൊച്ചമ്മയെ വശത്താക്കിയെങ്കിലും, അവരെ അഭിമുഖീകരിക്കാൻ ഹരിക്ക് ധൈര്യം സംഭരിക്കേണ്ടിവരുന്നു. അവിടെ തന്റെ യുക്തികൾകൊണ്ട് നോവലിസ്റ്റ് കഥ പരിസമാപ്തിയിലേയ്ക്ക് എത്തിക്കുന്ന രീതി പ്രശംസനീയം തന്നെ.

എന്തുകൊണ്ടും വേറിട്ട ശൈലിയും, കഥയുടെ മുന്നേറ്റവും, ഒരിടത്തും പാളിപ്പോകാതെയുള്ള കഥാപാത്രങ്ങളുടെ ചിന്തകളുടെ ഒഴുക്കും നോവലിസ്റ്റിന്റെ രചനാവൈഭവത്തെ എടുത്തു കാണിക്കുന്നു. ശ്രീ അഴീക്കോട് മാസ്റ്ററുടെ വാക്കുകൾ ഇത്തരുണത്തിൽ ഏറെ അർത്ഥവത്താകുന്നു. ●



ഗിരീഷ് കുമാർ. വി

# ബയോൺ ടെംപിൾ അങ്കോറിലെ മൊണാലിസ

**അ**ങ്കോർവാറ്റ് സന്ദർശിച്ചശേഷം ഞങ്ങൾ പോയത് അങ്കോർവാറ്റ് കോംപ്ലക്സിനു അധികം ദൂരത്തിലല്ലാതെ തെക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന മറ്റൊരു പുരാതന നിർമ്മിതിയായ ബയേൺ ടെംപിൾ എന്ന ബുദ്ധ ക്ഷേത്രത്തിലേക്കാണ്. അങ്കോർ വാറ്റിന് സമാനമായ പുരാതന അങ്കോർ വാസ്തുശൈലിയിൽ തന്നെയാണിതും പണിതിരിക്കുന്നത്. ജയവർമ്മൻ ഏഴാമൻ അള 1177ലാണ് ഇത് പണിതീർത്തത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും അവസാനമായി നിർമ്മിച്ചതുമായ ആരാധനാകേന്ദ്രം ഇതുതന്നെയായിരുന്നു എന്ന് കരുതപ്പെടുന്നു.

ഇവിടുത്തെ പ്രത്യേകത ഭീമാകാരമായ പുഞ്ചിരിതൂകുന്ന ശിലാ മുഖങ്ങളാണ്. മുഖങ്ങളിൽ തങ്ങിനിൽക്കുന്നത് ദുരൂഹത നിറഞ്ഞ വൈകാരിക ഭാവങ്ങളാണ്. ഇത് ജയവർമ്മൻ ചക്രവർത്തിയുടെ മുഖ രൂപമാണെന്നും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്.ശിലാ മുഖങ്ങളോട് ചുണ്ടുകൾ ചേർത്ത് ഫോട്ടോയെടുക്കാൻ സഞ്ചാരികൾ സാഹസപ്പെടുന്നത് കാണാമായിരുന്നു. ഓരോ ഗോപുരങ്ങളിലും കൃത്യമായ കോണുകളിൽ നാലു ശിലാമുഖങ്ങൾ ഉള്ള 51 ഗോപുരങ്ങൾ ഇവിടെയുണ്ട്. ബ്രഹ്മാവിന്റെ മുഖമാണ് ഈ ശിലകൾക്കു നൽകിയിരിക്കുന്നത് എന്നൊരു പക്ഷവുമുണ്ട്. എന്നാൽ സ്വയം ബുദ്ധനായും ലോകേശ്വര ബോധിസത്വനുമായി ഒരേസമയം രാജാവും ദൈവത്തിന്റെ പ്രതിപുരുഷനുമായി അറിയപ്പെടാൻ ആഗ്രഹിച്ച ജയവർമ്മൻഏഴാമൻ എന്ന രാജാവിന്റെ ഭാവനയായിരിക്കാം ഈ മഹാനിർമ്മിതിക്കു പ്രചോദനമായതെന്ന് പൊതുവെ കരുതപ്പെടുന്നു.

ജയവർമൻ ഏഴാമന്റെ മരണശേഷം ജയവർമൻ എട്ടാമൻ ഇത് ഹിന്ദുക്ഷേത്രമായി രൂപം മാറ്റുകയുണ്ടായി. എന്നാൽ പിന്നീട് അധികാരത്തിലേറിയ തേർവാദ ബുദ്ധിസ്റ്റുകളായ അങ്കോർ ഭരണാധികാരികൾ ഇതിനെ വീണ്ടും ബുദ്ധ കേന്ദ്രമാക്കി രൂപമാറ്റം വരുത്തി. ബുദ്ധ ക്ഷേത്രമാണെങ്കിലും ഇവിടെ വിഷ്ണു, ശിവൻ, ബ്രഹ്മാവ് , അപ്സരസ്സുകൾ ഇവരുടെയൊക്കെ രൂപങ്ങൾ ക്ഷേ

ത്ര മതിലിൽ കൊത്തി വച്ചിട്ടുണ്ട്. കിഴക്കു ഭാഗത്തെ കവാടത്തിലൂടെയാണ് ഞങ്ങൾ ക്ഷേത്രത്തിന്റെ ഉള്ളിലേക്ക് കയറിയത്. നിരവധി ഗാലറികൾ ഉൾവശത്തായുണ്ട്. പല സ്ഥലങ്ങളിലും ബുദ്ധന്റെ പ്രതിമകൾ രൂപമാറ്റം വരുത്തി ശൈവഭാവത്തിലേക്ക് മാറ്റിയതായി കാണാം. ശൈവവിഭാഗത്തിൽ പെട്ട ഹിന്ദു രാജാക്കന്മാർ നടത്തിയ അധിനിവേശത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പിൽക്കാലത്ത് അങ്കോർ സാമ്രാജ്യം വിസ്മൃതിയിലായതോടെ ഉപേക്ഷിക്കപ്പെട്ട ഇവിടം 19 ആം നൂറ്റാണ്ടിലാണ് വീണ്ടെടുക്കപ്പെട്ടത്. ഇപ്പോൾ ജപ്പാൻ ഗവൺമെന്റാണ് ഇവിടം പരിപാലിക്കുന്നത്

ളിക്കുന്നത്, നർത്തകിമാരുടെ രൂപങ്ങൾ തുടങ്ങി അനവധി കൊത്തുപണികൾ ഉൾവശത്തെ ഗാലറികളിലുണ്ട്.

ഹൈന്ദവ- ബുദ്ധിസ്റ്റ് കോസ്മോളജി പ്രകാരം ഈ സ്ഥലം പ്രപഞ്ച കേന്ദ്രമായി സങ്കൽപ്പിച്ചാണു ഈ മഹാ നിർമ്മിതി നടത്തിയത് എന്ന് വിശ്വസിക്കപ്പെടുന്നു.

സ്വച്ഛശാന്തമായ ശിലാമുഖവുമായി ദുരൂഹത വരിച്ച സുന്ദരസ്മിതത്തോടെ കാലത്തെ അതിജീവിച്ചു ഉയർന്നു നിൽക്കുന്ന ബയേൺ ടെംപിളിലെ ശില്പങ്ങൾ മൊണാലിസയുടെ സ്മിതംപോലെ അതി മനോഹരവും പ്രഹേളികയാർന്നതുമാണ്.


ജയവർമ്മൻ ഏഴാമന്റെ അങ്കോർ സാമ്രാ



. ഒരാൾക്ക് 20 അമേരിക്കൻ ഡോളർ ആണ് പ്രവേശന ഫീസ്. ക്ഷേത്രത്തിന്റെ ഉൾവശത്തേക്കു കടന്നാൽ കാഴ്ചകളുടെ മഹാസാഗരമാണ്. ചുവരുകളിൽ അങ്കോർ സംസ്കാരത്തിലേക്കും അക്കാലത്തെ ജീവിതരീതിയിലേക്കും യുദ്ധങ്ങളിലേക്കും വെളിച്ചം വീശുന്ന അനേകം കൊത്തു പണികളുണ്ട്. ആനപ്പുറത്തുനിന്ന് യുദ്ധം ചെയ്യുന്ന അങ്കോർ രാജാവിന്റെ രൂപം അതി മനോഹരം തന്നെ. കൂടാതെ അക്കാലത്തെ നാവിക യുദ്ധരംഗങ്ങൾ, മാർക്കറ്റ് പോലത്തെ പൊതുസ്ഥലങ്ങൾ, ദർബാർഹാൾ, ചതുരംഗം ക

ജ്യത്തിന്റെ തലസ്ഥാനമായിരുന്ന അങ്കോർ തോമിന്റെ നാലു പ്രവേശനകവാടങ്ങളിൽ ഏറ്റവും പ്രധാനപെട്ടതാണ് വടക്കുഭാഗത്തെ വിജയകവാടം. രാജവീഥി അവസാനിക്കുന്നിടത്ത് ഇരുവശത്തുമായി ഹൈന്ദവപുരാണത്തിലെ പാലാഴി മഥനത്തിന്റെ വലിയൊരു ശില്പമുണ്ട്. ശില്പത്തിന്റെ തുടങ്ങുന്ന ഭാഗത്തു ഏഴു തലയുള്ള നാഗദേവതയാണുള്ളത്.പാലാഴി മഥനം നടത്തുന്ന ദേവന്മാരുടെയും അസുരന്മാരുടെയും ശില്പങ്ങളാണ് രാജവീഥിയുടെ ഇരുവശങ്ങളിലും.

വിജയകവാടത്തിൽ ചതുർ ദിശകളിലേക്ക് അഭിമുഖമായുള്ള ഭീമാകാരമായ മുഖശില്പങ്ങളുണ്ട്.12 ആം നൂറ്റാണ്ടിൽ പണികഴിക്കപ്പെട്ട ഇവിടെ മറ്റു അങ്കോർ നിർമ്മിതികൾപോലെ ഹിന്ദു-ബുദ്ധിസ്റ്റ് രീതികളിൽ പല പരിവർത്തനങ്ങൾക്കും വിധേയമാക്കപ്പെട്ടുവെന്നു പറയപ്പെടുന്നു.



ജയവർമ്മൻ ചക്രവർത്തി ഏഴാമൻ യുദ്ധസന്നാഹങ്ങളുമായി പോകുമ്പോൾ സൈന്യങ്ങളെ യാത്രയയക്കുന്നതും വിജയശ്രീലാളിതരായി തിരിച്ചെത്തുന്ന സൈന്യത്തെ സ്വീകരിച്ചാനയിക്കുന്നതും ഈ വടക്കുഭാഗത്തെ കവാടം വഴിയായിരുന്നു എന്ന് ചരിത്ര സാക്ഷ്യം. വിജയകവാടത്തിന്റെ പ്രാധാന്യവും അത് തന്നെയാണ്.

സീം റീപ് ഇന്റർനാഷണൽ എയർപോർട്ട് റോഡിൽ ഹൈവേക്കു സമീപമുള്ള നാഷണൽ വാർമ്യൂസിയം കംബോഡിയയിലെ ഏറ്റവും വലിയ യുദ്ധസ്മാരകമാണ്. 2001 ഇൽ പ്രവർത്തനമാരംഭിച്ച ഈ കേന്ദ്രം 12 വർഷത്തോളം സഞ്ചാരികളുടെ ഒരു സ്ഥിരം സന്ദർശന കേന്ദ്രമായിരുന്നില്ല. എന്നാൽ 2013 നുശേഷം ഇവിടെ നവീകരണം നടത്തുകയും കൂടുതൽ ആകർഷകമായ രീതിയിൽ സജ്ജീകരിക്കുകയും ചെയ്തു. എങ്കിലും ഇപ്പോഴും വലിയതോതിൽ ടൂറിസ്റ്റുകൾ എത്തുന്ന ഒരു കേന്ദ്രമാണിതെന്നു പറയാൻ കഴിയില്ല. ഞങ്ങൾ അവിടെ എത്തുമ്പോൾ മറ്റു സഞ്ചാരികളെയൊന്നും തന്നെ കാണാൻ കഴിഞ്ഞില്ല. 1970നു ശേഷം കമ്പോഡിയയെ അസ്ഥിരമാക്കി പിച്ചിച്ചീന്തിയ ആഭ്യന്തര യുദ്ധങ്ങളിൽ തീതുപ്പിയ ആയുധങ്ങളും യുദ്ധഭൂമിയിൽ പ്രകമ്പനം കൊള്ളിച്ച യുദ്ധവിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, പീരങ്കികൾ, ടാങ്കുകൾ, മൈനുകൾ, റോക്കറ്റ് ലോഞ്ചറുകൾ തുടങ്ങിയവയുടെയും വൻശേഖരങ്ങളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. പഴയ സോവിയറ്റ് യൂണിയനിലും അമേരിക്കയിലും ചൈനയിലും നിർമ്മിക്കപ്പെട്ടവയാണിതെല്ലാം. രണ്ടാം ലോകമഹായുദ്ധത്തിൽ വരെ പങ്കെടുത്ത യുദ്ധോപകരണങ്ങൾ അസ്ഥിപഞ്ജരങ്ങളായി കിടക്കുന്നത് കാണാൻ കഴിയും. ഡിസ്പ്ളേ ചെയ്തിട്ടുള്ള AK 47, LMG, മിസൈൽ ലോഞ്ചറുകൾ മുതലായവ കൈയിലെടുത്തു പരിശോധിക്കാനും ആക്ഷൻ സീനുകളിൽ പോസ്ചെയ്തു ഫോട്ടോ എടുക്കാനുമുള്ള സ്വാതന്ത്ര്യം ടൂറിസ്റ്റുകൾക്കുണ്ട്.

ഖമർ റൂഷ് വിഭാഗത്തിൽപെട്ട തീവ്ര കമ്മ്യൂണിസ്റ്റ് ഗറില്ലകൾ ലോൺനോൾ ഭരണത്തിനെതിരെ ഒളിയുദ്ധമാരംഭിച്ചതു മുതൽ കംബോഡിയയുടെ ജാതകം തിരുത്തി എഴുതപ്പെടുകയുണ്ടായി. ഖമർറൂഷ് പോരാളികൾ ഭരണം പിടിക്കുകയും പോൾപോട്ടിന്റെ നേതൃത്വത്തിൽ വംശഹത്യ നടത്തുകയും ചെയ്തതും കമ്പോഡിയൻ ജനത ഇപ്പോഴും ഞെട്ടലോടെയാണ് സ്മരിക്കുന്നത്.

T54 , T55, ടാങ്കുകൾ, മിഗ് 19 ജെറ്റ് ഫൈറ്ററുകൾ, MI 1, MI 8 ഹെലികോപ്റ്ററുകൾ, 85 MM ഫീൽഡ് ആർട്ടിലറി ഗണ്ണുകൾ തുടങ്ങിയ ഹെവി മെഷീനുകൾ നഷ്ടപ്രതാപങ്ങൾ അയവിറക്കി മൂകസാക്ഷികളായി ഉറങ്ങുകയാണെന്നു തോന്നിപ്പോയി. ആയുധങ്ങളുടെ ചരിത്രവും യുദ്ധഭൂമിയിൽ അവർ

പങ്കെടുത്ത ആക്ഷനുകളും വ്യക്തമായി എഴുതിതൂക്കി ഓരോന്നിന്റെ മുന്നിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പല ആയുധങ്ങളും കമ്പോഡിയയിലെ വിദൂര ഗ്രാമങ്ങളിൽനിന്നും ഘോര വനാന്തരങ്ങളിൽനിന്നും വീണ്ടെടുത്താണ് ഇവിടെ എത്തിച്ചതെന്ന് വ്യക്തമാക്കുന്ന രേഖകൾ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പട്ടാളക്കാരുടെ യൂണിഫോമുകൾ, കൊടികൾ മുതലായവയും പ്രദർശിപ്പിച്ചിട്ടുണ്ട്.

രണ്ടേക്കറോളം വരുന്ന മ്യൂസിയം കോംപ്ളക്സിനകത്തേക്കു കടന്നാൽ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ് മൈനുകൾ വിതറിയ



സ്ഥലങ്ങൾ. ശത്രുസൈന്യത്തെ പ്രതിരോധത്തിലാക്കുവാൻ വേണ്ടി യുദ്ധഭൂമിയിൽ മൈനുകൾ രഹസ്യമായി നിക്ഷേപിക്കുന്നത് സർവ്വസാധാരണമാണ്. ഇത്തരം മൈനുകൾ യുദ്ധാനന്തരം പലപ്പോഴും നീക്കംചെയ്തു നിർവീര്യമാക്കപ്പെടാറില്ല.യുദ്ധാനന്തരം ഇങ്ങിനെയുള്ള മൈനുകളിൽ തട്ടിയുള്ള സ്ഫോടനത്തിൽ കൈകാലുകൾ നഷ്ടപ്പെട്ട പതിനായിരക്കണക്കിന് സാധാരണക്കാർ ഇവിടെയുണ്ട്. ഇപ്പോഴും നീക്കം ചെയ്യപ്പെടാത്ത മൈനുകൾ ഒളിഞ്ഞിരിക്കുന്ന ലൈവ്ആയ മൈൻ പാടങ്ങൾ കമ്പിവേലികെട്ടി വേർതിരിച്ചു നിർത്തിയിട്ടുണ്ട്. മുന്നറിയിപ്പ് ബോർഡുകൾ എല്ലാസ്ഥലത്തും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഈ മ്യൂസിയത്തിന്റെ പ്രവേശന ഫീസായി ഈടാക്കുന്ന 10 ഡോളറിന്റെ ഒരു ഭാഗം യുദ്ധാനന്തരം നീക്കം ചെയ്യപ്പെടാതെ കിടന്ന മൈനുകളിൽ തട്ടി പൊട്ടിത്തെറിച്ചു അംഗഭംഗം വന്നവരുടെ പുനരധിവാസത്തിനായി ഉപയോഗിക്കുന്നുണ്ടെന്നു ഗൈഡ് പറയുകയുണ്ടായി.

മറ്റു സഞ്ചാരികളുടെ സാന്നിധ്യമോ കാവൽക്കാരുടെ കാർക്കശ്യമോ ഇല്ലാതിരുന്നതിനാൽ വാർമ്യൂസിയത്തിൽ ചിലവഴിച്ച സമയം ഞങ്ങളുടെ ഇഷ്ടാനുസരണം ആസ്വദിക്കാനുള്ള അവസരമാണ് കിട്ടിയത്.

സന്ധ്യയോടടുക്കുകയായി.സീംറിപ്പിലെ കാഴ്ചകൾ അവസാനിക്കുകയാണ്. ഇനി ലോക്കൽ മാർക്കറ്റുകൂടി സന്ദർശിക്കാനുണ്ട്. ഒപ്പം രാത്രിയിൽ സീം റിപ് നഗരം ചുറ്റികാണുകയും വേണം.

കഴിഞ്ഞുപോയ കാലത്തെ യാതനയുടെയും യുദ്ധം വരുത്തിയ നഷ്ടങ്ങളുടെയും ഓർമ്മക്കുറിപ്പുകൾ ഭാവിതലമുറയ്ക്ക് പ്രചോദനവും മുന്നറിയിപ്പുമാകണമെന്ന സോദ്ദേശത്തോടെ കമ്പോഡിയൻ ഗവണ്മെന്റ് ഈ വാർ മ്യൂസിയം നന്നായി പരിപാലിക്കുന്നുണ്ട്. സന്ദർശക പുസ്തകത്തിൽ കൈയൊപ്പു വെച്ചുമടങ്ങുകയായി.

നാളെ സിഹാനൂക് പ്രവിശ്യയിലേക്കാണ് യാത്ര. സീം റീപ്പിലെ കസീനോകളിലും പബുകളിലും ഒന്ന് ചുറ്റിയടിക്കാതെ കമ്പോഡിയൻ യാത്ര അപൂർണ്ണമായിരിക്കും. നഗരത്തിന്റെ ചടുലതാളങ്ങൾക്കു സാക്ഷിയാവാൻ അങ്കോർത്തോമിന്നു യാത്രാമൊഴിചൊല്ലി മടങ്ങുന്നു. ●



രജനി സുരേന്ദ്രൻ



# പ്രണയത്തിന്റെ ഭാഷ

പ്രണയത്തിന്റെ ഭാഷ
എത്ര മനോഹരമാണെന്നോ ;
വളവും തിരിവുമില്ലാതെ
ചുഴിയും തിരയുമില്ലാതെ
നിലയ്ക്കാതൊഴുകുന്ന
പുഴയുടെ ഭാഷയത്രേ അത്.......
പ്രണയത്തിന്റെ ഭാഷ
എത്ര മധുരമാണെന്നോ;
വിടരാൻ വെമ്പുന്ന പൂക്കൾ
വണ്ടുകളോട് പറയുന്ന
തേനൂറുന്ന ഭാഷയത്രേ അത്....
പ്രണയത്തിന്റെ ഭാഷ
എത്ര ആർദ്രമാണെന്നോ ;
മണ്ണിലേക്കടരുന്ന മഴത്തുള്ളി
മാനത്തോട് പറയുന്ന
വിരഹത്തിന്റെ ഭാഷയത്രേ അത്.....
പ്രണയത്തിന്റെ ഭാഷ
എത്ര അഗാധമാണെന്നോ;
കണ്ണുകളിലൂറുന്ന കനവിന്റെ തുള്ളികൾ
ഉള്ളാഴങ്ങളിലൂടെ ഊർന്നിറങ്ങി
മണ്ണാഴങ്ങളിലേക്ക് അലിഞ്ഞുചേരുന്ന
പ്രകൃതിയുടെ ഭാഷയത്രേ അത്...



# ഓം ഹ്രീം കുട്ടിച്ചാത്താ



യൂസഫ് നടുവണ്ണൂർ

പകലുറക്കത്തിൻ കഥയിൽ
മനക്കോട്ട മതിലിനുള്ളിൽ
പുറത്തു കടക്കാൻ
വഴിയറിയാതെ ചുറ്റിത്തിരിയുന്നു !

മന്ത്രം ജപിച്ചാലവൻ വരും
തോളത്തിരുത്തിപ്പറക്കും
ഉറക്കപ്പിച്ചയിൽ മറക്കുന്നു
വിളിച്ചു കരയേണ്ട വാക്കുകൾ !

മാന്ത്രിക ചത്വരങ്ങൾ
തീയൂതും ഹോമ കുണ്ഡങ്ങൾ
നിഴൽ തിന്നും ഇടനാഴികൾ
വാക്കു വിഴുങ്ങും വാതിലുകൾ
കെട്ടുപിണഞ്ഞിണ ചേരുന്നു
നിലാത്തോലഴിച്ചിട്ട വിഷരാത്രികൾ
വാൽ കുത്തിയുയരുന്നു
കിതച്ച കാറ്റിൻ സീൽക്കാരം

കുപ്പിയിലാക്കാൻ തക്കം പാർക്കുന്നു
ഡാകിനിയും കുട്ടൂസനും !
കൂർക്കം വലിച്ചുറങ്ങുന്നു പുട്ടാലു
കോട്ട വില്പനക്കരാറു നേടി
ഭണ്ഡാരത്തിന് കാവലരിക്കുന്നു
വിക്രമനും മുത്തുവും !

കണ്ടുപിടുത്തങ്ങളുടെ
വെൺകൊറ്റക്കുടയ്ക്കു കീഴെ
വെഞ്ചാമരം വീശും യുദ്ധക്കാറ്റിൽ
ഗവേഷകരായ് വിയർക്കുന്നു
ലൊട്ടുലൊടുക്കും ഗുൽഗുലുമാലും

കുത്തി വരഞ്ഞ വഴികളിൽ
ഒഴിവുകഴിവുകളുടെ കുന്തത്തിലേറി
ലുട്ടാപ്പി കാവൽ നിൽക്കുന്ന കോട്ടയിലെ
അത്ഭുതക്കാഴ്ചയിൽ കണ്ണഞ്ചി നടക്കുന്നവരേ
പുറത്തു കടക്കാൻ വിളിച്ചോളൂ
ഓം ഹ്രീം കുട്ടിച്ചാത്താ !

കവിത

# മൂന്ന് പെണ്ണുങ്ങൾ



എം. കപിൽദേവ്

**ഒന്നാമത്തവൾ**


ഇണങ്ങാത്ത എന്റെ കൈയ്യക്ഷങ്ങൾ
പെറുക്കിയെടുത്തവൾ.
അതിന്മേൽ
പ്രണയത്തിന്റെ സുഗന്ധവും
വിരഹത്തിന്റെ നിത്യ വിശുദ്ധിയും
ആഗ്രഹിച്ചേറ്റുവാങ്ങുന്ന മരണത്തിന്റെ
ആത്മതത്ത്വങ്ങളും വാരി വിതറിയവൾ .......

**രണ്ടാമത്തവൾ**

വിശക്കുമ്പോളന്നവും ദാഹിക്കുമ്പോൾ
മദ്യവും നീട്ടിയവൾ .
ഊട്ടിയ
ഉരുളകൾക്കും
നിറച്ചു നീട്ടിയ ഗ്ലാസുകൾക്കും
ഉടലിന്റെ ചൂടിനും
ഞാൻ ജന്മം കൊണ്ട് കടപ്പെട്ടിട്ടുള്ളവൾ ......

**മൂന്നാമത്തവൾ**

വൃത്തിഹീനമായ എന്റെ ചിന്തകളെ
പെണ്ണുടൽ കൊണ്ട് ശുദ്ധീകരിച്ചവൾ.
കാശിന് പകരം
കൈത്തണ്ടയിൽ കവിത കുറിപ്പിച്ച്
ഞാനുണരും മുമ്പേ ഇറങ്ങി നടക്കുന്നവൾ ....



കവിത

# ഒറ്റമരം

ഇലകൾ പൊഴിഞ്ഞ ഒറ്റമരത്തെ കണ്ടിട്ടില്ലേ?
ചുട്ടു പൊള്ളുന്ന സൂര്യന്റെ ചൂടിനെ
ആത്മാവിലേക്കാവഹിച്ചു -
ഉള്ളിലൊരു കനൽക്കട്ട ജ്വലിപ്പിച്ചു നിർത്തും.
കൊടുങ്കാറ്റിനും പേമാരിക്കും നേരെ
നെഞ്ചുയർത്തി തായ്ത്തടി
ഒന്നുലയാതെ
മണ്ണിന്റെ ആഴങ്ങളിൽ വേരുകളാഴ്ത്തി
ആരോടും തോൽക്കാത്തൊരു നിൽപ്പുണ്ട്.
തനിയ്ക്കു തളിർക്കാൻ ഒരില പോലും
ബാക്കി വെയ്ക്കാത്ത കാലത്തിനോടും
ഒന്ന് പൂക്കാൻ ഒരു പ്രണയ മന്ത്രമെങ്കിലും
കാതിലോതാതെ കടന്നുപോയ
കാറ്റിനോടും പരിഭവമില്ലാതെ.....
ആകാശത്തിനോടായിരിക്കും
അവളുടെ യുദ്ധം.
മാരിവില്ലിനെ സ്വപ്നം കാണുമെങ്കിലും,
ഇടിമിന്നലിനെ വാരിപുണർന്നു
പെയ്തൊഴിയാത്ത മഴയിൽ
മനസ്സ് കഴുകി തീർക്കും.
ശിഖരങ്ങളുണങ്ങി വീഴുമ്പോഴും
ആ തായ്ത്തടിയങ്ങിനെ
ജ്വലിപ്പിച്ചു നിർത്തും,
ഹൃത്തിലെ കനലിനെ .
ഒരു നാൾ അതൊരു
കാട്ടു തീയാവും.



റസീന കടങ്ങൽ

കവിത



അശോകൻ.സി.ജി



# പ്രണയബലിദാനികൾ

പ്രണയം..
ഇനിയൊരിക്കലും ഞാനത്
കവിതക്കൊരു വിഷയമാക്കില്ല..

പ്രണയം ...
മോഹനരാഗം മീട്ടുവോർക്കായി...
നിഘണ്ടുവിലർത്ഥം തിരയുവോർക്ക്
പ്രണയത്തിൻ തീജ്ജ്വാലയേറ്റ് പടർന്ന്
പൊള്ളിയ മേനിപ്പാടുകൾ ഉത്തരം
നൽകും.

എളിയിൽ മൂർച്ച കൂട്ടിയ വാളും
കൈകളിലേന്തിയ കന്നാസ്സിൽ
കരുതിയ ഇന്ധനവുമായ് അഗ്നി
കൊളുത്താനെത്തുന്നൂ
നിരാശാ കാമുകർ ... .

പുസ്തക താളുകൾക്കിടയിൽ
പ്രണയകാവ്യ രചനകളില്ല.,
മയിൽപ്പീലി കണ്ണുകളില്ല.,
വളപ്പൊട്ടുകളില്ല.,
പനിനീർ പൂവിതളുകളില്ല ...

കൗമാരം ഉണർന്നത്
പ്രണയം നിലാവിലേക്കാ
യിരുന്നു. ഇണകളിരുവരും
ആവോളം പ്രണയം പങ്കിട്ടാസ്വദിച്ചു ....
വർണ്ണപ്പകിട്ടുകളിൽ തകർത്ത്
നീരാടി .. കൈയെത്താ
ജീവിത സ്വപ്നങ്ങൾ
കണ്ടുകൊണ്ടിരുന്നൂ ...

സദാചാരപ്പോലീസിന്റെ
കാക ദൃഷ്ടിയിലൂന്നിയ വിചാരണകൾ.
ഒടുങ്ങുന്നീ പ്രണയാർത്ഥികളീവിധ
ജീവിതങ്ങൾ .'...
പക വീട്ടിയെരിയിക്കാനുതകുന്ന
ചിന്തകളെന്നാണ് നിൻ മനസ്സിൽ
മുള പൊട്ടിയത്....
പെണ്ണിരകളുടെ കണ്ഠത്തിൽ
കത്തിവയ്ക്കുന്നവരുടെ പേരും
കാമുകനെന്നത്രെ..!
നിണത്തിൽ കുതിർത്തി
തീക്കാറ്റിലെരിയിയുക്കുന്നതിന്റെ
പേരും പ്രണയമെന്നത്രെ ...

പ്രണയമാം വാക്കിനർത്ഥത്തിൽ
തന്നെ തുടങ്ങുന്ന
താളപ്പിഴകൾ... അനാവശ്യ സംശയ
കൂമ്പാരങ്ങൾ...
എവിടെയാണ് നിങ്ങൾ ഒരുമിച്ച
കണ്ട സ്വപ്നങ്ങൾ ...
ഒരുമിച്ചു നടത്തിയ യാത്രകൾ ..
എല്ലാം ഒരു നിമിഷം കൊണ്ടല്ലോ
അസ്തമിച്ചത്....
................................
പ്രണയബലികൾ അവസാനിക്കുന്നില്ല ...
അത് കാമിനിയുടെ കൈയാൽ പകർന്ന്
കിട്ടുന്ന മധുചഷകത്തിൽ ചേർത്ത
ഘോര വിഷമായും
ഇണയുടെ ജീവനെടുക്കുന്നു ....

# ഓർമ്മയുടെ അടരുകൾ



കവിത

**ദർശന**

വരികളത്രയും മാഞ്ഞുപോയൊരു
കവിത ഞാൻ, എന്നെ
കരളിലേൽക്കുക.

ഉറവ വറ്റിയൊരരുവി
തൻ നേർത്തതണുവിലും
പ്രാണനറ്റുപോകാതെ
ഉൾത്തുടിപ്പിലൂടുയിരു തേടുന്ന
മത്സ്യമാണെന്റെയോർമ്മകൾ.


ഇടറിവിണ്ടൊരാ പാതകൾ
താണ്ടിയെത്തിനിൽക്കുമീ വേളയിൽ
ഓർമ്മകൾ നോവിൻ
കടുംനിഴൽക്കുത്തിലാഴ്ത്തിടുന്നുണ്ടി
തെപ്പോഴും

പാതിശ്വാസം നിലച്ചുപോകിലും
ഇന്നുമീ മണ്ണടരിനുള്ളിലായ്
ജ്വലിക്കയാണതിന്നുയിരിലാണെന്റെ
ജീവതാളം തുടിപ്പതും.

അരികുകൾ തേഞ്ഞുപോയ
വെള്ളോട്ടുപാത്രമൊന്നു
മിനുക്കിടുംപോലെ യെന്നുമൊരോരോ
പാതിരാവിലുമോമനിച്ചിടാറുണ്ട് ഞാൻ .

എന്റെയാ വംശവൃക്ഷ വേരുകൾ
ഒന്നൊടൊന്നായി പട്ടുപോകിലും
വീണ്ടുമൊന്നായ് ഉയിർത്തിടും
പുത്തൻ വേരുകൾ
ഗാഥ ചൊല്ലുവാൻ.

അടരുകൾ പോലടർന്ന്
വീഴുന്നൊരോർമ്മതൻ
നേർത്ത കുളിരിലായ്
ജീവിതത്തിന്റെ താപമൊക്കെ
യുമാറ്റിടാൻ വെമ്പിനിൽപ്പു ഞാൻ.



# പരിണതി

അവന്റെ കാന്തക്കണ്ണേറിൽ
അവൾ തരളിതയായി

കാന്തനല്ലെന്ന ഓർമ
ഇരയായ് പിടഞ്ഞുണർന്നു

ബുദ്ധൻ
ബുദ്ധിയിലുണർന്നു
ഉള്ളിലെ കടൽ
ഉൾക്കനൽ വാരി തിന്നു

ചപലതയുടെ
ചാവുകടൽവറ്റി
പൊങ്ങിയൊഴുകിയ
നക്ഷത്രങ്ങൾ പൊലിഞ്ഞു

എന്നിട്ടും;
ലിപിയില്ലാത്ത
ചില വാക്കുകൾ കോറിയിട്ടു
അവർ ശ്വാസനിശ്വാസങ്ങളാൽ

മനുഷ്യരല്ലെ ,
പരിണതി
എത്ര സ്വാഭാവികം



രാജു കാഞ്ഞിരങ്ങാട്



ആരും കാണാതെ ഓരോ കോണിലും
പാത്തിരിക്കുന്നു പടപ്പാളയങ്ങൾ.
പൊരുതി വീണലിയുന്നു,
ജീവിതവേരുകൾ പടപ്പാളയത്തിലെ
ദുരിത പന്ഥാവിൽ.
മിഴിയുടെ കോണിൽ
കുഴിഞ്ഞിരിക്കുന്നു വിദ്വേഷ
സമരത്തിൻ മുനയുള്ള  വാളുകൾ.
മുറിയുന്ന വാക്കിൽ നിറഞ്ഞിരിക്കുന്നു
സർവ്വനാശത്തിന്റെ പടയണി
പോരുകൾ.
ബാല്യ കൗമാരത്തിന്റെ നനുത്ത
ചിന്തകൾ ചിറകൊടിഞ്ഞു വീഴുന്നത്
പടപ്പാളയങ്ങളിൽ.
കാലം ജരാ -നരകൾ ചേർത്തുവച്ച്
മനുഷ്യജന്മത്തെ പടക്കളം ആക്കുന്നു.
പിഞ്ചുകുഞ്ഞിന്റെ പുഞ്ചിരിപ്പൂവിൽ
വളയങ്ങൾ ചമച്ച്,
നീച ജന്മങ്ങൾ കാത്തിരിക്കുന്നു,
പടപ്പാളയങ്ങളിൽ.
ചുറ്റിലും കാത്തിരിക്കുന്നു
പടപ്പാളയങ്ങൾ, ജീവിത പകലിന്റെ
തൂവൽ പൊഴിക്കുവാൻ. ജീവിതപകലിന്റെ
തൂവൽ പൊഴിക്കുവാൻ....

# പടപ്പാളയങ്ങൾ



രാജലക്ഷ്മി മഠത്തിൽ

കവിത



ചാക്കോ ഡി അന്തിക്കാട്

# 'എനിക്കു വേണ്ടത്'



എനിക്ക്,
ഭക്തിനിർഭരമായ
കവിതയിലെ
വൃത്തവും,
കപടഭക്തിയുടെ
പാരമ്യത്തിലുള്ള
വൃതവും വേണ്ട.

കൊള്ളപ്പലിശ
സ്വപ്നം കണ്ടുറങ്ങി,
വൃത്തിയുള്ള
ശുഭ്രവസ്ത്രങ്ങളിൽ
ആശംസകൾ
നേരുന്നവരേയും വേണ്ട.

അൽപ്പം
അഴുക്കു പുരണ്ട
വസ്ത്രവുമായി,
ഉദ്ഘാടനത്തിനു
വൈകി വരുന്ന സഖാവിനെ
എളുപ്പം തിരിച്ചറിയാം.

വരുംവഴിക്ക്,
ഒരു യാചകനെ
അയാൾ,
ആശുപത്രിയിലെത്തിച്ചിരിക്കാം...

ആ സഖാവിനെ
എനിക്ക് ഹൃദയത്തോട്
ചേർത്തു പിടിക്കണം...

ഉണർന്നയുടനെ
ഉമ്മവെക്കുമ്പോൾ,
ഭാര്യക്ക്
വായ്നാറ്റമുണ്ടെന്നു
പറയുന്നവരെ ഒട്ടുംവേണ്ട!

താന്തോന്നിയായ ഭർത്താവിന്
വക്കാലത്തു പറയുന്ന,
'പരിശുദ്ധ'
നിശബ്ദതയുടെ,
സന്ദേശവാഹകരാം
ഭാര്യമാരുടേയും
ചങ്ങാത്തം വേണ്ട.

മധുരപാനിയത്തിന്റെ
സ്വർണ്ണക്കോപ്പയിൽ
ഉമ്മവെച്ച്,
വിഷം കലർത്തുന്ന
ആ സ്നേഹപ്രകടനം,
ഒരു കാലഘട്ടത്തിന്റെ
വിപ്ലവസ്വപ്നത്തിന്റെ
പ്രതീകമാകാതിരിക്കട്ടെ!
എനിക്കതൊട്ടും വേണ്ട...

അത്രയും
ലോകം അധഃപതിച്ചിട്ടില്ല!
ഇതും ഒരു വിശ്വാസം!

വല്ലാതെ...വ്യാകരണ
സദാചാരപ്പോലീസ് ചമയുന്ന,
നിരൂപക സുഹൃത്തുക്കളെയും
വേണ്ടേ വേണ്ട!

'വെണ്ടയ്ക്കയിലുള്ള
പുഴു,
തക്കാളിയിലെ
പഴുവുമായി
നല്ല സാദൃശ്യമുണ്ട്'-
എന്നു പറഞ്ഞ്,
മൊത്തം
പച്ചക്കറിത്തോട്ടത്തെ
നിഷേധിക്കുന്നവരെയും
വേണ്ട!

മുളക് ചീഞ്ഞാലും,
നാവിൽ മുളക്
പൊള്ളിക്കും!

മറ്റ് പച്ചക്കറികൾക്ക്
ഈ സ്വത്വബോധം
കാണില്ല!

ഇറച്ചിക്കും
മീനിനും
ഒട്ടും ഇല്ല!

ചീഞ്ഞാൽ
ചീഞ്ഞതു തന്നെ!

ചുക്കിന്,
കുരുമുളകിനോട്
ഐക്യദാർഢ്യം
പ്രഖ്യാപിക്കാം...

ചുവന്ന മുളകും,
കറുത്തുള്ള ചുക്കും,
അണിചേർന്നുള്ള,
ഫാസ്സിസ്സത്തിനെതിരെയുള്ള
സമരമാണ്,
ഞാൻ പ്രതീക്ഷിക്കുന്നത്.

അതിൽ
ആത്മസൗന്ദര്യത്തിൽ
മുഴുകുന്ന മഞ്ഞളിനും,
മൈലാഞ്ചിക്കും,
കാര്യമായ പങ്കില്ല!

കഴുകനെതിരെ
കൂമനും,കീരിയും,പാമ്പും,
കുരുവിയും,മുയലും,
കടന്നലും,ഓന്തും,
അണ്ണാനും ഒന്നിക്കണം...

ഫാസ്സിസ്സത്തിനെതിരെ,
എല്ലാ കുറ്റവാളികൾക്കും,
തെമ്മാടികൾക്കും,
നന്മ നിറഞ്ഞ മനുഷ്യരുമായി
കൈകോർക്കാം...

ഇല്ലെങ്കിൽ,
ഈ കുറ്റവാളികൾ,
കോടികൾ കീശയിലാക്കി,
ഫാസ്സിസ്സത്തെ
ന്യായീകരിക്കാൻ
തയ്യാറായാലോ?

അതുകൊണ്ട്
ഈ 'സമന്വയം',
സമാധാനപരമായി
ചൂഷണത്തെ
ന്യായീകരിക്കാനല്ല...

അതിനെതിരെ
പോരാടാനാണ്!

ഇതെല്ലാം
നിഷേധിക്കുന്നവർ,
എന്തു വിപ്ലവമാണ്
നടത്താൻ പോകുന്നത്?

വെറും ആകാംഷയോടെ
ചോദിച്ചു പോയതാണ്!

മറുപടി
വൈകുമെന്നറിയാം...

മറുപടിയില്ലെങ്കിലും
പ്രശ്നമില്ല!

പച്ചക്കറിയും പഴങ്ങളും
വെട്ടിവിഴുങ്ങുംമുൻപ്,
നടുകീറി നോക്കിയാൽ
പുഴുവുണ്ടോ...
എന്നറിയാം...

എനിയ്ക്ക് വേണ്ടത്
എന്താണെന്ന്,
ഇനിയും വ്യക്തമായില്ലെന്നോ?
മഹാകഷ്ടം തന്നെ!

# ചക്രം



കയ്യുമ്മു കോട്ടപ്പടി

ഇതളുകളായ് വിരിയുന്ന
ഒരു പൂവായ് വിടരാൻ
കൊതിയില്ലാഞ്ഞിട്ടല്ല
ഒരു നോക്കു കാണാൻ
മോഹമില്ലാഞ്ഞിട്ടല്ല ...
ഇവളിങ്ങനെ തളിരില -
കളാൽ കുമ്പുന്നത്!
പൂമൊട്ടുകൾ വിരിയുമുമ്പേ
വാടിക്കൊഴിഞ്ഞു വീഴുന്നത്
തെളിഞ്ഞ പ്രഭാതങ്ങളിൽ
ശലഭങ്ങൾ വന്ന് പൊഴിയുന്നത്!
ഒരു ചിരിയായ് വന്ന് മാറിൽ
പുണർന്നു പോകുന്നത്!
.....................................
പ്രിയ കളിത്തോഴൻ
അകലുന്നു ,
മണ്ണിലെത്ര പൂവുകൾ വീണു കൊഴിയുന്നു.
കണ്ണിലെത്ര രശ്മികൾ
നിറയുന്നു .....
.....................................
വരിക നീയെൻ
പ്രിയ കളിത്തോഴാ.....
ഒരു സൂര്യകാന്തിപ്പൂവായ്
ഞാൻ മിഴി തുറക്കുമ്പോൾ
ഒരു സ്വപ്നമായ്
നിറയെ യെന്നരികിൽ -
പൂക്കുന്നു ........
............................................
ഒരു മുത്തം പകർന്നവനെ -
ങ്ങോ പോയ് മറയുന്നു
അരികിലെതണൽ
മാഞ്ഞപ്പോൾ , ഒരു പൂ തന്ന്, ഒരിതൾ തന്ന്
നീയകലെ വിടർന്നു പോയ് ....
ഞാനിവിടെയൊരു
വള്ളിപ്പടർപ്പിലെ
നിശാപുഷ്പമായ്
ആരുമറിയാതെ .....
കരിഞ്ഞു വീഴുന്നു .....
മണ്ണിൽ അലിഞ്ഞു തീരുന്നു
വീണ്ടും ഒരു പൂവായ്
വിടർന്നു പൊങ്ങു ന്നു ....
ഞാൻ ......
ഞാൻ മാത്രം
നിന്നെ തേടുന്നൂ ........





# പുലർകാലക്കാഴ്ചകൾ

**കി**ളിവന്നു വിളിച്ചുണർത്തുവാൻ
കുളിരിൻ വിരിമാറ്റി പൊൻവെയിൽ.
ഇളവെയിലിലലിഞ്ഞു പോയൊരെൻ
പുലർകാലക്കനവോർമ്മ മാത്രമായ്!
പടിമേലെയമർന്നു നാൾക്കുനാൾ
പതിവാമെന്റെ മനോരഥങ്ങളിൽ
പിടികിട്ടാതുലഞ്ഞു ജീവിതം
പിടിവള്ളിയുമകന്നകന്നു പോയ്.
പുലരിക്കതിരൊളി തലോടും
മലരിൻ മുഖമുദ്രയായ് ക്ഷണം
പടിവാതിൽ തുറന്നെത്തി പൂമണം
അകതാരിൽ നിറഞ്ഞു തേൻകണം.
തെളിനീരിൽ കുളിച്ചൊരംഗന
മുടിമേലെപ്പുതുപൂക്കൾ ചൂടിയും
അരുണോദയപ്പൊൻകണിദർശനം
തരുമാമോദക്കുളിരേന്തുമോർമ്മകൾ.
പുകമഞ്ഞിൽ പുതഞ്ഞു ഭൂതലം
പുളകങ്ങൾ പതഞ്ഞു നെഞ്ചകം
പരിരംഭണക്കുളിർ ജീവകം
പുതുമണ്ണിൽ പുതുനാമ്പിൻ വാദനം.
വയലേലകളിൽ വിയർപ്പുമുത്തിനാൽ
വിളയേന്തും കതിർക്കുലകളിൽ
കളിചൊല്ലി തലോടിനീങ്ങുമാ
കുളിർകാറ്റിൻ ചുണ്ടിലെന്തൊരാദരം.
ഒരു മഞ്ഞുതുള്ളി തന്നുൾത്തടത്തിൽ
ഒരു കൊച്ചുസൂര്യനെ സ്വന്തമാക്കുവാൻ
നിറവാർന്നെത്തുമൊരാശ മിഴികളിൽ
പ്രണയം പൂത്തു വസന്തകാലമായ്!




**ജയപാലൻ കാര്യാട്ട്**

# സ്നേഹബന്ധനം



ഷെർളി ഡേവിസ്

കവിത



സ്നേഹബന്ധനം
ശ്രേഷ്ഠമാണ് സുരക്ഷിതവുമാണ്
അമ്മയായാലും
അധ്യാപകരായാലും നീ എന്നും
ഉള്ളിന്റെ ഉള്ളിൽ തീർത്തൊരു
കവചത്തിനുള്ളിൽ
കുഞ്ഞേ
നീ എന്നാത്മാവിൽ
സ്വാംശീകരിക്കുന്നു
ചൊല്ലിത്തരാം ഞാൻ
ശരിയും തെറ്റും
പകർത്തിക്കൊള്ളുക
നിന്റെ
കളങ്കമേൽക്കാത്ത
വെള്ളക്കടലാസ്സിൽ
മറ്റാരും എഴുതുന്നതിനുമുന്നേ
പതിക്കട്ടെ ഈ സ്നേഹവചനം
മറ്റൊന്നുമല്ലത്
സ്നേഹിക്ക സ്നേഹിക്കാൻ പഠിപ്പിക്ക
അതാണ്
ഇനിയുള്ള നിലനിൽപ്പിനാധാരം
കുറവുകൾ ഏറെ കാണും
കുറവില്ലാത്തോർ ആരുമില്ല
നീയതറിയണം
മൂർച്ചയേറിയ
വാക്കുകൾ
മാറ്റിവെക്കണം
അതാണ് മൂർച്ചയേറിയത്
എന്നറിഞ്ഞിടണം
അന്നം നോക്കാൻ പ്രാപ്തയാകേണം
ബഹുമാനിച്ചീടണം മർത്യരെ
പാഠം ഇതാണ് മകളെ
നേരട്ടെ സർവ്വമംഗളം



ഉണ്ണി വാരിയത്ത്

# കാലബന്ധിതയാത്ര

ജനനത്തിൽ തുടങ്ങി മരണത്തിലൊടുങ്ങും
ജീവിതമെന്നതൊരു കാലബന്ധിത യാത്ര
മദ്ധ്യേമാർഗ്ഗത്തിലെത്രയെത്ര
പ്രതിബന്ധങ്ങൾ
മന:ശക്തിയെ ചോർത്തുമേറെ ദുഃഖഭാരങ്ങൾ
തികട്ടി വരുമോർമ്മകൾ നിരന്തരം മനം-
പുരട്ടലുളവാക്കി സൃഷ്ടിക്കും വിരസത
അനർത്ഥ ചിന്തകളുമധർമ്മ ചെയ്തികളും
അകറ്റി നിർത്തേണ്ടുന്നൊരധമ വാസനകൾ
മനസ്സറിഞ്ഞുമറിയാതെയും
ചെയ്യും കർമ്മം
മാറും ചിലപ്പോൾ പാപമായ് പിന്നെ ശാപമായും
അന്ത:രംഗേ കീടാണുബാധ കടന്നുകൂടാൻ
അനുവദിക്കാഞ്ഞാലോ ശുഭം ജീവിതയാത്ര

# നിളയുടെ ദീനത

രചന: പി. എം. എം. ഷെരീഫ്





നിളയുടെദ ദീനത കണ്ടു ഞാനിന്നലെ
വിളറി വെളുത്ത ചില കണ്ണുനീർ ചാലുകൾ
വറ്റി വരണ്ടുപ്പോയ് പേരാറിൻ ഉറവകൾ
വറ്റിച്ചു മാനവർ നീരും നീർധാരയും

നിളയെ പുണരുവാൻ സ്നേഹം പകരുവാൻ
കാര്യമില്ലായെന്നും തീരെ നേരമില്ലായെന്നും
മൊഴിയുന്നു ലവലേശം കൂസാതെ സഹജാതർ–
പടയുടെ വില്ലാളി വീരരും അഭിനവ വംശവും

സിന്ധുവിൻ ശുദ്ധിയും ഗംഗതൻ പുണ്യവും
ഒത്തുചേർന്നുള്ള നിളാനദി പവിത്രത
കീഴ്മേൽ കമഴ്ത്തുന്നു ചൂഷണം ചെയ്യുന്നു
രാജ്യതന്ത്രജ്ഞരും തദ്ദേശ ഗുണ്ടാപ്രഭുക്കളും

പഴയൊരു പുരയിൽനിന്നൂരുന്ന കഴുക്കോൽപോൽ
ഏറ്റുന്നു മാറ്റുന്നു വെൺമണൽത്തരികളും
മാറുന്നു പിന്നെയും മണ്ണിൽ വിളയുന്ന മന്ത്രങ്ങളും
ഊറ്റുന്നു ശയ്യാവലംബിയാം നിളയുടെ ചോരയും

ഇളംതലമുറകൾക്കെല്ലാം ഉപഹാരം നൽകുവാൻ
നിളയുടെ സംസ്കൃതിയും സഭ്യതയും മഹത്വവും
തളർത്താതെ ഭാരതസംസ്കാര പ്രതീകമായ്
വളരേണം വളർത്തേണം ഈ ധന്യഭൂമിയെ!

# കടൽത്തുമ്പികൾ



നമ്മൾക്ക് ആ കടൽപ്പാലത്തിന്
അടിയിൽ
ഇരുൾത്തുമ്പികളായ്
പറന്നുനടക്കാം.
അതുമല്ലെങ്കിൽ,
പാറക്കൂട്ടങ്ങൾക്കിടയിൽ
പെരുംകൊഞ്ചുകളായ്
ചാടിത്തുള്ളിമറിയാം.
അല്ലാതെ , ഈ അർത്ഥശൂന്യമായ ജീവിതത്തിൽ
ഇരുകാലുകളുമേന്തി നമ്മൾ നടന്നിട്ടെന്ത് ?
നമ്മൾ കടൽകാക്കകളായിരുന്നെങ്കിൽ
വൈദ്യുതകമ്പിയ്ക്കുമേൽ
സാഹസികരായി
പറന്നിരിയ്ക്കാമായിരുന്നു.
കടൽ വറ്റുന്ന ഒരുകാലമുണ്ടായിരുന്നെങ്കിൽ
ഉപ്പുകുറുകിയ നിലത്തെ
കുഴികളും ആഴങ്ങളും
ഉരുകിയൊലിച്ചുപോയ
മഞ്ഞുപർവ്വതവും നോക്കി
നമ്മൾക്ക് ഇരിയ്ക്കാമായിരുന്നു.
പകലിന്റെ കരിങ്കൈയ്യുകൾ
ഉപ്പുവെള്ളത്തെ നീരാവിയാക്കി
മാറ്റുന്നത് കാണുന്നില്ലേ ?
അർത്ഥരഹിതമായ
നമ്മുടെ കണ്ണുകളും കാതുകളും
നാക്കും മൂക്കും
ഒരു നിമിഷംകൊണ്ട്
ഉപ്പുവെള്ളമായ് മാറിയിരുന്നെങ്കിൽ,
നാമും നീരാവിയായ് ഉയരുമായിരുന്നു.
ഈ കടൽപ്പാലത്തിനടിയിൽ
ഇരുട്ടിനെയാരോ
ചുട്ടെടുത്ത ഇഷ്ടികപോലെ,
അടുക്കിവച്ചിരിയ്ക്കുന്നു.
ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട്,
നമ്മെയാരും കാണാനില്ലാത്തതുകൊണ്ട്
ഇത്തിരിനേരം നമ്മൾക്ക്
തുമ്പികളായ്
പറന്നുനടക്കാം.



വിനോദ്.വി.ദേവ്.

# 'ജയ ജയ ജയ ജയഹേ'



പേളി ജോസ്




**ഭാ**ര്യമാരെ റൊമാന്റിക് മൂഡിലേക്ക് കൊണ്ടുവരാൻ അവരുടെ പേരുകൾ ഉപയോഗിച്ചുള്ള പാട്ടുകൾ ഇടക്ക് പാടണം എന്ന് ഉപദേശിച്ച അനിയണ്ണന്റെ വാക്കുകൾ പ്രയോഗത്തിൽ വരുത്തുന്ന രാജ്ഭവനിലെ രാജേഷിന് ജയഭാരതി എന്ന ഭാര്യയുടെ പേരിലുള്ള പാട്ടുകൾ ആലോചിച്ചപ്പോൾ കിട്ടിയ പാട്ടാണ്, ജയ ജയ ജയ ജയഹേ എന്ന വരികൾ.

ആക്ഷേപഹാസ്യരംഗങ്ങളുള്ള 'ജയ ജയ ജയ ജയഹേ' എന്ന സിനിമ ഒരു സ്ത്രീപക്ഷ ചിത്രമാണ്. അമ്മാവന്റെയും അച്ഛന്റെയും ഇഷ്ടത്തിനൊത്ത് മാത്രം ഇടം വലം തിരിയാനാവുന്ന വ്യക്തിപരമായ ഒരു തിരഞ്ഞെടുപ്പുകൾക്കും സ്വാതന്ത്ര്യമില്ലാത്ത പെൺകുട്ടിയായി വളർന്ന് വരുന്നു ജയഭാരതി. കരണക്കുറ്റിക്കു ഇടക്കിടെ അടിക്കുന്ന ദേഷ്യക്കാരനായ ഭർത്താവും, 'അവൻ പാവമാണ്' എന്ന് ഇടക്കിടെ പറയുന്ന അമ്മായി അമ്മയും സ്വന്തമായി ഒരു സ്പേസൊ അഭിപ്രായമൊ ഇല്ലാത്ത ഭർത്താവുപേക്ഷിച്ച നാത്തൂനും ഉള്ള കുടുംബത്തിലേക്ക് അവൾ വിവാഹം കഴിഞ്ഞെത്തുന്നു. അവിടെ അവൾക്ക് സ്വത്വ ബോധം പോലും കുടഞ്ഞുകളയേണ്ട അവസ്ഥയാണ്.

എന്നാൽ, മറ്റൊരു മാർഗ്ഗമില്ലാത്തതുകൊണ്ട്, സഹികെട്ട് പരുഷമായി പ്രതികരിച്ച് കൊണ്ട് അവളിലെ 'അവളെ' വീണ്ടെടുക്കാൻ ശ്രമിച്ച് വിജയിക്കുന്ന ജയഭാരതിയായി ദർശന രാജേന്ദ്രൻ എന്ന നടി വേഷത്തോട് തികച്ചും നീതി പുലർത്തി സ്ക്രീനിൽ നിറഞ്ഞു നിന്നു.


ദേഷ്യക്കാരനായ ഭർത്താവായി ബേസിൽ എന്ന നടൻ നമ്മുടെയൊക്കെ വീട്ടിലെ ഒരംഗമാണെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ വളരെ സ്വാഭാവികമായ അഭിനയം കാഴ്ച വെച്ചു. നീതി,സമത്വം,സ്വാതന്ത്ര്യം എന്ന് അനിയണ്ണനെകൊണ്ട് ഇംപോസിഷൻ എഴുതിപ്പിക്കുന്ന കുടുംബക്കോടതി ജഡ്ജിയായി വേഷമിടുന്ന മഞ്ജുപിള്ള യഥാർത്ഥത്തിൽ അത് സമൂഹത്തിന് കൂടെ നല്കുന്ന ഇംപോസിഷനായി മാറുന്നുണ്ട് ഒരർത്ഥത്തിൽ. അനിയണ്ണനായി വേഷമിടുന്ന

അസീസ് നെടുമങ്ങാടും, അമ്മാവനായി വരുന്ന സുധീർ പറവൂരും നന്നായി തിളങ്ങി.

സ്ത്രീ പ്രേക്ഷകർ കയ്യടിക്കുന്ന ഈ ചിത്രം പുതിയ കാലഘട്ടത്തിന്റെ മാറ്റൊലിയാണ്. വിപിൻ ദാസ് എന്ന സംവിധായകൻ സ്ത്രീ സമൂഹത്തിന്റെ പൾസ് യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞ് തന്നെയാണ് തന്റെ സൃഷ്ടിയുമായി രംഗത്തിറങ്ങിയിരിക്കുന്നത്.

സ്വന്തമായി ആസൂത്രണം ചെയ്ത പ്ലാനുകൾ തന്നെയേ ഓരോ സ്ത്രീയെയും രക്ഷപ്പെടുത്തുകയുള്ളു എന്ന സന്ദേശം ഒട്ടും അതിശയോക്തി ഇല്ലാതെ അവതരിപ്പിച്ച ഒരു നല്ല സ്ത്രീപക്ഷ സിനിമ എന്ന് ഈ ചിത്രത്തെ അടയാളപ്പെടുത്താം.

# 'കൂമൻ'




**'എ**ത്ര ഇരുട്ടായാലും എത്ര ഫിറ്റായാലും ഒരു കള്ളന് പോലീസ്കാരനെ തിരിച്ചറിയും' എന്ന ജാഫർ ഇടുക്കിയുടെ ഡയലോഗിലൂടെ പ്രേക്ഷകനെ ത്രില്ലടിപ്പിക്കുന്ന 'കൂമൻ' എന്ന സിനിമ കാലികമായ ഒരുപാട് സന്ദേശങ്ങൾ നല്കുന്ന ഒരു സിനിമയാണ്. രാത്രിയിൽ കണ്ണുതുറന്നിരിക്കുകയും ഇര പിടിക്കുകയും ചെയ്യുന്ന കൂമൻ എന്ന് പക്ഷിയുടെ പേര് പോലെ തന്നെ രാത്രിയാമങ്ങളുടെ കഥയാണ് ചിത്രം പറയുന്നത്.

ഈഗോയും കോംപ്ളെക്സുകളും തലയിൽ കയറി അല്പം വഴിവിട്ട് പ്രവർത്തിക്കുന്ന ഗിരി എന്ന യുവാവായ സിവിൽ പോലീസുകാരനായി അസിഫ് അലി എന്ന നടൻ തകർത്തഭിനയിക്കുന്നുണ്ട്. സമകാലീന സംഭവങ്ങളെ കോർത്തിണക്കി നരബലിയും, ആഭിചാരവും അന്ധവിശ്വാസങ്ങളും, ഒക്കെ ഉൾപ്പെടുത്തി കഥ പറയുന്ന ചിത്രം നല്ല ഒരു ക്രൈം, സസ്പെൻസ് ത്രില്ലറാണ്. മണിയൻ എന്ന കള്ളന്റെ വേഷമണിഞ്ഞ ജാഫർ ഇടുക്കി നായകന്റെ ഉയരത്തോളം തന്നെ എത്തിനില്ക്കുന്ന അഭിനയം കൊണ്ട് കയ്യടി നേടുന്നുണ്ട്. സിഐമാർ ആയി വേഷമിടുന്ന ബാബുരാജും രഞ്ജി പണിക്കരും നന്നായി തിളങ്ങി. 'നീർക്കോലി പോലിരുന്നതാ, റിട്ടയർ ആയപ്പോൾ പത്തി വിരിച്ചു തുടങ്ങി' എന്ന റിട്ടയർ ചെയ്ത പോലീസുദ്യോഗസ്ഥന്റെ ഭാര്യയെകുറിച്ചുള്ള ആത്മഗതം ചിരി പടർത്തി.

എല്ലാ അഭിനേതാക്കളും തങ്ങളുടെ റോളുകൾക്ക് അസാധാരണമായ വിധത്തിൽ ജീവൻ പകർന്നു.

കൃഷ്ണകുമാറിന്റെ തിരക്കഥയിൽ ജിത്തു ജോസഫിന്റെ സംവിധാനത്തിൽ പിറന്ന ചിത്രം എല്ലാ വിഭാഗം പ്രേക്ഷകർക്കും രുചിക്കുന്ന വിഭവസമൃദ്ധമായ ഒരു വിരുന്ന് തന്നെയാണ് ഒരുക്കിയിരിക്കുന്നത്. രാത്രിയുടെ വന്യതയും വശ്യതയും ഭീകരതയുമൊക്കെ സതീഷ് എന്ന കാമറാമാന്റെ കാമറകണ്ണുകൾ ശ്രദ്ധിച്ച് പകർത്തിയിട്ടുണ്ട്. പശ്ചാത്തല സംഗീതവും ഉചിതമായും ഭംഗിയായും ഇണക്കിച്ചേർത്തിട്ടുണ്ട്.

കഥാപാത്രങ്ങളുടെ സൈക്കോളജിക്കൽ അപഗ്രഥനങ്ങളും സന്ദേശങ്ങൾ കൈമാറുന്നുണ്ട്. ഒരു സംഭവം ഒരു വ്യക്തിയെ സ്വാധീനിക്കുമ്പോൾ മറ്റൊരു സംഭവം അതേ വ്യക്തിയെ വിപരീത രീതിയിൽ സ്വാധീനിക്കുന്ന മാജിക്കുകൂടെ ഈ ചിത്രം അവതരിപ്പിക്കുന്നു. മനുഷ്യ മനസിന്റെ ക്ഷിപ്രസഞ്ചാരങ്ങൾ മുൻവിധികൾക്കപ്പുറമാണ് എന്ന് കാണിച്ചുതരുന്ന ഈ സിനിമ കൈമാറുന്ന സന്ദേശങ്ങൾ ബഹുമുഖ തലങ്ങളിൽ നമ്മെ സ്വാധീനിക്കും.

മുഴുവൻ സമയവും കണ്ണും മനസും തുറന്നിരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന ജീവനുള്ള ഈ സിനിമ ജിത്തു ജോസഫിന്റെ മികവിന് മറ്റൊരു പൊൻതൂവൽ കൂടെ ചാർത്തുന്നു.

# 'മുകുന്ദനുണ്ണി അസോസിയേറ്റ്സ്'

സമുഹത്തിന് തെറ്റായ സന്ദേശം നല്കുന്ന ഒരു സിനിമയാണ് ഇത് എന്നത് സംശയലേശമെന്യെ പറയാം. ജീവിതത്തിൽ വിജയിക്കുക എന്നത് പണമുണ്ടാക്കുക എന്നതാണെന്ന് നായകനെകൊണ്ട് പറയിപ്പിക്കുകയും മൂല്യങ്ങളെകുറിച്ചുള്ള മറ്റ് എല്ലാ വിശ്വാസങ്ങളും അബദ്ധങ്ങളാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ചിത്രം. വ്യത്യസ്ഥതക്ക് വേണ്ടി തലതിരിഞ്ഞ സന്ദേശങ്ങൾ നല്കുന്ന ഏത് തരത്തിലുള്ള കലാരൂപമായാലും അത് പ്രോത്സാഹിപ്പിക്കപ്പെടാൻ പാടുള്ളതല്ല. നായകന്റെ അബദ്ധ സഞ്ചാരങ്ങൾക്കിടയിലെ ഡയലോഗുകൾക്കുള്ള കാണികളുടെ കയ്യടി ഭയം ജനിപ്പിക്കുന്നുണ്ട്.

മോട്ടോർവാഹന അപകട ഇൻഷുറൻസ് മാഫിയയുടെ തലവനായി മാറുന്ന മുകുന്ദനുണ്ണി എന്ന വക്കീൽ ആരെ കൊന്നിട്ടായാലും ജീവിതത്തിൽ വിജയിക്കണമെന്ന തത്വത്തിൽ വിശ്വസിക്കുന്ന ആളാണ്. ഡോക്ടർമാരും വക്കീലൻമാരും, പോലീസുകാരും, ആംബുലൻസ് ഡ്രൈവർമാരും ചേർന്നുള്ള വലിയ മാഫിയ സംഘമാണ് ഇയാൾക് പിന്നിൽ. ഒരു സൈക്കോ ക്രിമിനലും എന്നാൽ വളരെ ശാന്തനുമായ മുകുന്ദനുണ്ണി വക്കീലിനെ അവതരിപ്പിക്കുന്നത് വിനീത് ശ്രീനിവാസനാണ്. ആർഷ ബൈജു എന്ന നടി ന്യൂജെൻ വിജയമന്ത്രം 'വിജയിക്കുക സമം പണമുണ്ടാക്കുക' എന്നതാണെന്ന് വളരെ വിജയകരമായി സമർത്ഥിക്കുന്ന മിടുക്കിയായ യാതൊരു ഉളുപ്പുമില്ലാത്ത റിസപ്ഷനലിസ്റ്റ് ആയി നന്നായി അഭിനയിച്ചു. സുരാജ് വെഞ്ഞാറമൂടിന്റെ വക്കീലും വേറിട്ടുനിന്നു.

അഭിനവ് സുന്ദർ നായക് എന്ന പതുമുഖ സംവിധായകൻ പുതുമയോടെ ചിത്രമൊരുക്കി എന്നതൊഴിച്ചു നിർത്തിയാൽ ഈ സിനിമ അധർമ്മ മാർഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു ചിത്രമാണെന്നത് പറയേണ്ടി വരും. അനുകൂലഘടകങ്ങൾ അവതരണവും അഭിനയശൈലികളും സംവിധാനശൈലിയും തികച്ചും വ്യത്യസ്തമാണ് എന്നതും ഇത്തരം മാഫിയകൾ പ്രവർത്തിക്കുന്ന ഭയപ്പെടുത്തുന്ന വഴികളെ കുറിച്ച് സാധാരണക്കാരായ നമുക്ക് ഒരു തിരിച്ചറിവുണ്ടായി എന്നതും മാത്രമാണ്.

അഭിനന്ദനം നൽകാൻ മനസ് വിസമ്മതിച്ച ഒരു വ്യതിരിക്ത നെഗറ്റീവ് ചിത്രം.



കഥ



മാഗ്ളിൻ ജാക്സൺ

# അമവാസിയിലെ കാവേരി



'കിരൺ സാർ ട്രാൻഫർ ആയല്ലേ

എങ്ങോട്ടെക്കാ സർ '?

ശബ്ദം കേട്ടു തിരിഞ്ഞു നോക്കി

ജീപ്പിന്റെ ഡ്രൈവർ രാജു ആണ് .

'ഇടുക്കിയിലേക്കാ

അടുത്താഴ്ച പോവണം '

' പോകുന്നതിനു മുൻപ് ചിലവു ചെയ്യണം സാറെ '

'ചിലവുചെയ്യാമെടൊ '

'നാളെ എല്ലാവരോടും വരാൻ പറയണം രാത്രി നമുക്കിവിടെ കൂടാം'

' സാറെ നാളെ എന്താ ഉണ്ടാക്കേണ്ട വിഭവങ്ങൾ '

'പീറ്റർ ചേട്ടനു നല്ലതായ്തോന്നുന്നതെന്തും ഉണ്ടാക്കിക്കൊ '

'സർ പോകുന്നതിൽ എനിക്ക് നല്ല വിഷമം ഉണ്ട് .. പല സാറും മാരും ഇവിടെ വന്നിട്ടുണ്ട് പോയിട്ടുണ്ട് പക്ഷേ കിരൺ സാറിനെ പോലെ ആരും എന്നോട് ഇത്ര സ്നേഹം കാണിച്ചിട്ടില്ല '

കിരൺ പിറ്ററു ചേട്ടനെ ചെന്നു കെട്ടിപ്പിടിച്ചു 'ഞാൻ ഇവിടെ നിന്നു പോയാലും പീറ്റർ ചേട്ടനെ കാണാൻ ഞാൻ വരും '

പീറ്റർ വിവാഹം കഴിച്ചിട്ടില്ല വർഷങ്ങളായ് ഫോറസ്റ്റിലെ ഓഫീസർമാർക്ക് ഭക്ഷണം ഉണ്ടാക്കുന്ന ജോലിയാണ് ...

'സാറെ ഇന്ദു കുഞ്ഞിന്റെ കാര്യം വീട്ടിൽ സംസാരിച്ചോ ...?

'ഉവ്വ് അച്ഛനും അമ്മയ്ക്കും ഇന്ദുവിനെ ഇഷ്ടമായ് ഞാൻ ഫോട്ടോ അയച്ചുകൊടുത്തായിരുന്നു '

'അപ്പോ ഇന്ദു കുഞ്ഞിന്റെ വീട്ടിലോ '

'ഞാൻ ഇടുക്കിയിൽ പോയി

ചാർജ്ജ് എടുത്തതിനു ശേഷം അച്ഛനേയും അമ്മയേയും

ഇന്ദുവിന്റെവീട്ടിൽ പെണ്ണു ചോദിക്കാൻ അയക്കാം. എന്താ പോരെ പീറ്ററേട്ടാ'

'മതി സാറേ ഞാൻ ചോദിച്ചെന്നേ ഉള്ളു .'

ഇന്ദു മൂന്നാറിലെ ഒരു എസ്റ്റേറ്റ് ഉടമയുടെ ഒറ്റ മോളാ കിരണുമായ് പ്രണയത്തിലായിട്ടു രണ്ടു വർഷമായ് .... ഡിഗ്രി ഫൈനലിയറിനു പഠിക്കുന്നു .

എന്നും അവർ സന്ധിക്കാറുള്ള സ്ഥലത്ത് ഇന്ദുവിനെ കാത്തു നിൽക്കുകയാണ് കിരൺ ...........

കുളിർ കാറ്റ് പൂക്കളെ തഴുകി തലോടുന്ന കാഴ്ച കണ്ടു കൊണ്ടു നിന്ന കിരണിനെ ഇന്ദു പിറകിൽ നിന്നു വട്ടം കെട്ടിപ്പിടിച്ചു

കിരൺപിറകിലേക്ക് തലതിരിച്ചു ഇന്ദുവിനോട് ....

'ഞാൻ പല പ്രാവശ്യം നിന്നോട് പറഞ്ഞിട്ടുള്ളതാ കെട്ടിപ്പിടിത്തോം ഉമ്മ

വെയ്ക്കലും ഒക്കെ വിവാഹത്തിനു ശേഷം മതിഎന്ന് കൈവിട് '

ഇന്ദു കിരണിനു അഭിമുഖമായിട്ടു നിന്നിട്ടു പറഞ്ഞു...

'.മുരളിയുടെ ദേഷ്യം കാണാൻ എന്തു ഭംഗിയാണ് എന്നാ '

'ഇന്ദു എന്റെ പേര് കിരൺ എന്നാ '

'അറിയാം പക്ഷേ കാണാൻ സിനിമാ നടൻ മുരളിയെപ്പോലുണ്ട്..... ആ ചുരുണ്ട മുടിയും ആരെയും ആകർഷിക്കുന്ന കണ്ണും കട്ടിയുള്ള മീശയും. നല്ല ഭംഗിയുള്ള മൂക്കും ചുണ്ടും പിന്നേ ശബ്ദം എല്ലാം എനിക്കിഷ്ടമാണ് '

'ശരി എങ്കിൽ നീ മുരളിയെ കെട്ടിക്കോ ' 'ദേഷ്യപ്പെടല്ലേ മുരളി '

'രണ്ടു ദിവസം കഴിഞ്ഞു ഞാൻ പോകും നിന്നെ കണ്ടു നമ്മുടെ വിവാഹക്കാര്യം സംസാരിക്കാനാ ഞാൻ വന്നത് ഇടുക്കിയിൽ പോയി ചാർജ് എടുത്തിട്ടു ഒരു മാസം കഴിഞ്ഞ് നിന്റെ വീട്ടിലേക്ക് അച്ഛനേയും അമ്മയേയും കൂട്ടി വരാം നിനക്ക് സമ്മതമല്ലേ എന്നെ വിവാഹം കഴിക്കാൻ'

'കിരണേ വെറുതെ എന്നെ ദേഷ്യം പിടിപ്പിക്കല്ലേ'

' ഞാൻ ചുമ്മാ പറഞ്ഞതല്ലേ ....

'ഉം... കിരണേ നിനക്കെന്നെ ഫോൺ ചെയ്യാൻ പറ്റുമോ ഇടുക്കിയിൽ പോയാൽ

അവിടെ മൊബൈലിനു റെയ്ഞ്ച് കിട്ടില്ലയെന്നാ എല്ലാവരും പറയുന്നത് '

'അവിടെ ചെന്നിട്ടു നോക്കാം. ചിലപ്പം ലാന്റ്ഫോൺ ഉണ്ടാകുമായിരിക്കും

സത്യത്തിൽ നിന്നെ വിട്ടു പോകാൻ മനസ്സു വരുന്നില്ല എന്നും നീ എന്റെ ഒപ്പം വേണം നിന്റെ ശബ്ദവും നിന്റെ ഈ ചിരിയും എന്നും എനിക്കു കേൾക്കണം കാണണം '

'ഒന്നു ഉമ്മ വെയ്ക്കാനോ കെട്ടിപ്പിടിക്കാനോ സമ്മതിക്കില്ലല്ലോ...

മുരളി എന്റെ നെറ്റിയിൽ ഒരു ഉമ്മ തരുമോ നീ വരും വരെ ഓർമ്മിക്കാൻ '

കിരൺ എല്ലാം മറന്നു തന്റെ മാറോടവളെ ചേർത്തു രണ്ടു കവിളിലും ചുബിച്ചു അവൾ അവനിലേയ്ക്കിഴുകിചേർന്നു. രണ്ടു പേരുടെയും അധരങ്ങൾ കഥ പറയുകയായിരുന്നു മറ്റൊരു ലോകത്തേയ്ക്കവരെ കൊണ്ടുപോയ്.

പെട്ടെന്ന് കിരണിനു താൻ എന്തോ തെറ്റ് ചെയ്ത പോലെ തോന്നി നെഞ്ചോടു ചേർന്നു നിന്നവളെ പിടിച്ചു അകത്തി നിർത്തി.....'

'എന്തു പറ്റി കിരണേ ?

'ഒന്നുമില്ല നേരം വൈകുന്നു ഇന്നു എന്റെ കൂടെ വർക്ക് ചെയ്തവർക്ക് പാർട്ടി കൊടുക്കാം എന്നു പറഞ്ഞിട്ടുണ്ട് ഇടുക്കിയിൽ ചെന്നിട്ടു നിന്നെ വിളിക്കാം '

ഇന്ദു കരഞ്ഞു കൊണ്ട് കിരണിനെ യാത്രയാക്കി ...

രാത്രി കിരണിന്റെ കോട്ടേജിൽ തന്നെയായിരുന്നു പാർട്ടി പോത്തിറച്ചിയും

മീനും മദ്യവും പീറ്റർ ചേട്ടന്റെ വക സ്പെഷ്യൽ ബിരിയാണിയും..... എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു....

'സാറെ ഇടുക്കിയിൽ നല്ല തണുപ്പാണ് ഞാൻ സാറിനു വേണ്ടി കുറച്ചു സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട് '

'എന്താ പീറ്ററു ചേട്ടാ ?

'ഒരു ഷോളും ചൂടിന്റെ തൊപ്പിയും പിന്നേ ഈ ചൂടിന്റെ കോട്ടും ഒരു ഗ്ലൗസും സാറിനിഷ്ടപ്പെടുമോ '?

'എന്തിനാ ഇതൊക്കെ വാങ്ങിയത് വെറുതെ ഇത്രയും രൂപ കളഞ്ഞില്ലേ '

'സാരമില്ല സാറെ എനിക്കാർക്കു കൊടുക്കാനാ '

രാവിലെ തന്നെ കിരണിനെ യാത്രയാക്കാൻ കൂട്ടുകാർ എത്തിയിരുന്നു ... എല്ലാവരോടും യാത്ര പറഞ്ഞു ജീപ്പിൽ കയറി ഇടുക്കിയിലേക്ക് പുറപ്പെട്ടു രാജു ആണ് ജീപ്പ് ഓടിച്ചിരുന്നത് .....

കറുത്ത റോഡ് മലമുകളിലേയ്ക്കുള്ള വളവുകൾ തിരിഞ്ഞു

ചുറ്റി ഓടിക്കൊണ്ടിന്നു ,

കുറെ ദൂരം മുന്നോട്ടു പോയപ്പോൾ മുന്നിൽ കണ്ട ചായക്കടയിൽ രാജുവിനോട് വണ്ടി നിർത്താൻ പറഞ്ഞു അവിടെ നിന്നും രണ്ടു പേരും ചായ കുടിച്ചു അൽപസമയം വിശ്രമിച്ചതിനും ശേഷം യാത്ര തുടർന്നു....

അന്തരീക്ഷത്തിനു തണുപ്പു കൂടി വന്നു കുന്നുകളും മലഞ്ചെരിവുകളും മഞ്ഞിന്റെ വെളുത്ത പുകമറക്കുള്ളിൽ പുതഞ്ഞിരുന്നു ഹൈറേഞ്ചിന്റെ മനോഹരമായ വിദൂര ദൃശ്യം കണ്ണിനും മനസ്സിനും ഒരനുഭൂതി നൽകി.....

'സർ ആ ബോർഡ് കണ്ടോ വെൽക്കം ടു ഇടുക്കി നമ്മൾ ഇടുക്കിയിലേയ്ക്കുള്ള യാത്ര തുടങ്ങുന്നു ....'

രാജു ഓരോന്നു പുലമ്പി ക്കൊണ്ടിരുന്നു.

വൈകിട്ട് ആറുമണിയായപ്പം ഹൈറേഞ്ചിൽ ഫോറസ്റ്റ്

കോർട്ടേഴ്സിൽ എത്തി അവിടുത്തെ വാച്ചുമാൻ ജീപ്പിനരികിലേക്ക് വന്നു ... 'കിരൺ സാറല്ലേ '?

'അതെ .... ഏതാണ് എന്റെ താമസ സ്ഥലം'

' ഗിരിജൻ സാറു നാളെ പോവു കിരൺ സാറ് ഇന്നൊരു ദിവസം മുകളിലെകോർട്ടേഴ്സിൽ താമസിക്കേണ്ടിവരും അങ്ങോട്ടു പോവാനുള്ള ജീപ്പ് ഇവിടുന്നു വിട്ടുതരും കോർട്ടേഴ്സിൽ സാറിനു വേണ്ടി ഭക്ഷണം ഉണ്ടാക്കാൻ ആളെ ഏർപ്പാടാക്കിയിട്ടുണ്ട് ഇതൊക്കെ സാറു വരുമ്പം പറയാൻ പറഞ്ഞിട്ടാ ഗിരിജൻ സാറ് '........

'കിരൺ സാറേ എന്തൊരു

കഷ്ടമായ് പോയ് '

രാജു പറഞ്ഞു നിർത്തി

'സാരമില്ല രാജു ഒരു രാത്രി അവിടെ കഴിഞ്ഞാൽപ്പോരെ '....

'മൂർത്തി ജീപ്പു കൊണ്ടുവാ '...

വാച്ചുമാൻ മൂർത്തിയോടു പറഞ്ഞു.

'ഞാൻ വന്ന ജീപ്പിൽ പൊയ്ക്കൊള്ളാം.'

'കിരൺ സാറെ മുകളിലേക്കുള്ള വഴി വളരെ ദുർഘടം പിടിച്ചതാണ് മൂർത്തിക്ക് ആ വഴി ജീപ്പോടിച്ചു നല്ല പരിചയമാണ് '.....

'ശരി രാജു പെട്ടി എടുത്ത് ജീപ്പിൽ വച്ചിട്ടു പൊയ്ക്കൊ രാത്രിയാവാൻ നിൽക്കണ്ടാ '

'ശരി സാർ '

മൂർത്തി തമിഴനാണ് കിരൺഅയാളോടൊപ്പം യാത്ര തുടർന്നു.....

തണുപ്പ് അസ്ഥിക്കുള്ളിൽ കൂടി കടന്നു പോകുന്നത് നന്നായ് അറിയുന്നുണ്ടായിരുന്നു. താടി എല്ലുകൾ കിടുകിടാ കൂട്ടിമുട്ടി ശബ്ദമുണ്ടാക്കി .

ഷർട്ടിനു മുകളിൽ സ്വറ്ററും മങ്കി ക്യാപ് കണ്ണും മൂക്കും മാത്രം പുറത്തു കാണത്തക്ക രീതിയിൽ .കയ്യിൽ ചൂടിന്റെ ഗ്ലൗസ് ഇട്ട കൈതുടയോടു ചേർത്തു വച്ചു ഞാൻ ഇരുന്നു .....പിറ്ററു ചേട്ടനു നന്ദി പറഞ്ഞു ഇത്രയ്ക്ക് തണുപ്പാണെന്നു കരുതിയില്ല ....

അസഹ്യമായ നിശ്ശബ്ദതയെ ഭേദിച്ചു കൊണ്ട് മൂർത്തി സംസാരിച്ചു തുടങ്ങി .....

'സർ ഇതുക്കു മുന്നേ നീങ്ക ഇങ്കെ വന്തിരിക്കാ ?

' 'ഇല്ല '

'ഇന്ത ഇടത്തിൽ നാൻ താൻ ജീപ്പോട്ടും ഏൻ എന്നാ ഇന്ത ചിന്ന റോട്ടിലെ എനക്കും മട്ടും ജീപ്പോട്ട തെരിയും

കീളെ ഇരുന്തു റൊമ്പ ഉയരം ഇന്ത ഇടം റോഡ് ഒന്നു മെ റിപ്പയറിങ്ങ് പണ്ണല്ലേ പോണ വർഷം ഒരു ജീപ്പു കീളെ വിളുന്തു എല്ലാവരുമെ ചത്തുപോച്ചി'

' മൂർത്തിക്ക് വേറെ ഒന്നു മെ പറയാനില്ല കഴിഞ്ഞ വർഷം മൂർത്തി എവിടെ പോയിരുന്നു.'

'നാൻ ഊര്ക്ക് പോയിരുന്തു.'

ഹെയർപിൻ വളവു രണ്ടു മൂന്നണ്ണം കഴിഞ്ഞു പിന്നീടു കുത്തനെയുള്ള കേറ്റമായിരുന്നു ജീപ്പ് കോർട്ടേഴ്സിനുമുന്നിലെത്തി .....

മൂർത്തി പോയി കോളിങ്ങ്ബെല്ലടിച്ചു

അകത്തു നിന്നു പ്രായമുള്ള ഒരു സ്ത്രീയും പുരുഷനും ഇറങ്ങിവന്നു. സ്ത്രീയുടെ നെറ്റിയിൽ വലിയ ഒരു പൊട്ടും വെറ്റില കറപിടിച്ച പല്ലുകളും ആകെ ഭീകരത തോന്നിക്കുന്ന മുഖം....

'വാങ്ക് സർ നാങ്ക ഉങ്കളുക്കാക കാത്തിട്ടിറിക്കിറേൻ '

'നാൻ മുത്തു ചാമി ഇവൾ വന്തു എന്നുടെ സംസാരം ചിന്ന മണി '

മുത്തു ചാമി വന്നുപെട്ടിയും ബാഗും എടുത്തു

'വാങ്ക ഉള്ളേ സർ ' എന്നുപറഞ്ഞു അകത്തേയ്ക്ക് പോയി ........

പിറകെ ചിന്നമണിയും ....

വരുൺ മൂർത്തിക്കു പണം നൽകി .....

'സർ നാൻ നാളെ പത്തു മണിക്കു . ഖക

വറേൻ '

ശരി എന്നു പറഞ്ഞ് വരുണും അവർക്കൊപ്പം അകത്തേയ്ക്ക് പോയി ....

വലിയഒരു മുറി അതിനു അരികിലായ് കൽക്കരിയിട്ടു തീ കത്തിക്കുന്നു. റൂമിൽ തണുപ്പറിയുന്നില്ല ...

'സാർ ചാപ്പാടെല്ലാം റെഡി എല്ലാമെ ടേബിൽ മേലെ വച്ചിറിക്ക് എടുത്ത് ശാപ്പിടുങ്കോ നാങ്ക നാളെ കാലൈയിലെ വറേൻ '

'അ ശരി '

ഊണു കഴിച്ചു കിടക്കാനുള്ള മുറിയിൽ ചെന്നു ചിന്നമണി മുറിയെല്ലാം നല്ല വൃത്തി

യായി വച്ചിട്ടുണ്ട് അമ്മയെ വിളിക്കാൻ ഫോണെടുത്തു റൈയ്ഞ്ചു കിട്ടുന്നില്ല. കഷ്ടം എത്തിയ വിവരം ആരോടും പറയാനും കഴിഞ്ഞില്ല ....

രാജേഷിന്റെയും ജയമ്മയുടെയും ഒറ്റ മോനാ കിരൺ വീടു പാലക്കാടാ .....

പെട്ടെന്നു പട്ടികളുടെയും ചെന്നായ്ക്കളുടെയും നീട്ടിയുള്ള ഓരിയിടൽ കേൾക്കാൻ തുടങ്ങി ...

മാളങ്ങൾ വിട്ട് ഓടുന്ന ജീവികൾ ചുറ്റും പേടിപ്പെടുത്തുന്ന ശബ്ദങ്ങൾ

മുങ്ങയുടെ മുളൽ മലയെ ഒന്നുകൂടി ഭയാനകമാക്കി ....

കോർട്ടേഴ്സിന്റെ ജനൽ പാളികൾകാറ്റിന്റെ ഹുങ്കാര ശംബ്ദത്തോടെ ആഞ്ഞടിക്കുന്നു

കർട്ടനുകൾ കാറ്റിന്റെ ശക്തിയിൽ ആടി ഉലയുന്നു ....

ജനലിൽ കൂടി പുറത്തേയ്ക്ക് നോക്കിയപ്പം ശാലിന സുന്ദരിയായ ഒരുയുവതി അവളുടെ അഭൗമസൗന്ദര്യത്തിൽ നിന്നും മിഴിയെടുക്കുവാനാകുന്നില്ല മുടിയിഴകൾ കാറ്റിൽ പറക്കുന്നു. ഈ പാതിരയ്ക്ക് ഈ തണുപ്പിൽ അതും തനിയെ ഒരു സ്വറ്ററും പോലും അവൾ ധരിച്ചിട്ടില്ല.വരികയാണ് എന്റെ അടുത്തേക്ക് . കണ്ണിൽ ഇരുട്ടു കയറുന്നതു പോലെ തോന്നി . കൈകാലുകൾ വിറയ്ക്കാൻ തുടങ്ങി കണ്ണുകൾ ഇറുകെ അടച്ചു ....

അട്ടഹാസ ചിരി കേട്ടു കണ്ണു തുറന്നു നോക്കിയപ്പം അവളുടെ മുഖം ചുവന്നുതുടുത്തിരിക്കുന്നു താമരഇതൾ പോലുള്ളകണ്ണുകൾ മഴവില്ലു പോലുള്ള പുരികം ഇടതൂർന്ന കാർക്കൂന്തൽ

അവളുടെ രൂപം കണ്ടു ഒന്നു ഒച്ച വെയ്ക്കണമെന്നു തോന്നി ശബ്ദം പുറത്തു വരുന്നില്ല...

മഴ വരവറിയിച്ച് അന്തരീക്ഷം കനത്തു ആകാശത്തു മിന്നലായി വൈദ്യുത സർപ്പം പുളഞ്ഞു കൊടുംകാറ്റിൽ വലിയ വൃക്ഷതലപ്പുകൾ ഇളകി മറിഞ്ഞു.

കോർട്ടേജിനരികിൽ പടർപ്പുകൾ ഞെരിഞ്ഞമരുന്ന ശബ്ദം . ഭയാനകമായ അന്തരീക്ഷം .....

അവളുടെ ചിരിയുടെ അട്ടഹാസം വീണ്ടും അന്തരീക്ഷത്തിൽ മുഴങ്ങുന്നു.

ധൈര്യം സംഭരിച്ചു ടോർച്ചുമായി പുറത്തിറങ്ങി മഴത്തുള്ളികൾ ഇലയിൽ നിന്നു ഇററിറ്റു വീഴുന്നു ടോർച്ചിന്റെ വെളിച്ചത്തിൽ മറെറാന്നും കാണാൻ കഴിഞ്ഞില്ല ... അകത്തേയ്ക്ക് വന്നു വാതിലടച്ചു.

പാദസരംകിലുങ്ങുന്ന ശബ്ദം വീണ്ടും ചിരിയുടെ അട്ടഹാസം ജനൽ പാളികൾ കാറ്റിൽ അടിച്ചു ശംബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു.....

അവൾ ജനലിനരികിൽ വന്നു വെറ്റില കറയുള്ള പല്ലുകൾ കാട്ടി  അലറി ചിരിച്ചു

ഒന്നേ നോക്കാൻ കഴിഞ്ഞുള്ളു രാവിലെ മുത്തു ചാമിയും ചിന്ന മണിയും വന്നു താഴെ കിടന്ന എന്റെ തോളിൽ തട്ടി വിളിച്ചു ഉണർത്തി ഭയത്തോടെ ചാടി എഴുന്നേറ്റു .

‘ ഇവിടെ പ്രേതമുണ്ട് എന്നു എന്താ നിങ്ങൾപറയാതിരുന്നത് .‘

‘സാർ ഇങ്കേ പേയ് ഒന്നുമേ ഇല്ല സാർ‘

‘ഇന്നലെ ഞാൻ കണ്ടതാരെയാണ് ‘....?

‘ അതു സർ മൂണു വർഷത്തക്ക് മുന്നാലെ ഇങ്കെ ഒരു സാർ തങ്കിയിരുന്തു . അന്ത സാറ്ക്ക് എല്ലാ വേലയും ശെയ്തു കൊടുത്തിരുന്തത്കാവേരി അപ്പയും അമ്മയും താൻ . അന്ത ഗണേശൻ സാറു കാവേരിയെ കല്യാണം പണ്ണറേൻ എന്നു സൊല്ലി കാതലിച്ചേൻ ആനഅന്ത സാറു ഊരുക്ക് പോയ് വേറെ പൊണ്ണേ

കല്യാണം കളിച്ചു എന്നു തെരിഞ്ചതും കാവേരി മനസ്സുക്കു റൊമ്പം കഷ്ടമാച്ച് അന്ത വാർത്തൈ .... -

അന്ത ആളു എന്നെ ഏമാത്തി എന്നു നെനച്ചതിലിരുന്ത് കവേരിക്കു പൈത്യയം പുടിച്ചു അന്നേയിലിരുന്തു അവൾ ഇപ്പടി താൻ‘അവർ പറഞ്ഞു കേട്ടതും തലേ ദിവസം ഉണ്ടായ അനുഭവങ്ങൾ ഓരോന്നുംഓർക്കുമ്പോൾ ഭയത്താൽ കാൽമുട്ടു വിറക്കുകയായിരുന്നു...... സുന്ദരിയായിവന്നവളെയും കാറ്റും കോളും എല്ലാംഞാൻ സ്വപ്നത്തിൽ കണ്ടതാണോ ? മൂർത്തി ജീപ്പുമായ് രാവിലെ എത്തി ജീപ്പിൽ പെട്ടിയെടുത്തു വച്ചു മുത്തുചാമിയോടു യാത്രപറഞ്ഞു പോകുന്ന വഴിക്ക് കോർട്ടേജിലേക്ക് തിരിഞ്ഞു നോക്കി രാത്രി നടന്ന സംഭവങ്ങൾ ഒരു തിരശീലയിൽ എന്ന പോൽ മിന്നിമറയുകയായിന്നു. ●